ശ്രീരാമവർമ്മഗ്രന്ഥാവലി

ബകവധം

പ്രബന്ധം.

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

ശ്രീരാമവൎമ്മഗ്രന്ഥാവലി

RAMA VARMA RESEARCH INSTITUTE.
TRICHUR. COCHIN STATE.
12 NOV 1936

ബ ക വ ധ ം

പ്രബന്ധം.

(ടിപ്പണീസഹിതം)

No. 1064
Ml. 38

കൊച്ചി

മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു

പ്രസിദ്ധപ്പെടുത്തുന്നതു്.

കോപ്പി ൫൦൦.

തൃശ്ശിവപേരൂർ മംഗളോദയം പ്രസ്സിൽ അച്ചടിച്ചതു്.

൧൧൧൧

പകൎപ്പവകാശം
കമ്മിററിക്കു മാത്രം.

വില അണ ൮.

പ്രസ്താവന.

കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽ നിന്നു പരിശോധിച്ചു ടിപ്പണിയോടുകൂടി തയ്യാറാക്കി വരുന്ന ഭാഷാചമ്പൂപ്രബന്ധങ്ങളിൽ 'ത്രിപുരദഹനം' ഇതിനിടയിൽ ഭാഷാപ്രണയികളുടെ മുമ്പിൽ അവതരിച്ചു കഴിഞ്ഞുവല്ലൊ. അതിനെത്തുടൎന്നുകൊണ്ടു് 'ബകവധം' ഇതാ അവരുടെ മുമ്പിൽ ആവിൎഭവിക്കുന്നു.

ശ്രീമഹാഭാരതത്തിൽ പ്രസിദ്ധമായ ബകവധം കഥ കേരളീയൎക്കു മിക്കപേൎക്കും സുപരിചിതമായിരിക്കും. കഥാഗതിയിൽ പ്രബന്ധകാരൻ ഭാരതത്തിൽനിന്നു പറയത്തക്ക വ്യത്യാസമൊന്നും വരുത്തീട്ടില്ല. എന്നാൽ, പ്രകൃതകഥയിൽ പെടാത്ത പല പൂൎവ്വകഥകളുടേയും വൎണ്ണനത്തിന്നു പ്രബന്ധത്തിൽ സ്ഥാനം നല്കീട്ടുണ്ടു്. അതിവിസ്തൃതമായ കുരുപാണ്ഡവകഥയിൽ ഒരു ചെറിയ അംശം മാത്രമാണല്ലൊ ബകവധം. മഹാഭാരതം ആദിപൎവ്വത്തിൽ പാണ്ഡവന്മാർ ഏകചക്രയിൽ പ്രവേശിക്കുന്നതോടുകൂടിയാണു് 'ബകവധപൎവ്വം' (156—164 അദ്ധ്യായങ്ങൾ) ആരംഭിക്കുന്നതു്. കോട്ടയത്തു തമ്പുരാന്റേയും കാൎത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലേയും ബകവധം ആട്ടക്കഥകളിൽ കഥ കുറെക്കൂടി ചുവടെ പിടിച്ചു് ആരംഭിച്ചിരിക്കുന്നു. ധൃതരാഷ്ട്രർ പാണ്ഡവന്മാരെ ഹസ്തിന

പുരത്തിൽനിന്നു വാരണാവതത്തിലേക്കു മാററിത്താമസിപ്പിക്കുന്നതു മുതൽക്കാണ് ആട്ടക്കഥകളിൽ കഥാരംഭം. അവയിൽ മഹാഭാരതത്തിലെ ജതുഗൃഹപർവ്വം (141—151 അദ്ധ്യായങ്ങൾ), ഹിഡിംബവധപർവ്വം (152—156 അദ്ധ്യായങ്ങൾ) എന്നിവകൂടി ഉൾപ്പെടുന്നു. ചമ്പൂകാരനാകട്ടെ, കുറെക്കൂടി പുറകോട്ടേക്കു പോയി ധൃതരാഷ്ട്രരുടേയും പാണ്ഡുവിൻേറയും ഉൽപത്തി മുതൽക്കുതന്നെ കഥ തുടങ്ങിയിരിക്കുന്നു. അതിനാൽ സംഭവപർവ്വത്തിലെ ഒരു വലിയ ഭാഗം (109—140 അദ്ധ്യായങ്ങൾ) ഇതിൽ അന്തർഭവിക്കുന്നുണ്ട്. ആട്ടക്കഥകളുടെ ആദിയിലുള്ള വാരണാവതപ്രവേശം മുതലായ കഥാഭാഗങ്ങൾ ചമ്പുവിൽ നേർപകുതി കഴിഞ്ഞതിന്നു ശേഷമേ തുടങ്ങുന്നുള്ളൂ. അതേവരെ ധൃതരാഷ്ട്രരുടേയും പാണ്ഡുവിൻേറയും ഉൽപത്തി, അവരുടെ വിവാഹം, പാണ്ഡുവിൻെറ രാജ്യഭാരം, ശാപപ്രാപ്തി, പാണ്ഡവോൽപത്തി, ധാർത്തരാഷ്ട്രോൽപത്തി, പാണ്ഡുവിൻെറ നായാട്ടും ചരമഗതിയും, കുരുപാണ്ഡവന്മാരുടെ വളർച്ച, കൌരവന്മാരുടെ വൈരോൽഗമം, അവർ ചെയ്ത ചതികൾ, അസ്ത്രാഭ്യാസം, ആയുധപരീക്ഷ, പാഞ്ചാലബന്ധനം മുതലായ പൂർവ്വകഥകളാണു വർണ്ണിച്ചിരിക്കുന്നതു്. ഇതിൻെറ കാരണമെന്തെന്നു മേൽ വെളിവാക്കാം.

ഈ പ്രബന്ധം ആരംഭിക്കുന്നതു്

"പൊൽപ്പൂവിൽപ്പെണ്ണനല്പാദരകുതുകമിളൽ-
പ്രേമസാരം മുളപ്പെ-
ട്ടപ്പോളപ്പോളണിപ്പോർമുലയിണയിലണ-
പ്പോരു ചിൽപ്രൌഢിമാനം

കെല്പേറും ദൈത്യദപ്പോദയപരമനിദാ-
ഘാംബുവാഹം ത്രിലോകീ-
ശില്പാകല്പം വികല്പൈരലമയി മനമേ!
പത്മനാഭം ഭജേഥാഃ"

എന്ന രസികരസായനമായ മംഗളാചരണത്തോടു കൂടിയാണ്. ഇതിലെ ശബ്ദങ്ങളുടെ കൊഴുപ്പും രചനയുടെ മുഴുപ്പും വശ്യവാക്കുകളായ ദുല്ലഭം ചില കവികൾക്കു മാത്രമേ കൈവരികയുള്ളൂ.

കുരുകുലരാജധാനിയായ ഹസ്തിനാപുരിയെ വർണ്ണിക്കുന്ന "യസ്യാശ്ച വിശാലതയാ" എന്നാദിയായ ഗദ്യം കവിക്കു സംസ്കൃതത്തിലും ഭാഷയിലുമുള്ള കവനകലാചാതുര്യത്തെ സവിശേഷം തെളിയിക്കുന്നുണ്ട്. ഇതിലെ സംസ്കൃതഭാഗം സാക്ഷാൽ ബാണഭട്ടന്റെ ഗദ്യരീതിയെ അനുകരിക്കുന്നു. ഭാഷാഭാഗമാകട്ടെ പ്രസന്നത, പ്രൌഢി, ഫലിതം മുതലായവകൊണ്ടു തുലോം ഹൃദയംഗമമായിരിക്കുന്നു. ഇതിലെ

"ചെറുമാ നോക്കിത്തട്ട വാൾമിടമ നടിച്ചു വൃഥാ
നടവാതേ ചവളക്കാരനവൻ ചതുരൻ പളകല്ല ഭയ
പ്പെട്ടമിടയിലിളക്കും പൊഴുതു പെടാത പിടിത്തമി
തച്ചോ വഴസാനവനോ നല്ല മിടുക്കൻ"

എന്ന വരികൾ "മാററലർ നാററം കേൾക്കിൽ നികാമം ചീററം പൂണ്ട" ഭടനിരയുടെ വചനമാണ്. ഇതു പണ്ടത്തെ പടനായന്മാരുടെ പടവാർത്തയുടെ ഒരു മാതൃകയായിരിക്കുമെന്നു തോന്നുന്നു. രാജധാനിയിലെ ദ്വാരപാലന്മാരുടെ വാക്കായ

"മാളവഭൂമിപ! നാളെ വരു നീ
നില്ല നീ വൈദഭ! ദിനാദ്ധ്യം
നിൽക്ക തുലുഷ്ക! പുറത്തുപുറത്ത-
ത്തൂക്കഴൽ തൊഴുതേ നിൽക്കേണ്ടു നീ
സാല്വ! ഭവാനോ ബാല്യമനേകം
നിത്യപുരസ്സരവൃത്തിക്കേശാ
തിഷ്ഠ കലിംഗ! പറഞ്ഞാൽ നാളെ-
ത്തിഷ്ഠതിയെന്നി വരുത്തുവനിഞ്ഞാൻ
നേരമറിഞ്ഞു പറഞ്ഞേ മാഗധ!
നീരാട്ടങ്ങു നരേന്ദ്രനിദാനീം"

എന്ന ഭാഗം കുഞ്ചൻനമ്പ്യാരുടെ തുള്ളലിലെ വരികൾ പോലെ തോന്നുന്നുണ്ട്. നമ്പ്യാർ ആ കവിതാപ്രസ്ഥാനത്തിന്നും ഫലിതത്തിന്നും ചമ്പൂപ്രബന്ധത്തോടു വളരെ കടപ്പെട്ടിട്ടുണ്ടെന്നുള്ളതു സർവ്വവിദിതമാണല്ലൊ.

ശാപാഭിഭൂതനായ പാണ്ഡു സന്താനലാഭോപായം ചിന്തിച്ചു സന്തപ്തനായി നെടുവീർപ്പിട്ടു പരിമ്ലാനമുഖനായിരിക്കുന്ന സമയത്തു

"കുന്തീ ചെന്നന്തികേ കുന്തളനിരയിൽ മറ-
ഞ്ഞെന്തരാ മന്ദഹാസ-
സ്യന്ദാലങ്കാരി പങ്കേരുഹരുചിവദനം
താഴ്ത്തിനിന്നേവമൂചേ."

എന്നു കുന്തീദേവിയുടെ നില്പിൻെറ ഒരു ചിത്രം കവി വരച്ചതിലെ തന്മയത്വം എത്ര ഹൃദ്യമായിരിക്കുന്നു!

പാണ്ഡുവിൻെറ അകാലചരമഗതിക്കു പൂർവ്വരൂതിയായ വാസന്തലക്ഷ്മിയുടെ വരവ്:—

"ദേവന്നുണ്ടിഹ സത്വരം പടപുറ-
പ്പാടെന്നു നിശ്ശങ്കിത-
വ്യാപാരാ പരിതസ്തദീയസചിവാ-
നാജ്ഞാപയന്തീ തദാ
കാർവണ്ടിൻനിരയായ വേത്രലധികാ-
മാദായ വന്നാളിളം-
താർബാണപ്രതിഹാരികേവ സഹസാ
വാസന്തലക്ഷ്മീഃ സ്വയം"

ഇതിലെ രൂപകോൽപ്രേക്ഷാലങ്കാരങ്ങൾ സമുചിതസന്നിവേശഭംഗികൊണ്ടു സവിശേഷമായ കാന്തിയെ ജനിപ്പിക്കുന്നുണ്ടു്. പരിചിതവസ്തുക്കളെക്കൊണ്ടു് അപരിചിതവസ്തുക്കളെ ഉപസ്കരിക്കുന്നതിലാണു അലങ്കാരത്തിൻെറ ഭംഗി സ്ഥിതിചെയ്യുന്നതു്. രാജാജ്ഞയറിയിക്കുവാൻ വേത്രധാരിണിയായ പ്രതീഹാരി സചിവസമീപത്തേക്കു ചെല്ലുന്നതു പരിചിതമായ ഒരു സംഗതിയാണു്. വാസന്തലക്ഷ്മിയിൽ ആ പ്രതീഹാരിയുടെ ധർമ്മസംഭാവന ചെയ്തതു രമണീയമായിട്ടുണ്ടു്.

വസന്താഗമം:—

"കന്ദളിതമന്ദപവനൈഃ
കളകണ്ഠീലളിതകളകളാകീർണ്ണൈഃ
കണ്ഠോക്തകാമവിഭവൈഃ
കമ്പിതപഥികൈസ്സമാഗതം ദിവസൈഃ"

ഇതിൽ സുലളിതപദവിന്യാസസുഭഗയായ കവിതാവനിതയുടെ ആഗമനപരിപാടി ഋതുരാജനായ വസന്തത്തിന്നനുരൂപമായവിധം അഭിജാതമായിരിക്കുന്നുവെന്നു സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല.

സതീധമ്മമനുസരിച്ച "ഭൂപാലവീരന്തിവനൊരു തു ണയായ്ക്കൊണ്ടു" പരലോകത്തേക്ക പോകാനുറച്ച മാദ്രി തന്റെ പ്രിയകുമാരന്മാരെ ജ്യേഷ്ഠത്തിയുടെ കയ്യിൽ അ ൎപ്പിച്ച പറയുന്നതാവിതു:—

"ആൎയ്യേ! നിന്നോടു ഞാൻചെയ്തഖിലപിഴകളെ-
ല്ലാം മറന്നിക്കുമാരെ
തായോടെന്നോടു വേർപെട്ടുപഗതകരുണെ
വീതവീതാവലംബെ
മായാപേതം തടിയാനിവ മഹതി! സുതാ-
നോമലിക്കേണമേ നീ
നീയേ കേള്ളച്ചനാകുന്നതുമനിശമിവ-
ൎക്കമ്മയാകുന്നതും നീ"

ഈ വാക്ക "നിന്ന ലോകക്കടനകമലിയുംമാറു"ള്ളതുത ന്നെയാണു്.

ദ്രോണാചാൎയ്യരും ദ്രുപദരാജാവും തമ്മിലുള്ള വൈ രത്തിന്റെ കാരണവും മററും കവി ഒരു രമണീയമായ ദണ്ഡകംകൊണ്ടു സാധിച്ചിരിക്കുന്നു.

"അപവാദമോൎക്കിലിതു ചിരിയാംസൃഗാലശിശു
മദകുഞ്ജരന്നു സഖിയാമോ?
അപഹസനമപരനുപചെവികളിലിതിയലുമള-
വപസരതു കുമതിരയമെന്നാൻ"

ഇത്യാദി ഭാഗങ്ങൾക്കുള്ള ആസ്വാദ്യത അന്യാദൃശമായി തോന്നുന്നു. അസ്ത്രപരീക്ഷാരംഗത്തിലേക്ക കൎണ്ണൻ ചെല്ലു ന്നതു എത്ര മനോഹരമായി കവി വൎണ്ണിച്ചിരിക്കുന്നു എന്നു നോക്കുക.

"സാടോപം വായുശൈലദ്വിരദഹരിതമഃ-
സൂൎയ്യവഹ്ന്യംബുദാദ്രൈ-
രൂഢാഭോഗം മഹാസ്ത്രൈസ്സദസി ലഘുതരം
വ്യാപരിക്കുംദശായാം
ഗാഢാകൃഷ്ടം ശരാസം ഝടിതി മുഖരയൻ
സിംഹനാദാതിഭീമം
പ്രൌഢാത്മാ രംഗഭൂമിം പ്രസഭമഭിയയൌ
താപനിസ്സാഭിമാനം"

എന്തൊരോജസ്സ്! എന്തൊരു ദീപ്തി!!

ഭീമസേനൻ ബകനോടു

"പണ്ടേതുടൎന്ന ജനതാനിധനായ പാൎമേൽ
മണ്ടീടുവാനരനിമേഷമയപ്പനോ ഞാൻ"

എന്നു പറഞ്ഞതിന്നു ബകന്റെ സോൽപ്രാസവചനം:-

"ധിക്കഷ്ടം കാലശക്തിപ്രചുരിമ ചിരിയാ-
മോൎത്താലും കൌണപാനാ-
മൊക്കസ്സും കല്പിതം പണ്ടിതു സകലജഗൽ-
ഖാദനം ജാതിധൎമ്മം
ഇക്കാലം പാഴ്മനുഷ്യപ്പുഴുവിതൊരനുവാ-
ദം പുലമ്പീടിലേപോ-
ലക്കാൎയ്യം നിൎവ്വഹിപ്പൂ ചപലമിതു കുല-
ദ്വേഷിപോൽ നൈരൃതാനാം"

ഇതിൽ ഉൽക്കടമായി പ്രകാശിക്കുന്ന ഹാസ്യം രാക്ഷസ സ്വഭാവാനുഗുണ്യത്താൽ ഉദ്ധതമായിരിക്കുന്നു.

ഭീമൻ ബകനെ കൊല്ലുമെന്നു പറഞ്ഞതിന്നു സമാധാനം:—

"ചാവാൻ നമുക്കു വിധി ചേര കടിച്ചുപോലി-
പ്പേവാത്ത മാററുവനണഞ്ഞതധുനൈവ വേഗാൽ"

ഇതിലെ ഹാസ്യവും വക്തൃസ്വഭാവാപേക്ഷയാൽ അനഭിജാതമായിത്തന്നെയിരിക്കുന്നു. ശൃംഗാരാദികളായ എല്ലാ രസങ്ങൾക്കും ആലംബനഭേദത്താൽ ഉത്തമമദ്ധ്യമാധമതകൾ വരുന്നതാണ്.

ബകനും ഭീമസേനനും തമ്മിലുള്ള യുദ്ധം വർണ്ണിക്കുന്ന ഗദ്യവും വളരെ വിശിഷ്ടമായിട്ടുണ്ട്.

"മുഷ്ടേറീടിനപവനജബകകൃത-
കടുരണകലവികൾ പറയാവോന്നോ?
മുക്താശങ്കമിതുരുതരശിലകളു-
മുടൽപൊടിപെടമുഹുരുടനേകുന്നു.
മുക്കിച്ചോരയിലുടലതുമുഴവനു-
മുപചിതരഭസമിതിടചാടുന്നു;
മുഖ്യാഡംബരമിടിരവപടുതര-
മുടനുടനിരുവരുമലറീടുന്നു"

അത്യന്തം അനുഗൃഹീതനായ ഒരു കവിമൂർദ്ധന്യനിൽനിന്നല്ലാതെ അനർഗ്ഗളമായ ഇത്തരം ശബ്ദപ്രവാഹം ഒരിക്കലും ഉണ്ടാകുന്നതല്ല.

ഇനി ഈ ഗ്രന്ഥത്തിൽ ഇന്നത്തെ വിമർശകദൃഷ്ടിക്കു വിഷയീഭവിക്കുന്ന ഒരു വൈകല്യത്തെപ്പററി സ്വല്പം പ്രസ്താവിക്കാം. അതു ഭാഷാചമ്പുക്കളിൽ സാധാരണമായും, ബകവധത്തിൽ പ്രത്യേകമായും കാണുന്ന ഇതരഗ്രന്ഥപദ്യങ്ങളെക്കൊണ്ടുള്ള ഊട്ടുവലിക്കലാകുന്നു. ബകവധചമ്പു ഭാഷാഭാരതചമ്പുവിൻെറ ഒരു ഭാഗമാണെന്നു് ഉപരി ഉ

പപാദിക്കാം. ഭാഷാഭാരതചമ്പുവിന് ആസ്പദമായ പ്രധാനസംസ്കൃതകാവ്യം ക്രി. പി. പതിന്നാലാം ശതകത്തിന്റെ ആരംഭത്തിൽ കാകതീയമഹാരാജാവായ പ്രതാപരുദ്രന്റെ ആസ്ഥാനപണ്ഡിതനായി ഏകശിലാനഗരത്തെ അലങ്കരിച്ചിരുന്ന അഗസ്ത്യഭട്ടമഹാകവിയുടെ ബാലഭാരതമാകുന്നു. അദ്ദേഹം വിദ്യാനാഥനെന്ന ബിരുദനാമത്താൽ സുവിദിതനും പ്രതാപരുദ്രയശോഭൂഷണമെന്ന അലങ്കാരഗ്രന്ഥത്തിന്റെ പ്രണേതാവുമാണെന്നു ചില പണ്ഡിതന്മാർ ഊഹിക്കുന്നു. ബകവധത്തിൽ രഥോദ്ധതാവൃത്തത്തിൽ കാണുന്ന സകല സംസ്കൃതശ്ലോകങ്ങളും ബാലഭാരതം മൂന്നും നാലും സർഗ്ഗങ്ങളിൽനിന്ന് ഉദ്ധരിച്ചിട്ടുള്ളവയാണ്. ഇതറിയാഞ്ഞാൽ

"ഭാര്യയാ സഹകുമാരയാനപിതോ
വിക്രമാനുഗതയേവ വിദ്യയാ
സൽകൃതോ വിധിവദാപഗാസുതം
കുംഭയോനിരിദമാഹ സംസദി"
"പുത്ര ഏഷ കുലതന്തുരന്യ ചേൽ
ഭർത്തുരാപദനയാപ്യഹം ഗതാ;
ഭാഗധേയവിരഹേണ നഃ ക്രമാദ്-
ഭാഗദേയദിവസോയമാഗതഃ"

ഇത്യാദി പദ്യങ്ങളുടെ കർത്തൃത്വം ചമ്പൂകാരനിൽ ആരോപിക്കുന്നതിനും തന്നിമിത്തം താൻ അർഹിക്കാത്ത യശസ്സ് അദ്ദേഹത്തിനു ലഭിക്കുന്നതിനും ഇട വരുന്നതാണ്. രണ്ടാമത്തെ പദ്യംതന്നെ മൂലത്തിൽ കാണുന്ന പ്രകാരത്തിലല്ല മുഴുവൻ പകർത്തിയിരിക്കുന്നതു്. മൂലത്തിൽ

"തേന വേതനമിദം ദിജാസ്പദം
രക്ഷസാ ഭുജബലേന ലഭ്യതേ;
ഭാഗധേയവിരഹേണ നഃ ക്രമാദ -
ഭാഗദേയദിവസോയമാഗതഃ.
പുത്രകസ്തു കുലതന്തുരേഷ മേ;
കന്യകാ യദി പരസ്വമുച്യതേ;
ഭർത്തുരസ്യ വിഷഹേ ന വിപ്ലവം
മാമയഞ്ച ന ദദാതി മൃത്യവേ"

ഇങ്ങനെ രണ്ടു പദ്യങ്ങൾ ഉണ്ട്. "ഈ മകൻ എൻെറ കുലതന്തുവാകുന്നു; ഈ കന്യക പരസ്വവുമാണ്. എൻെറ ഈ ഭർത്താവിൻെറ മരണം ഞാൻ സഹിക്കുന്നതല്ല; എന്നെ മൃത്യുവിനു നല്കുവാൻ അത് ഇദ്ദേഹം കേൾക്കുന്നുമില്ല" എന്ന വാക്യത്തിൻെറ സംക്ഷേപമാണ് "ഈ പുത്രൻ കുലതന്തുവാകുന്നു. ഈ എൻെറ ഭർത്താവിന് ആപത്തു വന്നാൽ തന്നിമിത്തമായിത്തന്നെ ഞാനും മൃതയാകുന്നതാണ്" എന്ന അർത്ഥത്തിൽ ചമ്പുവിൽ കാണുന്നത്.

ബാലഭാരതശ്ലോകങ്ങളിലെ ആശയങ്ങൾ അതേപടി എടുത്ത് ഇതരവൃത്തങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ള ചമ്പൂശ്ലോകങ്ങളുമില്ലെന്നില്ല. ഈ വസ്തുത താഴെ കാണിക്കുന്ന ഉദാഹരണങ്ങളിൽനിന്നു വെളിവാകുന്നതാണ്:—

1. ബാലഭാരതം.

ഭൂതലൈകതിലകേന ജിഷ്ണുനാ
മാതരിശ്വതനയാനുജന്മനാ
കൃഷ്യതേ സ്മ ഗുണവച്ഛരാസനം
ചിത്തമസ്യ ച ഗുരോരഹർന്നിശം

ബകവധചമ്പു.

പൃഥക് പൃഥഗ്വിദധതി ശിക്ഷണം ഗുരൌ
ധനുഷ്മതാം തദനു നൃപാത്മജന്മനാം
വികൃഷ്യതേ നിഹിതഗുണം ശരാസനം
കിരീടിനാ മുഹുരപി മാനസം ഗുരോഃ.

2. ബാലഭാരതം.

കൌണപേ തു നിഹതേ മയാ തതോ
നൈവ ഭോക്തുമുചിതം ശവസ്പൃശാ
വീതഭീരിതി വിചിന്ത്യ തദ്ബലം
ഭോക്തുമാരഭത മാരുതാത്മജഃ.

ബകവധചമ്പു.

ഹതാമിഷാശമമുമദ്യ ശവസ്പൃശോ മേ
യുക്തം ന ഭോക്തുമശുചേരിദമന്നജാതം;
ഇത്ഥം പ്രകല്പ്യ ബഹുശോ വിഹിതാട്ടഹാസോ
ഭുക്തിം ഹിഡിംബരിപുരാഗളമാതതാന.

ചമ്പൂകാരൻ അഗസ്ത്യഭട്ടനെപ്പോലെ സംസ്കൃതശ്ലോകങ്ങളിൽ തന്നെയാണു പ്രസ്തുതങ്ങളായ ആശയങ്ങൾ നിബന്ധിച്ചിരിക്കുന്നതു്.

“പാടീടും കളഹംസഭൃംഗപടലീ-
രമ്യേ ലതാമണ്ഡപേ
ക്രീഡാരംഗതലേ മിളൽപരിമളം-
പെയ്തുല്ലസന്മാരുതേ

വാടീടാത നവീനപുഷ്പശയനേ
　　താനേ ശയാനം നൃപ-
പ്രൌഢം തന്വി രതിശ്രമാർത്തമിവ ക-
　　ണ്ടാൾ മീലിതാലോകനം.”

എന്ന ചമ്പുവിലെ ഭാഷാശ്ലോകവും ബാലഭാരതം രണ്ടാം സർഗ്ഗത്തിലുള്ള

“സുഖേന പാണ്ഡുസ്സുരതാന്തജന്മനാ
പരാസുഭാവേന ച മീലിതേക്ഷണഃ
പ്രസൂനതല്പേ നിപപാത തൽക്ഷണം
പൃഷൽകശയ്യാസദൃശേ മനോഭുവഃ”

എന്ന ശ്ലോകത്തിന്റെ പ്രതിച്ഛായയാണ്.

ബാലഭാരതത്തിൽ ബകനാണു ഭീമസേനനോട്

“അസ്തശങ്കമഖിലസ്മയാപടോ!
ഭുജ്യതാം ബലി, രയം ക്വ ഗച്ഛതി?
ന്യസ്യതേ ജഠര ഏവ താവകേ
ത്വാം ഗ്രസാമി സഹ തേന നന്വഹം”

എന്നു പറയുന്നത്. അതു സമഞ്ജസമായുമിരിക്കുന്നു. ചമ്പൂകാരനാകട്ടെ ഭീമസേനനെക്കൊണ്ട്

“പ്രത്യൂചേ ഭോജനാന്തേ കുരുകുലതിലകൻ
　　തിഷ്ഠരേ രേ! ദുരാത്മൻ!
പുത്രം വായോർഹിഡിംബപ്രമഥനമയി മാം
　　ക്ഷേത്രജം വിദ്ധി പാണ്ഡോഃ;
ഭക്തം ഭക്ഷിച്ചൊടുക്കുന്നടവിതു തവ ന-
　　ന്നൊട്ടു ഖേദം കുറഞ്ഞൂ

സത്യം; പെട്ടെന്നു മാം ഖാദയ നിശിചര! നീ
ഭുക്തസർവ്വാന്നജാതം.”

എന്നു പറയുന്നതിന് അത്രമാത്രം സ്വാരസ്യമില്ലെന്നാകു ന്നു എൻെറ പക്ഷം.

വേറെ ചില ഗ്രന്ഥങ്ങളേയും കവി ഉപജീവിക്കാ തെ വിട്ടിട്ടില്ല. “തതോ നിഭൃതേതരഭ്രമണപരഭൃതവ്രാത” ഇത്യാദി ഗദ്യം ഭോജചമ്പു കിഷ്കിന്ധാകാണ്ഡത്തിൽനിന്നു ധരിച്ചിട്ടുള്ളതാണ്. പക്ഷെ ഇത്തരത്തിലുള്ള പരസ്വാദാ നം ഒരു ദോഷമായി കേരളത്തിലെ ചമ്പൂകാരന്മാർ കരു തിയിരുന്നില്ല. മേല്പത്തൂർ ഭട്ടതിരിപോലും, ഇതൊരപ രാധമാണെങ്കിൽ, വലിയ അപരാധിയായിരുന്നു എന്നു പറയുമ്പോൾ എൻെറ അഭ്യൂഹത്തിന് ഉപപാദനം ആ വശ്യമില്ലല്ലൊ. “കട്ടുനേടിയ യശസ്സ്” ആ കവിപുംഗവ ന്മാരിൽ ആൎക്കും തന്നെ ആവശ്യമില്ലായിരുന്നു. അക്കാല ത്തെ നടപ്പനുസരിച്ചു അവർ അങ്ങനെ ചില പദ്യങ്ങൾ ഉദ്ധരിച്ചു എന്നേ നാം ധരിക്കേണ്ടതുള്ളൂ.

ഇതുകൂടാതെ സംസ്കൃതത്തിൽ കേരളീയരുടെ വക യായി ഒരു ബകവധചമ്പുകൂടിയുണ്ട്. അതു കോച്ചാമ്പി ള്ളി മഠത്തിൽ രാമൻനമ്പ്യാർ അവർകൾ മലയാള ലി പിയിൽ മുദ്രണംചെയ്തിട്ടുമുണ്ട്.

“ദേവവ്രതാദ്യൈരുപലാളപ്യമാനാ
ദേവോപമാസ്തേ നരദേവപുത്രാഃ
സുയോധനാദ്യൈസ്സഹജൈസ്സമേതാ-
സ്സുഖേന തൽപത്തനമധ്യവാത്സുഃ”

എന്ന ശ്ലോകംകൊണ്ടാണ് ആ ചമ്പു ആരംഭിക്കുന്നതു്.

അതിൽ താഴെ ഉദ്ധരിക്കുന്ന ഭാഷാശ്ലോകവും കാണ്മാനുണ്ട്.

"അസ്താമാത്തപ്രലാപം ചെറുതുമുടൽ വിറ-
ച്ചീല; ബാഷ്പാംബുപൂരം
വാൎത്തീലൊട്ടും; വിയത്തീലണിവദന,മതേ
നല്ലൊരുല്ലാസശാലീ
ഓൎത്താലാശ്ചൎയ്യമത്രേ പുനരിവനെതിരാ-
രെന്നിവണ്ണം ദ്വിജാനാം
സാൎദ്ധേ സംശ്ലാഘമാനേ സപദി സ നിരയാ-
ദൌരസോ മാരുതസ്യ."

ഈ ശ്ലോകം ഭാഷാചമ്പുവിൽ ഇല്ല. പ്രസ്തുതഗ്രന്ഥത്തിന്റെ നിൎമ്മാതാവു മേല്പുത്തൂരെന്നാണ വെച്ചിരിക്കുന്നതു്. അതു ശരിയാണെങ്കിലും അല്ലെങ്കിലും

"ഉച്ചണ്ഡോൽക്ഷിപ്തബാഹാപരിഘനഖമുഖോൽ-
പാടിതാൎദ്രോദരോദ്യ-
ദ്വിദ്യുദ്വിദ്യോതിതാഭ്രപ്രകടനരകരോ-
ടീകരാളാതിഭീമഃ
ബംഹിഷ്ഠാംഹസ്സമൂഹോ വിദധദിവ വപുഃ
കാളികാകാരമാരാൽ
കോപാദ്വിസ്ഫാരിതാക്ഷിസ്ഫുരദനലകണൈഃ
കണ്ഠീരഃ കണ്ഠരേശഃ."

മുതലായി ഭട്ടതിരിയുടെ തൂലികയിൽനിന്നു വിനിൎഗ്ഗമിക്കുവാൻ പാടില്ലാശ്ശയില്ലാത്ത ചില വിശിഷ്ടപദ്യങ്ങളും ഈ ഗ്രന്ഥത്തിൽ അടങ്ങീട്ടുണ്ടു്.

"രുധിരം പാതുകാമേന
തേന ചോ ഹന്തമീരിതാ;
അധരം പാതുകാമാഹ-
മസ്മി തേ രൂപസമ്പദാ"

"അഥ കിം ബ്രവീമി പരിപാകമംഹസാ-
മതിഭീഷണോ ബക ഇതി ക്ഷപാചരഃ
സ്വസുരാദരാൽ സ്വയമിവാഗതോ യമോ
യമുനാവനാന്തമവലംബ്യ വർത്തതേ"

മുതലായി അനന്തഭട്ടൻെറ ഭാരതചമ്പുവിലുള്ള അനവധി ശ്ലോകങ്ങൾ ഈ കൃതിയിൽ ഉദ്ധരിച്ചുകാണുന്നു; ബകവധചമ്പൂകാരൻ അനന്തഭട്ടനെ ഉപജീവിച്ചിട്ടില്ല. അനന്തഭട്ടൻ ക്രി. പി. പതിനാറാം ശതകത്തിലാണ ജീവിച്ചിരുന്നതു്.

പ്രാസംഗികമായി ഇതുവരെ പലരും അറിവാൻ ഇട വന്നിട്ടില്ലാത്ത മറെറാരു ഭാരതകാവ്യത്തെക്കൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പ്രതിജ്ഞായൌഗന്ധരായണം മൂന്നാമങ്കം ചാക്യാന്മാർ അഭിനയിക്കുമ്പോൾ ഉന്മത്തകൻ "കേ കേ മം വജ്ഝന്തി" (കേ കേ മാം ബാധന്തേ— അഥവാ വഹന്തി?) എന്നു ചോദിച്ചുകഴിഞ്ഞാൽ ചാക്യാർ താഴെ കാണുന്ന സംസ്കൃതശ്ലോകങ്ങൾ ചൊല്ലി അവയ്ക്കു വിസ്തരിച്ചു് അർത്ഥം പറയണമെന്നു വിധിയുണ്ടു്.

"ത്രിലോകീശശ്ശാർങ്ഗീ ശബരവരലക്ഷ്യത്വമഗമ-
ദ്വിധാതാ ധാതൄണാമലഭത ശിരഃകൃന്തനമപി
പ്രയാതൌ ഗങ്ഗാച്ഛേദ്ദിനകരശശാങ്കൌ കബളതാം
പ്രളന്നഗശ്ശുംഭഃ; ശിരസി ലിഖിതം ലംഘയതി കഃ"

"കൃഷ്ണാ യേന ഹൃതാ മുകുന്ദസഹജാ
ചാശാ ജിതാപ്യുത്തരാ
ദത്തം ഖാണ്ഡവമഗ്നയേ; വലഭിദോ
വൃഷ്ടിന്നിരുദ്ധാ ശരൈഃ;
കോദണ്ഡാഗ്രനിപീഡിതഃ പശുപതിഃ;
സോയം കിരീടീ ജിതോ
വ്യാധൈ,രേദ്ദ്രഹഭൃതാം വിപൽസുനിയതാ;
വാമാ വിധേർവൃത്തയഃ"

"കൃഷ്ണായേന ഹൃതാ ഇത്യസ്യ
പഞ്ചഭിഃ പത്രിഭിർവിദ്ധാ
പത്രിലക്ഷമനുത്തമം
കർണ്ണാന്തകൃഷ്ടൈർവിദ്രാവ്യ
കർണ്ണാദീൻ യേന സാ ഹൃതാ"

എന്നു രണ്ടാമത്തെ ശ്ലോകത്തിൻെറ അൎത്ഥം വൎണ്ണിക്കുവാൻ പാഞ്ചാലീസ്വയംവരം ആരംഭിക്കണം. താഴെ ഉദ്ധരിക്കുന്നവ അ ഘട്ടത്തിലെ ചില പദ്യങ്ങളാകുന്നു.

"അഥ ജതുഗൃഹദാഹേ പ്രച്യുതാ ദൈവശക്ത്യാ
ശമിതവതി ഹിഡിംബം യാതുധാനം ബകം ച
ബലിനിയമനികേതം പാവനൌ പാണ്ഡുപുത്രാ
മുദിതമുഖജചക്രാമേകചക്രാമനൂഷുഃ

*　　　*　　　*

മഹീപതേസ്തസ്യ ച മാരവീര-
സാമ്രാജ്യസർവ്വസ്വവിഹാരസീമാ

വിലാസകല്ലോലിതകാന്തിപൂര-
കല്ലോലിനീ കാചന കന്യകാസീൽ.

*   *   *

ബീജാങ്കുരോ മന്മഥവിക്രമാണാം
മഹോത്സവോ ലോകവിലോകനാനാം
ഇന്ദോദയോ വിക്രമപങ്കജാനാം
തസ്യാ ബഭൌ കശ്ചന കാന്തിഭ്രമാ.
കാളാംബുദശ്രീഃ കബരീഭരോസ്യാ
മമാർജ്ജ ജംഘാം മദിരേക്ഷണായാഃ
ശനൈശ്ശനൈഃ സ്മേരമുഖഃ സ്മരോപി
കോദണ്ഡമൌർവ്വീം കരപല്ലവേന.
കടാക്ഷവിക്ഷേപണതാലവൃന്തൈഃ
സംഭാവ്യമാനഃ സ്മിതചാമരൈശ്ച
മനോഭവസ്തൽപദനാരവിന്ദ-
സാമ്രാജ്യസിംഹാസനമാരുരോഹ.

*   *   *

കുലാലഭവനേ തതഃ കുരുകുലാവതംസാഃ കൃചി-
ന്നിധായ നിജമാതരം ദ്രുപദഭാവിജാമാതരം
സനാഥമവനീഭുജാം കനകമഞ്ചഭാജാം ശനൈഃ
സ്വയംവരഗൃഹം മഹൽ സ്വനിതശംഖതൂര്യംയയുഃ.

മഞ്ചാധിരൂഢേഷു മഹീസുരേഷു
ഹൃദ്യേഷു വാദ്യേഷ്വഭിതാഡിതേഷു
പാഞ്ചാലകന്യാ സഹിതാ സഖീഭിഃ
പ്രാപ്താ സഭാമംഗലദേവതേവ.

കേളീശുകം കഞ്ചന പഞ്ചവൎണ്ണ-
മാളീധൃതം പക്ഷപുടേ സ്പൃശന്തീ
പാണ്ഡോസ്സുതാഃ പഞ്ച വരാ മമേതി
രാജന്യലോകായ നിവേദയന്തീ"

'കലാലഭവനേ' ഇത്യാദി പദ്യം ബാലഭാരതത്തിലുള്ളതാണ്. 'കേളീശുകം' എന്ന പദം രണ്ടാംപാദത്തിലും 'ആളീധൃതം' എന്നതു് ഒന്നാംപാദത്തിലും പ്രയോഗിച്ച് ഒടുവിൽ ഉദ്ധരിച്ച പദ്യം ഭാഷാഭാരതചമ്പുവിൽ പകൎത്തിക്കാണുന്നു. ഉപജാതിവൃത്തത്തിൽ ഉദ്ധൃതങ്ങളായ അനേകം പദ്യങ്ങളുടെ കൂട്ടത്തിൽ ഇതു സ്ഥലം പിടിച്ചിരിക്കുന്നതുകൊണ്ടും ഭാഷാചമ്പുക്കളിൽനിന്നു ശ്ലോകങ്ങൾ സംസ്കൃതകാവ്യങ്ങളിൽ എടുത്തുചേൎക്കുന്നതു സമ്പ്രദായവിരുദ്ധമായതുകൊണ്ടും 'കേളീശുകം' ഇത്യാദിപദ്യത്തിന്റെ പിതൃത്വം മറ്റൊരു കവിയിൽ സന്നിവേശിപ്പിക്കേണ്ടിയിരിക്കുന്നു. അതാരെന്നു് അറിയുന്നില്ല; ഒരു കേരളീയനെന്നു മാത്രം ഊഹിക്കാവുന്നതാണ്.

ഇനി ഈ ചമ്പുവിന്റെ പ്രണേതൃത്വത്തെക്കുറിച്ചു വല്ലതും അറിവാൻ വഴിയുണ്ടോ എന്നു നോക്കാം. ഈ ചമ്പുവിന്റെ ആദിയിലുള്ള കുറെ ശ്ലോകങ്ങൾ കവനോദയപ്രവൎത്തകന്മാർ പ്രസിദ്ധപ്പെടുത്തിയ ഭാരതചമ്പുവിലെ പാഞ്ചാലീസ്വയംവരത്തിൽ കാണുന്നുണ്ട്. "വീരശ്രീതാൻ കളിക്കും" (പദ്യം ൪), "തസ്മിന്നിന്ദ്രപുരോപമേ" (പ: ൩), "ആദ്യസ്തത്ര തയോഃ" (പ: ൬), "കാലേ കല്യാണശീലാം" (പ: ൮), "തസ്മിൻ കാലേ കദാചിൽ" (പ: ൯), "സന്താനപ്രാപ്ത്യുപായം" (പ: ൧൦), "കുട്ട്യപ്പന്നേൻ

കുരുവംശദീപ" (പ: ൧൧), "ഏവം കേട്ടത്യുദാരം" (പ: ൧൨), "ഇത്ഥം ഭര്‍ത്തുന്നിയോഗാല്‍" (പ: ൧൩), "ആപ്തമന്ത്രബലം" (പ: ൧൪), "അഗ്രേ തത്ര യുധിഷ്ഠിരന്‍" (പ: ൧൫), "ഉദ്രിക്താന്‍ കളഭങ്ങളെ" (പ: ൧൬), "ചൊല്ലേറുന്നാത്മപുത്രൈഃ" (പ: ൩൫) എന്നിത്രയും പദ്യങ്ങളാണ് പാഞ്ചാലീസ്വയംവരത്തില്‍ കാണുന്നത്. ബകവധത്തിലുള്ള "തദനു നിരന്തരമൊക്കത്തക്കേ" എന്നു തുടങ്ങുന്ന ഗദ്യവും (ഗദ്യം: ൩.) ചിലേടത്തു വ്യത്യാസം കൂടാതെയും ചിലേടത്തു വ്യത്യാസത്തോടുകൂടിയും പാഞ്ചാലീസ്വയംവരത്തില്‍ കാണുന്നുണ്ട്.

സൂക്ഷ്മമായുള്ള പരിശോധനയില്‍ ഈടുവയ്പുഗ്രന്ഥശാലയിലെ ഗ്രന്ഥത്തിലുള്ള ബകവധം, ദ്രൌപദീസ്വയംവരം ഈ രണ്ടു പ്രബന്ധങ്ങളെയും സങ്കലനംചെയ്തു സംക്ഷിപ്തമാക്കിയ ഒരു പ്രബന്ധമാണ കവനോദയക്കാരുടെ പാഞ്ചാലീസ്വയംവരം എന്നു വിശദമാകുന്നുണ്ട്. ഭാഷാഭാരതചമ്പു ൧൪ പ്രബന്ധങ്ങൾ അടങ്ങിയതും അവയെല്ലാം ഒരേ കവിയുടെ കൃതിയുമാണെന്നുള്ളതിന് അതില്‍ തന്നെ ലക്ഷ്യമുണ്ട്. കിരാതം പ്രബന്ധത്തിന്റെ അവസാനത്തില്‍

"ചതുര്‍ദ്ദശകഥാബന്ധം
കൃഷ്ണവീര്യാവതംസകം
വക്ഷ്യാമി ഭാരതാസാരം
ഗുരുപാദപ്രസാദതഃ

ദൈത്യം ഹത്വാ ബകാഖ്യം ദ്രുപദദുഹിതൃകാ-
ന്താസ്സുഭദ്രാസമേതാ

ഹുത്വാഗ്നൌ ഖാണ്ഡവം വിശ്രുതയജനകൃതോ
ദ്വൈതകാന്താരവാസാഃ
ലബ്ധാസ്ത്രാശ്ശങ്കരാൽ കീചകനിധനകൃതഃ
സോദ്യമാഃ കൃഷ്ണദൂതാഃ
പിഷ്ട്വാജൌ സിന്ധുരാജം ക്ഷപിതകുരുബലാ-
സ്സാശ്വമേധാ വിമുക്താഃ"

എന്നിങ്ങനെ രണ്ടു ശ്ലോകങ്ങൾ കാണുന്നു. ആദ്യത്തെ ശ്ലോകത്തിൽ സൂചിപ്പിച്ച കഥകൾ എതെല്ലാമെന്നു രണ്ടാമത്തെ ശ്ലോകത്തിൽനിന്ന് ഏറെക്കുറെ വ്യക്തമാകുന്നു. (1) ബകവധം, (2) ദ്രൌപദീസ്വയംവരം, (3) സുഭദ്രാഹരണം, (4) ഖാണ്ഡവദാഹം, (5) രാജസൂയം, (6) വനവാസം, (7) കിരാതം, (8) കീചകവധം, (9) ഉദ്യോഗം, (10) ദൂതവാക്യം, (11) ജയദ്രഥവധം, (12) സുയോധനവധം, (13) അശ്വമേധം, (14) സ്വർഗ്ഗാരോഹണം ഇവയായിരിക്കണം ആ കഥകൾ. കവനോദയക്കാരുടെ സംക്ഷിപ്തമായ ഭാരതചമ്പു പത്തു ഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു. അവ (1) പാഞ്ചാലീസ്വയംവരം, (2) ഖാണ്ഡവദാഹം, (3) കിരാതം, (4) കീചകവധം, (5) ഗോഗ്രഹണം, (6) ഉദ്യോഗം, (7) ദൂതവാക്യം, (8) ജയദ്രഥവധം, (9) ഭാരതയുദ്ധം (സുയോധനവധം), (10) അശ്വമേധം ഇവയാണ്. ബാക്കിയുള്ള ഭാഗങ്ങൾ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കവനോദയക്കാർക്ക് അയച്ചുകൊടുത്ത ഗ്രന്ഥത്തിൽ ഇല്ലായിരുന്നു എന്നുവെച്ച് അവയുടെ അഭാവത്തിൽ നാം വിശ്വസിക്കേണ്ടതില്ല. കിരാതംതന്നെ കവനോദയക്കാരുടെ പതിപ്പിൽ ഒരു ഭാഗമായിട്ടേയുള്ളു. എന്നാൽ ഈടുവെപ്പു ഗ്രന്ഥശാല

യിലെ പുസ്തകത്തിൽ അതിൽ രണ്ടു ഭാഗങ്ങൾ അടങ്ങി യിരിക്കുന്നു.

"കൈലാസയാത്രാ പ്രഥമാ കിരാതാ-
ർജ്ജുനീയമന്യാ ദ്വിവിധാഭിധേതി
ഭൂഷായതാം സൂരിഹൃദീന്ദ്രസൂനോ-
രേഷാ ചരിത്രസ്തുതിരത്നമാലാ"

എന്ന ശ്ലോകം ഒന്നാംഭാഗത്തിൻെറ അവസാനത്തിൽ കാണുന്നതുമുണ്ട്. അതിൽ കൈലാസയാത്രയെന്നും കിരാതാർജ്ജുനീയമെന്നുമാണ് ഈ ഭാഗങ്ങൾക്കു പേരെന്നു വരുന്നു. കൈലാസയാത്രയെപ്പററി യാതൊന്നും "ദൈത്യം ഹത്വാ ബകാഖ്യം" ഇത്യാദി ശ്ലോകത്തിൽ പ്രസ്താവിക്കുന്നില്ലെങ്കിലും അതും കിരാതവും ഒരു കവിയുടെ കൃതിതന്നെയാണെന്നുള്ളതു നിസ്സംശയമാണ്. അങ്ങനെയാണെങ്കിൽ ചില കഥകൾ ഒന്നിലധികം പ്രബന്ധങ്ങളെക്കൊണ്ടാണ് കവി നിബന്ധിച്ചിരിക്കുന്നതെന്ന് ഊഹിക്കുന്നതിനും സാംഗത്യമുണ്ട്. ഈ ഊഹം ശരിയല്ലെങ്കിൽ ഞാൻ ശ്രീമൂലം ഗ്രന്ഥാവലിയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തീട്ടുള്ള കല്യാണസൌഗന്ധികചമ്പു വനവാസത്തിൻെറ ഒരു ഭാഗമായി വരാവുന്നതാണ്. ഉറപ്പിച്ചു പറവാൻ തെളിവൊട്ടില്ലതാനും. അശ്വമേധത്തോടു കൂടിയാണല്ലോ കവനോദയക്കാരുടെ ഗ്രന്ഥം അവസാനിക്കുന്നതു്.

സ്വർഗ്ഗാരോഹണപ്രബന്ധം കൊച്ചി ഈടുവെപ്പു ഗ്രന്ഥശാലയിൽ ഉണ്ട്; അച്ചടിപ്പിച്ചിട്ടില്ല. അതിൽനിന്നു ചില ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കാം:—

"ഗാംഗേയം കാണ്ക ധീമൻ! വസുനിരയിൽ വിളു-
ങ്ങുന്നതാനന്ദപൂർണ്ണാ-

പാംഗേനോദപീക്ഷമാണം തവ വദനമവി-
ദ്യാതമശ്ചണ്ഡഭാനം
കാൺകാരുണ്യാർണ്ണവോദ്യദപിദുരമയനിശാ-
നാഥനിന്നിൻപിതൃവ്യൻ
കാൺകേകാൺകെപ്പിതാവായ്ച്ചമയുമളവു-
മങ്ങാത്മവിദ്യാവിനോദീ-

ഏതൌ കാൺ നീ യമാവശപികളുടലിലുടൻ
കൂടമക്കോപ്പു വാനോർ-
നാഥാപത്യം മദംഗേ മുദിതമയി ലയി-
ക്കുന്നതും കണ്ടുകൊൾക നീ.
വാതാംഗം ഭീമസേനഃശ്രയതിച കമലാ-
രൂപിണീം ദ്രൌപദീം കാൺ
മോദം കൈക്കൊണ്ടു നില്ക്കുന്നതുമുഡുപതയിൽ-
ക്കാൺക മൽഭാഗിനേയം.

കർണ്ണോയം കാങ്കെയെന്നുന്നളുവിലമിതഭ-
ക്ത്യാ നമസ്കൃത്യ കൂപ്പും
ധന്യാത്മാ കണ്ടുകൊണ്ടാൻ ദിനകരനൊടുകൂ-
ടുന്നതും പാടുപാടെ.
അർണ്ണോജപ്രാണനാഥാത്മജ ചരണമുപാ-
സിച്ചുതാൻ യൌവരാജ്യം
മണ്ണിൽപോയ്‌വാഴ്‌വതിന്നും മനസി കൊതികൊള്ളു-
ന്നീ തദാ ധർമ്മസൂനോഃ.

ആചാര്യനെക്കാൺക സുരാധിപാനാ-
മാചാര്യതാം പൂണ്ടു നഭോവിഭാഗെ;

വാചന്തദീയാമറിയുന്നവൎക്കേ
നാശാൎണ്ണവത്തിൻ കര കണ്ടുകൂട്ടൂ.”

താഴെക്കാണുന്ന ശ്ലോകംകൊണ്ടത്രെ കവി ഗ്രന്ഥം സമാപിക്കുന്നതു്.

“വല്ലോൎക്കും മുക്തിദാതാ മുരരിപുഭഗവാൻ
വിശ്വസിച്ചാലതേയ-
ല്ലല്ലൽപ്പാടൊക്കെ നീക്കും നിഖിലഗുണഗണം
ചേൎക്കുമെൻ തോഴ! ചൊല്ലാം
ചൊല്ലേറും ധൎമ്മസൂനും വിപദുദധി കട-
ത്തിബ്ഭൂരിപ്പിച്ചു രാജ്യം
സ്വല്ലോകം മല്ലവൈരി വിരവൊടനുഭവി-
പ്പിച്ചു കൈവല്യമേകീ”

രാജസൂയം കണ്ടുകിട്ടീട്ടില്ല; അതിൻെറ രണ്ടാംഭാഗമെന്നു തോന്നുന്ന കേശഗ്രഹണം ഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്നു വഴിയെ പ്രസിദ്ധപ്പെടുത്തുന്നതാണു്. ബകവധം ഭാരതചമ്പുവിൽ ആദ്യത്തെ ഭാഗമാകയാൽ അതിൽ ആദിപൎവ്വത്തിലെ പല പൂൎവ്വകഥകളും കവി സംക്രമിപ്പിച്ചിരിക്കുന്നു.

ബകവധം, ദ്രൗപദീസ്വയംവരം മുതലായ പ്രബന്ധങ്ങൾക്കു തമ്മിൽ ഏതാണ്ടൊരു പൌൎവ്വാപൎയ്യം കാണുന്നുണ്ടു്. ദ്രൗപദീസ്വയംവരത്തിൽ

“ധാത്രീഗീൎവ്വാണവേഷം തടവി വിലസിതാ
വിശ്വലോകാപകാരാ-
സ്ഫൂൎത്തിം ചേൎക്കുംബകധ്വംസനമഹിതമഹീ-
ദേവസംഭാവ്യമാനാഃ”

എന്നിങ്ങനെ ബകവധത്തിൻെറ ആനന്തര്യം പറയപ്പെട്ടിട്ടുണ്ടു്. ദ്രൌപദീസ്വയംവരാനന്തരം പാണ്ഡവന്മാൎക്കു വീണ്ടും രാജ്യപ്രാപ്തിയുണ്ടാകയും, ഇന്ദ്രപ്രസ്ഥമെന്ന പുരം നിൎമ്മിക്കപ്പെടുകയും ചെയ്തു. ആകയാൽ

"വന്ദ്യശ്രീപൂണ്ട കീൎത്ത്യാ സുരഭിതജഗതാം
വായുനാ വഹ്നിപോലേ
വന്നെത്തീടുന്ന ദാമോദരകരുണയിൽ വാ-
ഴ്കുന്ന വിക്രാന്തിഭാജാം
വൃന്ദത്തോടേ സദാപാലിതബുധസദസാം
പണ്ടഹോ പാണ്ഡവാനാ-
മിന്ദ്രപ്രസ്ഥാഭിധാനാ പുനരൊരു നഗരീ
ബന്ധുരാഗ്ലാനമാസീൽ"

എന്നിങ്ങനെ ഇന്ദ്രപ്രസ്ഥവൎണ്ണനത്തോടുകൂടി ആരംഭിക്കുന്ന ഖാണ്ഡവദാഹത്തിൽ ദ്രൌപദീസ്വയംവരാനന്തര്യം സൂചിതമായിട്ടുണ്ടു്. രാജസൂയം ഭാഷാപ്രബന്ധം കണ്ടുകിട്ടീട്ടില്ലെങ്കിലും രാജസൂയാനന്തര്യം കേശഗ്രഹണത്തിൽ

"ജിത്വാ നാനാനരേന്ദ്രാൻ പരിചിനൊടു കൃതേ
രാജസൂയേ ധനൌഘേ
ലബ്ധ്വേ ധൎമ്മാത്മജേ കണ്ടഖിലഗുണനിധൌ
രാജലക്ഷ്മീമനൂനാം
ചിത്തേ കൊള്ളാതൊളം പോന്നുടനിയലുമസൂ-
യാധികൊണ്ടാതുരാത്മാ
നിത്യം ദുൎയ്യോധനോസൌ സുബലനൃപസുതം
മാതുലം വാചമൂചേ"

എന്നിങ്ങനെ ആരംഭത്തിൽ പറഞ്ഞിട്ടുണ്ട്. കൈലാസയാത്രയിൽ

"ദ്യൂതേ ദുര്യോധനാവഞ്ജിതശകുനികൃത-
ച്ഛദ്മനാ നഷ്ടരാജ്യാ
യാതാഃ കാന്താരമാപാദിതഗുരുവിഭവാ
ഭാനുമാലിപ്രസാദാൽ
പ്രീതാഃ കിമ്മീരരക്ഷോനിധനമപി വിധാ-
യാത്മകാന്താസമേതാ
ദ്വൈതാരണ്യേ നിഷേദുർവ്വിശദതരയശോ-
മണ്ഡനാഃ പാണ്ഡവാസ്തേ"

എന്നിങ്ങനെ കേശഗ്രഹണാനന്തര്യം പറയപ്പെട്ടിട്ടുണ്ട്. കിരാതത്തിന്റെ ആനന്തര്യം കീചകവധത്തിൽ

"ലബ്ധ്വാ പാശുപതാസ്ത്രമമ്പിനൊടിരു-
ന്നിന്ദ്രാലയേ തദ്ഗിഷോ
ദൃപ്താൻ കൊന്നസുരാൻ നിവാതകവചാ-
നംഭോധിമദ്ധ്യസ്ഥിതാൻ
അസ്ത്രാണി പ്രതിഗൃഹ്യ വന്ന വിജയം
സംഭാവയന്തോ നിറം-
മെത്തും ദ്വൈതവനേ ചിരം വിദധിരേ
വാസം മുദാ പാണ്ഡവാഃ"

എന്നിങ്ങനെ ഉക്തമായിട്ടുണ്ട്.

ഇങ്ങനെ ബകവധാദികളായ ചമ്പുക്കൾ പൌൎവ്വാപൎയ്യക്രമത്തോടുകൂടിയും ആനുപൂൎവ്വീസൂചകങ്ങളായ പദ്യങ്ങളാൽ അനുസ്യൂതങ്ങളായും കാണുന്നതും ഇവയെല്ലാം ഒരു കവിയുടെ കൃതികളാണെന്നുള്ളതിലേയ്ക്കു ഒരു തെളിവാണ്.

പുനം, മഹിഷമംഗലം, നീലകണ്ഠൻ ഈ മൂന്നു ഭാഷാചമ്പൂകാരന്മാരുടെ പേരുകൾ മാത്രമേ നമുക്കു കേട്ടറിവുള്ളൂ. ഡാക്ടർ കൊളത്തേരി ശങ്കരമേനോൻ പ്രസിദ്ധപ്പെടുത്തിട്ടുള്ള നാരായണീയത്തിലെ വന്ദനശ്ലോകം കവനോദയക്കാരുടെ ഭാരതചമ്പുവിന്റെ ആരംഭത്തിൽ കാണുന്ന

"പാലാഴിത്തയ്യലാൾതൻതിരുനയനകലാ-
 ലോലലോലംബമാലാ-
ലീലാരംഗം ഭുജംഗേശ്വരമണിശയനേ
 തോയരാശൌ ശയാനം
മേലേ മേലേ തൊഴുന്നേൻ ജഗദുദയപരി-
 ത്രാണസംഹാരദീക്ഷാ-
ലോലാത്മാനം പദാന്തപ്രണതസകലദേ-
 വാസുരം വാസുദേവം"
("ലോലാത്മാനം പദാന്തപ്രണതജലധിജാ-
 കാമുകം വ്യോമകേശം")

എന്ന പദ്യം തന്നെയാണ്. പക്ഷെ ഈടുവയ്പു ഗ്രന്ഥശാലയിലെ ഭാരതചമ്പുവിന്റെ ആദ്യത്തെ ശ്ലോകം "പൊല്പൂവിൽപ്പെണ്ണുനല്ലാദരകുതുകമിളൽ" ഇത്യാദിയാണെന്നു ബകവധത്തിൽനിന്നു വെളിവാകുന്നു. അതിലെ ദ്രൌപദീസ്വയംവരത്തിന്റെ ആരംഭത്തിലുള്ള

"ലക്ഷ്മീമാതിൻ നറുംകുങ്കുമസുരഭിലമാം
 കൊങ്കതൻ പുണ്യപാളീ-
മുഖ്യാംഭോഗം ജഗൽപാലനനിപുണതകൈ-
 ക്കൊണ്ടു തൃക്കൺവിലാസം

ഉദ്യൽക്കാമ്പിൽക്കണ്ടുപാസേ സജലധര-
ശ്രേണിനാണിൻറ കാന്തി-
പ്രക്ഷോഭം നിത്യമാദ്യം കമലഭവമഹേ-
ന്ദ്രാദിവന്ദ്യം മുകുന്ദം."

എന്ന പദ്യം പാരിജാതഹരണപ്രബന്ധത്തിലേയും മംഗലശ്ലോകമാണ്. ഈ തെളിവുകൊണ്ടുമാത്രം ദ്രൌപദീസ്വയംവരവും പാരിജാതഹരണവും ഒരു കവിയുടെ എന്നു സ്ഥാപിക്കുവാൻ നിവൃത്തിയില്ല. പാരിജാതഹരണത്തിൻെറ പ്രണേതാവാരെന്ന് ഇതുവരെ വെളിപ്പെട്ടിട്ടുമില്ല. ആകെക്കൂടി ഈ വിഷയം ഉപരിഗവേഷണത്തിനു നീക്കിവെക്കുന്നതാണ് ഉത്തമമെന്നു തോന്നുന്നു.

എന്നാൽ ഒരു കാൎയ്യം പറയാം. മേല്പത്തൂർ അഗസ്ത്യഭട്ടനു പുറമെ അനന്തഭട്ടനേയും ധാരാളമായി ഉപജീവിക്കുന്നുണ്ട്. ഭാരതചമ്പൂകാരൻ അഗസ്ത്യഭട്ടനെ മാത്രമേ ആശ്രയിക്കുന്നുള്ളൂ. അതുകൊണ്ടു മേല്പത്തൂരിൻെറയും അനന്തഭട്ടൻെറയും കാലത്തിനു മുമ്പാണു പ്രസ്തുതകവി ജീവിച്ചിരുന്നത് എന്നനുമാനിക്കാം. അങ്ങനെയാണെങ്കിൽ ഭാരതചമ്പൂകാരൻ ജീവിച്ചിരുന്നതു ക്രി. പി. പതിനഞ്ചാംശതകത്തിൻെറ ഉത്തരാൎദ്ധത്തിലോ പതിനാറാംശതകത്തിൻെറ പൂൎവ്വാൎദ്ധത്തിലോ ആയിരിക്കണം.

തിരുവനന്തപുരം, 22—8—11.	ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, പ്രസിഡൻറ്, ഭാഷാപരിഷ്കരണക്കമ്മിററി.

ബകവധം

ബകവധം

പ്രബന്ധം.

പൊൽപ്പൂവിൽപ്പെണ്ണനല്പാദരകുതുകമിളൽ-
പ്രേമസാരംമുളപ്പെ-
ത്തപ്പോളപ്പോളണിപ്പോർമുലയിണയിലണ-
പ്പോരു ചിൽപ്രൌഢിമാനം
കെല്പേറും ദൈത്യദർപ്പോദയപരമനിദാ-
ഘാംബുവാഹം ത്രിലോകീ-
ശില്പാകല്പം വികല്പേതരമയി മനമേ!
പത്മനാഭം ഭജേഥാഃ. ൧

ഉൾത്തിങ്ങും വീരഭൂപാലകധരണീസുരാ-
ലംകൃതേ ചാരുരംഗേ
ഭദ്രാകാരം ഭവന്തം കരുത്തുമളവു ചി-
ത്തം തെളിഞ്ഞു തുലോം മേ
ഹന്താ ഘോരം ബകാഖ്യം നിശിചരമരികേ
വന്നുകൂപ്പും നഭസ്സാൽ-
പുത്രം തൻഭ്രാതരം കണ്ടളവിലിനിയ ധ-
ർമ്മാത്മജന്നെന്നപോലെ. ൨

യതോദ്ധൃതാ നിഗമവാരിനിധിം വിമഥ്യ
വ്യാസേന ചിത്തഗിരിണാ തമസോ നിഹന്ത്രീ
ആസ്വാദിതാ വിജയതേ സുമനോഭിരുച്ചൈഃ
സാ ഭാരതാൽഭുതസുധാ വസുധാം പ്രപന്നാ. ൩

വീരശ്രീതാൻ കളിക്കും വിപുലഭുജബലാ-
ക്രാന്തവിശ്വംഭരാണാം
പാരിച്ചീടും പ്രതാപാനലപരിശമിതാ-
ശേഷവൈരാകരാണാം
പാരിൽ ചൊല്ലാൎന്നകീൎത്തിപ്രതിനവകുസുമാ-
മോദിതാശാന്തരാണാം
ചാരുശ്രീശാലി നാഗാഹ്വയമൊരുപുരമ-
മ്ലാനമാസീൽ കുരൂണാം. ൪

യാ ഹസ്തിനാമ്നാ കുലപുംഗവേന
വസ്വോകസാരേവ ധനാധിപേന
വിനിൎമ്മിതാ യൽ പ്രഥിതാ ജഗത്യാം
തതഃ പുരീ ഹസ്തിനനാമധേയാ. ൫

ഗദ്യം. ൧:—യസ്യാശ്ച വിശാലതയാ നാസ്തീവ ത്രി ഭുവനം, ഉച്ചതയാ സൌധാനാം ലോഷ്ടകാ ഇവ ഗിരയഃ, രത്നബഹുലതയാ ദ്വാപണകാനാം രിക്താ ഇവ ജലനിധയഃ, ചാതുൎയ്യേണ പൌരാണാം ഗ്രാമ്യാ ഇവ മകരകേതുഃ, ഗാംഭീൎയ്യേണ ദീൎഘികാണാമുത്താനമിവ സാഗരതലം, അതിശയേന ശില്പകൃതാം അകിഞ്ചിജ്ഞ ഇവ വിശ്വകൎമ്മാ, മതിബലേന ശാസ്ത്രകൃതാം പക്വാ ഇവ കാവ്യാംഗി

രസരൌഹിണേയാഃ. യസ്യാഞ്ച ഭൌമസുധാസമുചിതാ ദിവ്യസുധാസ്വാദലോലാ ഇവ രജനീഷു രജനീകരമല്ലിഹന്തി ലോലധ്വജദുകൂലജാലരസനാഃ പ്രാസാദപംക്തയഃ—ശിവശിവ പറവതിനെന്തു സമാനം കൌരവരാജപുരീമഹിമാനം. പ്രതിമുഹുരിളകിന കാററിൻവേഗാലേററമുലഞ്ഞു പുരന്ദരമന്ദിരബാഹ്യോദ്യാനലതാവലയങ്ങളിലങ്ങോടിങ്ങോടതന്നു പിണഞ്ഞുകിടക്കും കൊടിയ കൊടിക്കൂറകൾകൊണ്ടഞ്ചിതകാന്തിവിളങ്ങിന വെണ്മാളികയിലരങ്ങേറീടിന പുരവരയോഷാമണിനികുരുംബകബിംബഫലായിതഭുവനകദംബാ. പവനവിലോളിതതോരണമാലകളോടടികൊണ്ടു പൊറുക്കരുതാഞ്ഞു നടക്കരുതേതുമൊരംബരവീഥിയിലെന്നു പുരപ്രവരത്തൊടുണത്തിപ്പാൻ വന്നവനിതലത്തിലിഴിഞ്ഞ ഘനാവലിപോലെ, ധൈൎയ്യംകൊണ്ടുമൊരുന്നതികൊണ്ടും കുരുമന്നവരൊടു തോററതിദീനതയാ ശരണാൎത്ഥമണഞ്ഞ കുലാദ്രിപരമ്പരപോലെ, പെരുകിന ദിക്കുകൾതോറുമമൎത്തിന വിമലമണിദ്യുതികൊണ്ടു ജഗത്രിതയത്തിലിരിക്കരുതാഞ്ഞു കിഴിഞ്ഞടിപെട്ടപധ്യുതി മരുവിന ഭുവനകടാഹതമസ്തതിപോലെ നിരവധി പോന്നുവളൎന്നൊരു മദജലധാരാവൎഷംകൊണ്ടു മഹീതലമൊക്കെ വഴുക്കുപിടിച്ചു നടക്കരുതാതവഴിക്കു ചമച്ചു ഝലം ഝലനെന്നും വരചങ്ങലയോടൊളിതിങ്ങി മുഴങ്ങിന മണിനിക്വണിതംകൊണ്ടുലകൊക്കെ നടുക്കി മിടുക്കുകലൎന്ന ഭടപ്രവരന്നു തടുക്കരുതാത കൊടുപ്പമിയന്നു മദദ്രവപാനമദാന്ധതപൂണ്ടു മുരണ്ടു മുരണ്ടിരുൾകണ്ടു വെരിണ്ടു വെരിണ്ടു ഗിരിപ്രവരം പാഞ്ഞു തിരിഞ്ഞു മനസ്സിലതൻ പൊ

ടിച്ചാരു പിരണ്ടതിശ്രുംഭിതകുംഭസമുന്നതി ഗംഭീരാകൃതി കുംഭീന്ദ്രാവലി കുഹ ചനഭാഗേ. കടുനിനദം കടിവാസ്സൂയ റഴകിൽ മുറുക്കി നിരർഗ്ഗളവേഗഭരം പല ഭംഗികളിൽ പരു മാററിന ചേവകർ കലിതകശാഘാതഭയാകുലമിളകിന ഹേഷാമുഖരിതസകലദിശാമുഖഘണഘണനവിരാജിത കളചാമരഭൂഷണമേറ നിറംതിരളും പ്രളയമഹാർണ്ണവ വീചീമാലകൾപോലെ ചിറകിയലാത മഹാഖഗനായക ബഹുവിധരൂപപരമ്പരപോലെ വിജിതമനോജവമതി ചതുരം കുതറുന്ന കുളമ്പുകളിൽ കിളറിപ്പൊടിയും പൊ ടികൊണ്ടു നഭോന്തരമൊക്കെ മറച്ചു മദിച്ചിളകുന്ന മഹാ ശ്വസമൂഹം കുഹ ചന ഭാഗേ. ചതുരവ്യാപാരക്രമകലവി കലന്നു സമത്സരമുദ്ധതബദ്ധമദം ഗദ പരിഘ കടുത്തല ചുരിക പരശ്വധമരിയ ശരാസനബാണകൃപാണമുഖം പരമായുധജാലമെടുത്തുപിടിച്ചു നടിച്ചും "ചെറുമാ നോക്കിത്തട്ട വാൾമിടമ നടിച്ചു വൃഥാ നടവാതെ ചവളക്കാര നവൻ ചതുരൻ പളകല്ല ഭയപ്പെട്ടമിടയിലിളക്കും പൊഴുതു പെടാത പിടിത്തമിതല്ലോ വഴ്സാനവനോ നല്ല മിടുക്ക്" നൊട്ടക്കമെഴാതൊരു ഹുംകൃതിപൂണ്ടു പരസ്പരമേവമണ ഞ്ഞു പറഞ്ഞുമലിഞ്ഞു പുകണ്ണമഖണ്ഡിതഗർവ്വമഖർവ്വബ ലം നിജ മാററലർ നാററം കേൾക്കിൽ നികാമം ചീററം പൂണ്ടു രണോത്ഭവകടുരവസേനാഭടനിര കുഹ ചനഭാഗേ.

"മാളവഭൂമിപ! നാളെ വരു നീ നിൽപ്പൂ നീ വൈദർഭ!

ടിനാദ്ധ്യം, നില്ക്കു തുലുഷ്ക! പുറത്തു പുറത്തത്തുക്കഴൽ തൊഴുതേ നില്ക്കേണ്ടു നീ, സൗവല! ഭവാനോ ബാല്യമനേകം നിത്യപുരസ്സരവൃത്തിക്കേശാ, തിഷ്ഠ കലിംഗ! പറഞ്ഞാൽ നാളെത്തിഷ്ഠതിയെന്നി വരുത്തുവനിഞ്ഞാൻ നേരമറിഞ്ഞു പറഞ്ഞേ മാഗധ! നീരാട്ടിങ്ങു നരേന്ദ്രനിദാനീം” എന്നു സദൈവ യഥോചിതമടിമലർ തൊഴുവാൻ വന്ന ഹമഹമികയാ ഗോപുരമാർഗ്ഗേ തിക്കിഞെരുക്കമൊരോ നരപാലന്മാരെക്കണ്ടുമയച്ചുമൊരോ നിജകൃത്യം മരുവിന ദൌവാരികനിര കഹചന ഭാഗേ. വീണാ വേണു മൃദംഗം കാഹളദുന്ദുഭി നിസ്വന പടഹധ്വനിഘലഘ്ലരികാദി മനോഹരവാദിത്രൌഘലകൊക്കെ മുഴക്കം വാദികവൃന്ദം കഹചനഭാഗേ. മറ്റുമിവണ്ണമതീവ വിചിത്രതചേൎന്നു മഹേന്ദ്രപുരം പുനരുക്തമതാക്കി നിരർഗ്ഗളശോഭം കരിപുരമാസീൽ.

തസ്മിന്നിന്ദ്രപുരോപമേ പുരവരേ
വാഴുംനൃപാണാം കുലേ
മദ്ധ്യേ സത്യവതീസുതാൽ പുനരഭ്രു-
താം ദൈ്വൗ നൃപാലാങ്കുരൌ
വിഖ്യാതൌ ധൃതരാഷ്ട്രരെന്നുമനന്ത്രു-
പൌ പാണ്ഡുവെന്നും ഗിരി
പ്രസ്ഥേ പ്രസ്തുതവിക്രമാവിവ സഗ-
ൎഭ്യൌ രണ്ടു സിംഹാർഭകൌ.

ആദ്യസ്തത്ര തയോരപേതനയനോ
വിശ്വംഭരാമണ്ഡലം
കാത്തീടെന്നനുജേ നിജേ നിഹിതവാൻ
നീതിപ്രതാപാംബുധിഃ
ധാത്രീമമ്പൊടു പാലയന്നഥ നറും-
പാലാഴിവീചീരുചാ
കീർത്ത്യാ പരണ്ഡരിതാഖിലത്രിഭുവനഃ
പാണ്ഡുശ്ചകാശേതരാം. ൭

കാലേ കല്യാണശീലാമഥ സുബലസുതാ-
മാംബികേയോ മഹാത്മാ
ബാലാം തത്രോപയേമേ പുകൾപെരുകിന ചാ-
രിത്രകീർത്ത്യാഭിരാമാം
ചേലേന്തും കുന്തിഭോജന്നഭിമതതനയാം
കുന്തിയെപ്പിന്നെ ലബ്ധ്വാ
മേലേ മാദ്രീഞ്ച ലേഭേ തദനു തദനുജ-
ന്മാപി രമ്യാംഗലേഖാം. ൮

തസ്മിൻ കാലേ കദാചിൽകൊടിയ ഗിരിവനേ
പുക്ക നായാട്ടലീലാം
ചക്രേ ജായാസഹായഃ ക്ഷിതിതലഭരണേ
പാണ്ഡു പാണ്ഡിത്യശാലീ
അയ്യോ ദൈവംവരുത്തുന്നടവു തടപെടാ
നൂനമപ്പോളവന്നൽ-
ഭൂതോ ഹാഹന്ത കാന്താപരിചയവിരസഃ
കോപി ശാപോ മുനീന്ദ്രാൽ. ൯

സന്താനപ്രാപ്ത്യുപായം കരുതി നരപതൌ
 തത്ര താനേ ദധാനേ
സന്താപം ജാതഭീശ്ശശപസിതമതിപരി-
 മ്ലാനവക്ത്രാരവിന്ദേ
കുന്തീ ചെന്നന്തികേ കുന്തളനിരയിൽ മറ-
 ഞ്ഞന്തരാ മന്ദഹാസ-
സ്യന്ദാലങ്കാരി പങ്കേരുഹരുചി വദനം
 താഴ്ത്തിനിന്നേവമൂചേ. ൧൦

"ക്ലൃപ്തന്നേൻ കുരുവംശദീപ! നയമ-
 ല്ലാതൊന്നിതെന്നാകിലും
പ്രാപ്യംതൊട്ടുചിതം നരേന്ദ്ര! കഥയേ
 നിന്നോടൊരത്ഥാന്തരം
ഗോപ്യംതാനുമിതെത്രയും മുനിവരാൽ
 കോപപ്രിയാൽ സേവകൊ-
ണ്ടാപ്തം പണ്ടൊരു മന്ത്രമുണ്ടതു നമു-
 ക്കാത്മാത്ഥിതാകഷ്ണം." ൧൧

ഏവം കേട്ടത്യുദാരം വചനമവനിപാ-
 ലൻ തെളിഞ്ഞാശു ചൊന്നാൻ
ദേവീം "മംഗല്യമസ്തു പ്രണയിനി തവ കിം
 തത്ര വാക്യൈരനേകൈഃ
ദേവപ്രൌഢേഷു യംകഞ്ചന വരയ വരാ-
 പാംഗി! ചിത്താനുകൂലം
ഭാവജ്ഞാ ഭാഗ്യസീമേ ഭവതു കുരുകുലാ-
 ലംബനം നിൻപ്രസാദാൽ." ൧൨

ഇത്ഥം ഭർത്തുർന്നിയോഗാത്തദനു ഗുണവതാ-
മഗ്രഗണ്യം കുമാരം
മുഗ്ദ്ധാ ധർമ്മാദവാപ്താ ജഗതി വിദിതെഴും
ക്ഷത്രധർമ്മൈകലോലം
സ്വർദ്ധാശീലാപി ഗാന്ധാരിയുമഥ ശതകം
പുത്രകാണാം പ്രപേദേ
മദ്ധ്യേ വായോർമ്മഹേന്ദ്രാദപി യദുതനയാ
പിന്നെ ലേഭേ കുമാരൌ ൧൩

ആപ്തമന്ത്രബലമഗ്രജാഗിരാ
മാദ്രിയും മധുരഗാത്രവല്ലരീ
കീർത്തിചേർന്നരുളുമശ്വിദേവയോഃ
പ്രാപ്തവത്യഥ സുതൌ കുമാരകൌ ൧൪

അഗ്രേ തത്ര യുധിഷ്ഠിരൻ പുനരുടൻ
ഭീമൻ തതൊഥവാർജ്ജുനൻ
ചൊൽക്കൊള്ളും നകുലൻ നയാബ്ധി സഹദേ-
വൻപിന്നെ മാന്ദ്ര്യോദയാഃ
വിഖ്യാതാശ്ശതശൃംഗശൃംഗിണി കളി-
ച്ചേതേ തെളിഞ്ഞെവരും
മുഖ്യാഃ പാണ്ഡുസുതാസ്സമം വവൃധിരേ
മുഗ്ദ്ധാപദാനോജ്ജ്വലാഃ ൧൫

ഉദ്രിക്താൻ കളഭങ്ങളെച്ചെവിപിടി-
ച്ചുച്ചൈരിഴച്ചങ്ങിടം-
കൈത്താർകൊണ്ടപരേണ കേസരിശിശൂ-
നാകൃഷ്യ ദംഷ്ട്രാഞ്ചലേ
പ്രത്യേകം പ്രസമീക്ഷ്യ തമ്മിലിയലും
ഭീതിപ്രകോപോൽഗമാൻ
ബാല്യൗത്സുക്യഭരം ചിരിച്ചുമഭയം
ക്രീഡാം ദധുർബ്ബാലകാഃ ൧൩

ദേവന്നുണ്ടിഹ സത്വരം പടപുറ-
പ്പാടെന്നു നിശ്ശങ്കിത-
വ്യാപാരാ പരിതസ്തദീയസചിവാ-
നാജ്ഞാപയന്തീ തദാ
കാർവണ്ടിൻനിരയായ വേത്രലതികാ-
മാദായ വന്നാളിളം-
താർബാണപ്രതിഹാരികേവ സഹസാ
വാസന്തലക്ഷ്മീഃ സ്വയം. ൧൪

കന്ദളിതമന്ദപവനൈഃ
കളകണ്ഠീലളിതകളകളാകീർണ്ണൈഃ
കണ്ഠോക്തകാമവിഭവൈഃ
കമ്പിതപഥികൈസ്സമാഗതം ദിവസൈഃ ൧൫

ഗദ്യം. ൨:—തതോ നിഭൃതേതരഭ്രമണപരഭൃതവ്രാതചഞ്ചുമയവിപഞ്ചീസമുദഞ്ചിതപഞ്ചമാഞ്ചിതാ സന്തതാകുഞ്ചിതപഞ്ചശരശരാസനവഞ്ചിതസഞ്ചാരപഥികപ്രപഞ്ചാ പ്രമദഭരചഞ്ചലചഞ്ചളീകകുലകഞ്ചുകിതമാധവീ മാധവീ വിഭൂതിരുദജൃംഭത.

സാന്ദ്രം വാസന്തലക്ഷ്മീവിഭവമുടനുടൻ
കണ്ടു ചൂഴും ദിഗന്തേ
മാന്താർബാണഭ്രമംപൂണ്ടലസധൃതി വന-
ക്രീഡതൊട്ടുത്സുകാത്മാ
കാന്താം മാദ്രീം വിളിച്ചാദരമധുരഗിരാ
കൂട്ടിയുംകൊണ്ടു ധാത്രീ-
കാന്തോയം പ്രൌഢദന്താവള ഇവ കരിണീം
കാനനാന്തം ജഗാഹേ. ൩൯

അക്കാലേ ഭവിതവ്യതാബലമറി-
ഞ്ഞേതസ്യ ശാപവ്യഥാം
നോക്കിക്കാത്തൊരു കുന്തി തൽക്ഷണമക-
ന്നാൾ ക്വാപി കൃത്യാന്തരേ
കേൾക്കായീ വിപിനേ ബലാലനതിദൂ-
രേ ഹന്ത തസ്യാസ്തദാ
തീക്കാളുംപടി തീവ്രദുഃഖവിഷമം
കസ്യാശ്ചിദാക്രന്ദിതം. ൪൦

"അയ്യോ! ദൈവം ചതിച്ചു" കിമിദമിതി പരി-
വ്യാകുലാ ഹന്ത കുന്തീ
പയ്യക്കേ കണ്ടതില്ലാ നരപതിമതുമ-
ല്ലാലയസ്ഥാഞ്ച മാദ്രീം
മെയ്യേ കാണാഞ്ഞിതിത്ഥം കരുണമവളുഴ-
ച്ചാൾ തഴച്ചോരു ഖേദാൽ
കയ്യും കാലും തളന്നൊന്നൊരു വിവശത പൈ-
തങ്ങളെപ്പാലയന്തീ. ൪൧

മാദ്രീനാദമിതെന്നറിഞ്ഞു മുറകേൾ
ക്കുംമാൎഗ്ഗമേ ചെന്നു ചെ-
ന്നാത്താവേഗമൊരാൎത്തഭാവമകമേ
കൈക്കൊണ്ടതിവ്യാകുലാ
പൂത്തീടും നവചൂതചമ്പകതമാ-
ലാളീമനോമോഹനം
ചേൎത്തീടുന്നൊരരണ്യദേശമരികേ
കണ്ടാളതിവോജ്വലം. ൨൨

പാടീടും കളഹംസഭൃംഗപടലീ
രമ്യേ ലതാമണ്ഡപേ
ക്രീഡാരംഗതലേ മിളൽപരിമളം
പെയ്യുല്ലളന്മാരുതേ
വാടീടാത നവീനപുഷ്പശയനേ
താനേശയാനം നൃപ-
പ്രൌഢം തന്വി രതിശ്രമാൎത്തമിവ ക-
ണ്ടാൾ മീലിതാലോകനം. ൨൩

ദൂരേ മാദ്രീം കിടക്കുന്നതുമവളുടനേ
പിന്നെ മൂൎച്ഛാധിരൂഢാ-
മോരോ ബാഷ്പാംബു;ധാരാപ്ലുളിതമുകൾമുല-
ക്കുങ്കുമാമാമാവിലാംഗീം
ധീരാപി പ്രൌഢദുഃഖപ്രവരവിമഥിതാ
ഭൎത്തൃഗാത്രേ വിജീവേ
നേരേ ബാഷ്പാംബുപൂരൈസ്സമമഥ പതിതാ
വാതധൂതേവ വല്ലീ. ൨൪

"ഹാ മൽപ്രാണേശ! ലോകത്രയഗുണതിലകാ
ലംബമേ! നമ്മെ നഷ്ട-
ത്രാണാനിട്ടേച്ചരണ്യേ കഥനു ഖലു ബതയാ-
തോസി വീതാവലംബം
ദീനാനേതാൻ കുമാരാനപി വിദയമനാ-
ഥാനിതാർപക്കലാക്കി
ക്ഷോണീകല്യാണപൊയ്യോണ്ടിതു! കുരുകുലഭോ-
ഗൈൃകസർവ്വസ്വമേ! നീ. ൨൫

ഹാ ഹാ ഭൂപാലവീര! പ്രണയമധുരയാ
ദൃഷ്ടികൊണ്ടെന്നുപോൽ നീ
സാകൂതംപൂണ്ടു നോക്കുന്നതു പുനരിനിയും
വീര! കാണുന്നതെന്നാം?
മാഴ്കീടാതോരു കാന്തിപ്രസരമൊരു വിള-
ക്കഞ്ജസാ കെട്ടപോലേ
ലോകം ഘോരാന്ധകാരവ്യതികരവിവശം
ജാതമെന്നാലശേഷം." ൨൬

ഇത്ഥം നാനാപ്രകാരൈരെലസദ്ധൃതിതള-
ന്നം മിളദ്ദുഃഖമാരാൽ
പുത്രാൻ ചെന്നാശ്വസിപ്പിച്ചതിനിടയിടയിൽ
ദീർഘനിശ്വാസലോലാ
ഉൾത്താപാലങ്ങുമിങ്ങും ധരണിയിലുടനേ
വീണലച്ചും തൊഴിച്ചും
മുഗ്ദ്ധാ ചാപല്യമെന്തൊന്നിഹ ശിവ ശിവ കാ-
ട്ടാഞ്ഞതേഷാ മൃഗാക്ഷീ. ൨൭

അന്നേരത്തു ബലാലുണന്നു രുദതീ
 മാദ്രീ കുമാരാൻ വിളി-
ച്ചന്ന്യൂനാദരമഞ്ചുപത്തുരു മുക-
 ന്നാൾ മുക്തബാഷ്പോദയം
ചിന്നാ കുന്തിയൊടന്തികേ തൊഴുതു ചെ-
 ന്നഗ്രേ മിളൽഗൽഗദം
ചൊന്നാൾ തന്നഭിതഃസ്ഥിതാനപി മുനീ-
 നാലോക്യ ബാലാംശ്ചതാൻ. ൨൮

"ഏഷാ പാപയസീ ഞാനൊരു വചനമുണ-
 ത്തുന്നതാകണ്ണ്യതാം മ-
ദ്രോഷാദാൎയ്യേ! ഗതോയം കുരുകുലതിലകോ
 ഹന്ത ലോകം വലാരേഃ
ശേഷം ഭൂപാലവീരന്നിവനൊരു തുണയായ്-
 ക്കൊണ്ടു ഞാനും പ്രയാസ്യേ
ദാസീ തസ്യ പ്രസാദം കുരു മയി കുലയോ
 ഷാഗ്രണാലംക്രിയേ! നീ." ൨൯

അപ്പോൾ മുതിൎന്നുചിതകൎമ്മവിദാം മുനീനാം
ചൊൽപൊങ്ങിനോരു വചനേന നിബദ്ധധൈൎയ്യം
എപ്പേരുമേ മൃതഗുരോരിഹ ശേഷകൃത്യം
മുൽപാടു തത്ര കൃതവാനിഹ ധൎമ്മജന്മാ. ൩൦

തസ്മിൻ കാലേ നകുലസഹദേ-
വൌ വിളിച്ചന്തികേ കൊ-
ണ്ടുൽപന്നാശ്രുപ്രസരകലുഷാ
വത്സവാത്സല്യലോലാ
മുൽപാടാമ്മാറുദിതകരുണം
മാദ്രി ചെന്നപ്പുയന്തീ
നില്പ്പതുംചെയ്തരിയ സവിധേ
കുന്തിയോടേവമൂചേ. ൩൫

“ആര്യ്യേ! നിന്നോടു ഞാൻചെയ്തഖിലപിഴകളെ-
ല്ലാം മറന്നീടുകമ്മാരൌ
തായോടെന്നോടുവേർപെട്ടപഗതകരുണൌ
വീതപീതാവലംബൌ
മായാപേതം ത്വദീയാവിവ മഹതി! സുതാ-
നോമലിക്കേണമേ നീ
നീയേ കേളച്ഛനാകുന്നതുമനിശമിവ-
ക്കമ്മയാകുന്നതും നീ” ൩൬

എന്നെല്ലാം നിന്ന ലോകക്കുടനകമലിയും-
മാറു പേർത്തും വദന്തീ
തന്വീ ഭൂയോപി പത്തമ്പതു മറി മുറുകെ-
പ്പുണ്ടു ദത്വാ കുമാരൌ
അന്യൂനം ധർമ്മമുൾക്കൊണ്ടഖിലമുനിഗിരാ
ജീവനാഥം വലംവെ-
ച്ചഗ്നിദ്രാനന്ദമേഷാ തൊഴുതധികമുദാ
പോയ്മറഞ്ഞാൾ ചിതാഗ്നൌ ൩൭

കൃത്വാ തത്ര മുദാ മുനീശ്വരഗിരാ
തൽസർവ്വശേഷക്രിയാം
മുക്ത്വാശേഷവിഷാദമാസ്ഥിതധിയാ
മാത്രാ കലൎന്നങ്ങിനേ
മെത്തീടും പുകൾചേൎന്ന ഹസ്തിനപുരേ
പുക്കങ്ങിരുന്നാർ സമം
മിത്രൈരമ്പെഴുമാംബികേയവചസാ
സംഭാവിതാഃ പാണ്ഡവാഃ ൩൪

ചൊല്ലേറുന്നാത്മപുത്രൈസ്സമമഥ ധൃതരാ-
ഷ്ട്രായമപ്പാണ്ഡുപുത്രാൻ
കല്യാത്മാ കൌതുകം പൂണ്ടിരവുപകൽ വള-
ൎത്താമലിക്കും ദശായാം
ഉല്ലാസം ചേൎന്ന ലീലാകലവിയിലുളവാം
തോലികൊണ്ടുള്ളിൽ വൈരം
മെല്ലേ മെല്ലേ മുഴുത്തു പുകൾപെരുകിനപാ-
ൎത്ഥേഷു പേൎത്തും കുരൂണാം ൩൫

ഗദ്യം. ൩:—തദനു നിരന്തരമൊക്കത്തക്കേ വളരും കാലം കളിയിലുളവാമൊരു മത്സരവേഗാൽ കൌന്തേയേഷു കനത്തൊരു വൈരം ഗാന്ധാരീതനയൎക്കു മുഴുത്തുമൊരന്ത സ്ഥാപമിയന്നു തദീയം ചിന്തിച്ചും ഊണമവരൊടു പരിഭവമെന്തിച്ചെയ്യതിതെന്നുടനോൎത്തും പാണ്ഡുസുതന്മാരെന്നുംചൊല്ലിപ്പോന്നവരാരിവരെന്നു പറഞ്ഞും കാട്ടിപ്പുളായ ജനങ്ങൾക്കുണ്ടോ നാട്ടിലിരിപ്പാൻ യോഗ്യമിതെന്നും ദോഷം ചെയ്താലതു ഫലിയാഞ്ഞും ദ്വേഷം പോന്നു മുഴുത്തുമനേകം വടിവിലൊരുന്നാൾ വാരിക്രീഡാകുതുകം കൈ

കൊണ്ടൊക്കത്തക്കഗ്ഗംഗാപാഥസി വീണു തുടിച്ചും കുളി
കളിച്ചും മുഴകിയൊളിച്ചും ദൂരനികന്നും ചിരതരമാശു വി
ഹൃത്യ പരിശ്രമമാന്നു തടീവനഭൂമൌ രചിതപടീഭവനങ്ങ
ളിലുൾപുക്കവിടെത്തന്നേ ഭൂഷണലേപം ഭോജനമുഖ്യം
കൃത്യവിധിം ചെയ്തഞ്ചിതസൌഖ്യമിരുന്ന ദശായാം അധി
കപരിശ്രമമാന്നു നിശായാമഴകിലുറങ്ങും ഭീമനെ നേരേ വ
ള്ളികൾകൊണ്ടു വരിഞ്ഞഥ കെട്ടിപ്പലരുംകൂടിഗ്ഗംഗാതി
രയിലെഴുന്നള്ളിച്ചുളവവനുമുണന്നു വിഭിന്നനിബന്ധം കി
മിദമിതെന്നു കരേറിച്ചെന്നഥ പണ്ടേപ്പോലെ തീരഗൃഹേ
പുക്കുപചിതസൌഖ്യമുറങ്ങും നേരം തേമ്പീടാതെ വിഷാ
ഗ്നികലമ്പും പാമ്പുകളെക്കൊണ്ടാംപരിചോരോ മമ്മസു
ചേത്തു കടിപ്പിച്ചുളവിൽ കഷ്ടമുറക്കം കളയുന്നു ചില മ
ക്കുണനിവഹമിതെന്നു പറഞ്ഞേ മീലിതലോചനമേവ വൃ
കോദരനഗ്രകരംകൊണ്ടൊക്കെയടിച്ചു പൊടിച്ചു കള
ഞ്ഞാൻ. പിന്നെയുമരിയൊരു മയ്യാദംകേൾ നിശയിലുറ
ങ്ങുംനേരം താനേ ഝടിതി വധിപ്പാനായ്ച്ചെന്നോററമുലാ
റും വത്സലഭാവാൽ കൈ ചെല്ലാഞ്ഞഥ പിൻവാങ്ങി
പ്പോയ് മാനധനാനാം മൌലി സുയോധനനേധിതവൈരം
പാണ്ഡവസഹിതസ്സഹജൈസ്സാകം സഹഭോജനവിധി
കോപ്പിട്ടുളവിൽ കബളനിഗൂഢം കെട്ടവിഷമുടനേ ഭീമനു
നൽകിപ്പരവശനാക്കിയുമായതവല്ലീനദ്ധശരീരം നിശയി
ലെടുപ്പിച്ചാപ്തഭയങ്കരകിങ്കരസംഘൈരുപഹിതശൂലകദം
ബേ ഗംഗാപാഥസി കൊണ്ടെയെറിഞ്ഞുകളഞ്ഞു കൃതാ
ത്ഥമനാ നിജസഹജൈസ്സാകം നാഗപുരീം പ്രതി സംഭൃത
ഡംബരമമ്പൊടയാസീൽ.

അന്നേരം തത്ര വിണ്ണോരളവു നിശിതശൂ-
ലങ്ങളൊന്നും തറച്ചീ-
ലെന്നപ്പോ ദൈവയോഗാൽ വിഷകബളനമൂ-
ച്ഛാവതോ വായുസൂനോഃ
എന്നേയല്ലമ്പിലഭ്യന്തരസലിലപഥേ-
നാശുപോയ് വേഗഭാജാ
ധന്യശ്രീവാസുകിപ്രോൽഭടഭുജഗഭരിതം
പ്രാപ്തവാൻ നാഗലോകം ൨൦

തസ്മിൻ നാഗശിശുക്കൾ വന്നുത ഇതോ
നീളെക്കടിച്ചാന്തരം
മുൽപാടുള്ള വിഷോഷ്മ നീങ്ങിനവിധൌ
ദൈവാൽ പ്രബുദ്ധോ ബലീ
കെല്പോടേററമടിച്ച പീഡനപരാ-
ന്മണ്ടീടുമക്കോപ്പുകേ-
ട്ടപ്പോൾ മാരുതിയെന്നു വാസുകി ധരി-
ച്ചഭ്യാശമാനീതവാൻ ൨൧

തത്ര മാരുതഹിതം ചികീഷിത-
സ്സാദരേണ പവനാശനപ്രഭോഃ
ആപിബത്സ ശതകുംഭസംഭൃതം
കുഞ്ജരായുതബലാവഹം രസം. ൨൨

ദൃഷ്ട്വാസ്തദാ ഭുജഗദംശിതതല്പഭൂമൌ
സുപ്താപ നഷ്ടമതിരഷ്ടദിനാനി ഭീമഃ
പുത്രോ ഹതോ മമ ബതേതി പൃഥാ സുതൈസ്സ്വൈ-
ർബ്ബ്രാമ മാർഗ്ഗണപരാ രുദതീ വനാന്തേ. ൨൩

ഉൽബുദ്ധോ നവമേഹനി മാരുതിരസൌ
നാഗേന്ദ്രസഞ്ചോദിതൈ-
സ്സർപ്പൈരുദ്ധതനുർജ്ജലാശയപഥേ-
നാഗത്യ ഗംഗാതടം
അഭ്യാശേ നമതോ വിസൃജ്യ ഭുജഗാൻ
ഭാരാർത്തിഭുഗ്നാനനാൻ
ദർപ്പോല്ലാസികരുൽകരം കരിപുരം
വേഗേന സംപ്രാപ്തവാൻ. ൪൦

മാതുരന്തികഗതസ്തയാ സമാ-
ശ്ലിഷ്യ ബാഷ്പപരിഷിക്തവിഗ്രഹഃ
ഭ്രാതൃപൌരധൃതരാഷ്ട്രജന്മനാം
ഹർഷവിസ്മയശുചശ്ചകാര സഃ. ൪൧

ചണ്ഡേലുംധൃതരാഷ്ട്രജാനപി പൃഥാ-
പുത്രാംശ്ച ഗംഗാസുതോ
മാനീ ശിക്ഷിതുമസ്ത്രകർമ്മണി കൃപം
ചക്രേ കൃപാസാഗരം
തേനാമീഷു സുശിക്ഷിതേഷ്വപി ചിര-
ഞ്ചേതസ്യപര്യ്യാപ്തിമാൻ
ദ്രോണാചാര്യ്യമഥാനിനീഷുരഭവ-
ദ്ദൈവാത്സ ചാജഗ്മിവാൻ ൪൨

ഭാര്യ്യയാ സഹകുമാരയാന്വിതോ
വിക്രമാനുഗതയേവ വിദ്യയാ
സൽകൃതോ വിധിവദാപഗാസുതം
കുംഭയോനിരിദമാഹ സംസദി. ൪൩

ദണ്ഡകം:—സഖ്യം ദൃഢം ദ്രുപദരാജന്നുമൻപിനൊടെനിക്കും പുരാ മഹിതമാസീൽ, തൽക്ഷണമിതവനിഭരലബ്ധിമമ വരുമളവിലദ്ധ്മിതു തവ തരുവനെന്നാൻ. ധരണീശചാരേ ഝടിതി സതി തത്ര ധൎമ്മഹതി വരുമെന്നതോൎത്തു ന ഗതോ ഞാൻ, തരളധൃതി മമ ദയിത കൃപഭഗിനി സതതമിവളധനതയൊടത്തുപൊഴുതുഴന്നാൾ. ദീനാകുമാരമുടനേനം വളൎപ്പതിനു നാനാപ്രയാസമിവൾ പൂണ്ടാൾ, ദീനതയൊടനിശമിവൾതാനിയലുമഴൽകരുതി ഞാനുമൊരു വിവശത പിണഞ്ഞേൻ. ദിവസേഷ്വ തേഷു പുനരവശേന യാചകത സവിഷാദമാപി പരമെന്നാൽ, ദ്രുപദനൊടു ദമരനൊടു മമ തവ ച ദൃഢസഖിത കിമു ഭവതി കരളിലിതു ചൊന്നേൻ. അപ്പോൾ മുതിൎന്നവനുമൽഭൃതരോഷമഥ നിൎഭൎത്സ്യ നമ്മൊടു പറഞ്ഞാൻ, അല്പതരചപലമതി വിപ്രവടുരയമഖിലഗുപ്തികരനയി മമ സഖാ കിം. അപവാദമോൎക്കിലിതു ചിരിയാം സൃഗാലശിശു മദകുഞ്ജരന്നു സഖിയാമോ, അപഹസനമപരനുപചെവികളിലിതിയലുമളവപസരതു കുമതിരയമെന്നാൻ. സവ്രീളമേഷ പുനരവ്ളാങ്മുഖോഽഹമപി ദുൎവ്വാശിരസ്യ ഹൃതതേജാഃ, സൎവ്വമിതു വിധിവിഹിതദുൎവ്യസനമിതി കരുതി ഗൎവ്വഹൃതമതിരിവിടെ വന്നേൻ. സമ്പ്രൈരമീഭിരിഹ കുരുവംശസന്തതിഭിരഖിലാസ്ത്രശസ്ത്രസുവിനീതൈഃ, സമപഹൃതപരിഭവമിതസുഖമനുഭവിതുമഭിലഷിതമയി മമ വിശേഷാൽ.

ഇത്ഥം ദ്രോണേ ബ്രുവാണേ മുദിതമതിരസൌ
തത്തഥാ സാധയിഷ്യേ
കസ്സന്ദേഹോ വിനഷ്ടം കലയ പരിഭവം
ജാതമെന്നിപ്രകാരം
അത്യന്തം മാനയിത്വാ തെളിവിനൊടു കുമാ-
രാൻ സമാനീയ ഗംഗാ-
പുത്രശ്ശസ്ത്രാസ്ത്രവിദ്യാവിനയനവിധയേ
തസ്യ ഹസ്തേ വ്യതാഷീൽ ൪൪

സ്മൃത്വാ ഗുരും ഹൃദി വിശിഷ്യ പുരാരിശിഷ്യം
തത്രാദരേണ പരിഗൃഹ്യ ശുഭാൻ കുമാരാൻ
അദ്ധ്യാപയൽ സ വിജനേ നിഖിലാസ്ത്രവിദ്യാം
സ്വേനൈവ സമ്യഗനുദർശിതസംപ്രയോഗഃ ൪൫

പൃഥക്പൃഥഗ്വിദധതി ശിക്ഷണം ഗുരൌ
ധനുഷ്മതാം തദനു നൃപാത്മജന്മനാം
വികൃഷ്യതേ നിഹിതഗുണം ശരാസനം
കിരീടിനാ മുഹുരപി മാനസം ഗുരോഃ ൪൬

സ്നാതും കദാചന ഗുരും സലിലാവഗാഢം
ജഗ്രാഹ കോപി പദസീമനി നക്രപാശഃ
വിദ്ധ്വാ ശരേണ വിജയോ ജലഗൂഢമേനം
കഷ്ടസ്വഹോ കുരുഷ്വ മോചയതിസ്മ വേഗാൽ ൪൭

തത്രൈകദാ പടുതരൈസ്സഹ രാജപുത്രൈഃ
ശില്പിപ്രകാണ്ഡരചിതാം ബലികല്പനാഢ്യാം
അസ്ത്രപ്രയോഗമഥ ദർശയിതും മഹാത്മാ
ദ്വ്യന്മനാ ഗുരുരഗാന്മണിരംഗഭൂമിം. ൪൮

പ്രേക്ഷകൈൎവ്വിവിധമണ്ഡലവൎത്തിഭിഃ
പൌരജാനപദഭൂമിപാലകൈഃ
രംഗസത്മ നിബിഡം തദാഭവ-
ന്നിൎജ്ജരൈരപി നഭോ വിമാനഗൈഃ ൪൯

അന്നേരം ധൎമ്മജാദ്യാസ്സദസി പരികരം
ഗാഢമാബദ്ധ്യ മേളം
മിന്നീടുംധന്വിനസ്തേ ഗുരുചരണരജഃ-
പാതപൂതോത്തമാംഗാഃ
ഒന്നിച്ചാഘാന്ത രംഗേ തെളിവിനൊടവതീ-
ൎണ്ണാശ്ശരൈരാശു ലക്ഷം
നിൎന്നിദ്രൈഃ സ്ഥൂലസൂക്ഷ്മസ്ഥിരതരളമയം
വിവ്യധുൎന്നിൎവ്വിശങ്കം. ൫൦

ഉദ്യതോൽഭടഗദാഭയങ്കരൌ
മാരുതാത്മജസുയോധനൌ തദാ
രംഗഭൂമിമവതേരതുഃ ക്ഷണാ-
ദൂഢസാലവിടപാവിവ ദ്വിപൌ ൫൧

മണ്ഡലേഷു വിവിധേഷു വൽഗതോ-
ൎഘട്ടിതോഭയഗദാഗ്രയോസ്തയോഃ
ക്രുദ്ധയോൎഗ്ഘനമാഹവോദ്യമം
ദ്രോണസൂനുരുഭയോൎന്ന്യവാരയൽ. ൫൨

ആജ്ഞയാ തദനു സംസ്ഥിതം ഗുരോ-
സ്തൽപദപ്രണതിപൂതമൌലിനാ
ധന്വിനാ കവചിനാ നിഷംഗിണാ
രംഗഭൂരലമകാരി ജിഷ്ണുനാ ൫൩

സാടോപം വായുശൈലേ ചിരമതിരഭസമ-
സ്സുഷ്ഠുവന്യാംബുദാദ്യൈ-
ത്രുദ്ധാഭോഗം മഹാസ്ത്രൈസ്സദസി ലഘുതരം
വ്യാപരിക്കും ദശായാം
ഗാഢാകൃഷ്ടം ശരാസം ഝടിതി മുഖരയൻ
സിംഹനാദാതിഭീമം
പ്രൌഢാത്മാ രംഗഭൂമിം പ്രസഭമഭിയയൌ
താപനിസ്സ്വാഭിമാനം ൧൪

യദ്യൽ പ്രയുക്തമമരേന്ദ്രഭുവാ മഹാസ്ത്രം
തത്തൽ പ്രദശ്യ രവിസൂനുരിദം ബഭാഷേ
അസ്ത്രൈരലം കിമപി തിഷ്ഠ പൃഥാസുത! ത്വം
തൽ ദ്വന്ദ്വയുദ്ധമിഹ ദേഹി മമാവിളംബം. ൧൫

ജാതപ്രകോപമിദമാഹ കൃപസ്തദാനീം
"വൈധേയ! തിഷ്ഠ സദൃശം മൃഗയസ്വ യുദ്ധേ
സൂതാത്മജേന ഭവതാ വദ യോത്സ്യതേ കിം
ശീതാംശുവംശമണിരേഷ കുരുപ്രവീരഃ" ൧൬

തപനജനുഷി തസ്മിൻ വ്രീളിതേ ധാർത്തരാഷ്ട്ര-
സ്സുഹൃദമഥ ചികീർഷുസ്തം നിവേശ്യാസനാന്തേ
കനകകലശമുക്തൈരഭ്യഷിഞ്ചൽ പയോഭി-
ർമ്മനുജപതിഷു പശ്യത്സ്വംഗരാജ്യാധിനാഥം ൧൭

ജാതോദ്യമം പ്രഥനകർമ്മണി രാജ്യലാഭ-
പ്രീതം തമാഹ പുനരിന്ദ്രസുതസ്തദാനീം
"സൂതാത്മജോസ്ത്വിഹ ഭവാനഥവാംഗരാജ-
സ്താതൈശ്ശരൈർമ്മമ ഭവിഷ്യതി ലൂനമൂർദ്ധാ" ൧൮

"തിഷ്ഠ പാർത്ഥ! സമിതാവതിസ്ഥിരോ
മാമകേന ദളിതേന പത്രിണാ
ത്വച്ഛിരസ്സരസിജേന കല്പയാ-
മ്യാശു രംഗഗൃഹദേവതാബലിം" ൨൯

ഇത്ഥം പറഞ്ഞിരുവരും ദൃഢകൃഷ്ടചാപൌ
യുദ്ധായ ബദ്ധരഭസം വിരവോടണഞ്ഞാർ
തത്രാസ വീക്ഷകജനഃ സ്വയമേത്യ മദ്ധ്യേ
തിഷ്ഠൻ ന്യവാരയദുഭൌ സ ഗുരുർമ്മഹാത്മാ ൩൦

തൽകാലേ രാജപുത്രപ്രകരവുമഖില-
പ്രേക്ഷകന്മാരുമൊക്കെ
പ്രക്ഷോഭംപൂണ്ടു നേരേ പലവഴിയിലുഴ-
ച്ചും കലമ്പുംദശായാം
നിൽക്കട്ടസ്ത്രപ്രയോഗം മതിമതി മിളിതാ
ഹന്ത വന്ദദ്ധ്വമെന്ന-
ങ്ങഗ്രേ സംഭാഷ്യ ശിഷ്യാൻ സദസി ഗുരുരസൌ
വാചമൂചേ ഗഭീരാം ൩൧

"നമ്മാലാകുംപ്രകാരം പരിചിനൊടു വിനീ-
താസ്സമസ്താസ്ത്രശിക്ഷാ-
കർമ്മണ്യേതേ കുമാരാസ്സദസി പുനരിമാം
ദക്ഷിണാമർത്ഥയേ ഞാൻ
വമ്പോടസ്മിൻ ദ്വിഷന്തം ദ്രുപദനരപതിം
വെന്നു യുദ്ധേ ഗൃഹീത്വാ
നിർമ്മായം കാൽക്കലാക്കീടുക സകലജനം
കാണുമാറെ"ന്നിവണ്ണം ൩൨

ഇത്ഥം കേട്ടമ്മൂവാശു ശന്തനസുതേ-
നാജ്ഞാപിതാഃ കൌരവാ
ഗത്വാ തേ ഝരുധുർബ്ബലൈസ്സഹ പുരം
പാഞ്ചാലപൃഥ്വീപതേഃ
യുദ്ധ്യന്തം തരസാ ശതേന കുരുഭി-
ർദ്ദൃപ്തോദ്ധതം പാർഷതം
കൃത്തേഷ്വാസവരം കരോല്ലസദസി-
ർജ്ജഗ്രാഹ പാർത്ഥോ ബലീ. ൬൩

ഇന്ധാനവിഷ്ണുമഹതാ പ്രസഭം ഗൃഹീത്വാ
കുന്തീഭുവാ നൃപസദേ വിഹിതം നിജാഗ്രേ
മന്ദാക്ഷനമ്രശിരസം ദ്രുപദം തദാനീം
മന്ദസ്മിതോജ്ജ്വലമുഖോ ഗുരുരേവമൂചേ ൬൪

"ദ്വേഷ്ടാ ന വിപ്ര ഇതി യൽ ഭവതാ സമക്ഷം
പൃഥ്വീഭുജാമവമതഃ പ്രസഭം പുരാഹം
തസ്യാദ്യ കാരിതമിദം മമ ശിഷ്യസംഘൈ-
ർഭുക്തം ഫലം തദഭിഗച്ഛ നിജം നികേതം" ൬൫

ഉക്ത്വൈവം കുംഭയോനൌ സപദി കുരുപുരാ-
ഭ്യന്തരായ പ്രയാതേ
മൈത്രീം മന്ദാക്ഷഖേദോദയവിവശമനാ
യജ്ഞസേനസ്തദാനീം
പുത്രം ദ്രോണഘ്നം കഞ്ചന വിജയവധൂ-
ഭാവയോഗ്യാഞ്ച കന്യാം
ലബ്ധും ചക്രേ പ്രയത്നം വിരചിതവസതി-
ർജ്ജാഹ്നവീതീരഭൂമൌ ൬൬

തതസ്സനിർബ്ബന്ധഗിരാ ദുരാത്മന-
സ്സുതസ്യ വാത്സല്യവിമൂഢമാനസഃ
സ്ഥിതിം ന്യയൌക്ഷീൽ കുരുഭൂപതിസ്തദാ
പൃഥാസുതാനാം പുരി വാരണാവതേ. ൩൭

അഭികല്പ്യ സ തത്ര ശില്പിസംഘൈ-
രഹികേതുർജ്ജതുമന്ദിരം തദാനീം
നിഭൃതം നിധനായ പാണ്ഡവാനാം
നിയുയോജാനുചരം പുരോചനാഖ്യം. ൩൮

ഗദ്യം: ൪ — തദനു കുരുകുലത്തിന്നലങ്കാരഭൂതാസ്തദാ പാണ്ഡവന്മാർ മനോനന്ദനേ ജാതുഷേ മന്ദിരേ പുക്കു ദുര്യ്യോധനാജ്ഞാകരേണാമുനാ ഗൂഢവേഷേണ സംഭാവിതാസ്തത്ര മേവുംവിധൌ പക്ഷപാതംതകും ക്ഷത്തൃരാദേശതോ വന്നു കാഞ്ചിന്നിശായാം ഗൃഹോദ്ദാഹമാവേദ്യ തസ്മിൻ ഖനിത്രേണ ഗൂഢം വിലദ്വാരമാധായ പോയോരുനേരം നഭസ്വത്തനൂജസ്സ്വയം കിങ്കരം തം നിഹത്യാലയം ജാതുഷം ചുട്ടുപൊട്ടിച്ചു തന്മാതരം സോദരാംശ്ച പ്രമോദേന ധൃത്വാ ദരീവർത്മനാ തേന രാത്രൌ പുറപ്പെട്ടനല്പാനുഭാവം ബഹിഷ്ഠോരുസംഘട്ടചൂർണ്ണീകൃതാഭ്രാശപൃഥ്വീരുഹോ ജാഹ്നവീതീരപര്യന്തഭൂമൌ മഹാകാനനേ ചെന്നു സർവ്വാൻ ഗതിപ്രൌഢവേഗാകുലാൻ ഗാഢനിദ്രാലസാൻ കാത്തുകൊണ്ടാത്തധൈര്യം വസിക്കുംവിധൌ കാപി യോഷാവിഭൂഷാഭിരാമോജ്ജ്വലാംഗീ തമഭ്യേത്യ ദന്തപ്രഭാദൂരധൂതാന്ധകാരോൽകരാ മന്ദമന്ദം പറഞ്ഞീടിനാൾ "വീര കന്ദർപ്പരമ്യാകൃതേ! കേളിതസ്മിൻ മഹാരണ്യഗർഭേ ഹിഡിംബാഹ്വയോ രാക്ഷസാം ചക്രവർത്തി വസിക്കുന്നിതസ്യാനു

ജാഹം ഹിഡിംബീ നൃണാം മാംസലുബ്ധേന തേനാശു യു
ഷ്മദ്വധായാധുനാ ചോദിതാ കണ്ടു കാമോപമാനം ഭവ
ന്തം ബലാലീദൃശം വേഷമുൾക്കൊണ്ടു കന്ദർപ്പപീഡാതുരാ
നിന്നടുത്തിങ്ങു വന്നീടിനേൻ കോപനോസ്യൈ ജവാദാപ
തിഷ്യത്യവശ്യം വിളംബേന മേ നൂനമെന്നാലതിൻമുമ്പി
ലേ നിന്നെ മെല്ലേ ഗൃഹീത്വാ യഥേഷ്ടാനുഭൂത്യൈ നഭോ
ഗന്തുമിച്ഛാമി ഞാ”നെന്നിവണ്ണം പറഞ്ഞങ്ങിരിക്കെ വിര
ഞ്ഞട്ടഹാസോൽക്കരാപൂരിതാശാന്തരോ ഘോരസാലം പ
റിച്ചുദ്ധൃതം ഭ്രാമയൻ ഭീമകർമ്മാ ഹിഡിംബൻ കടുക്കെന്നടു
ക്കുംവിധൌ ഭീമസേനോപി പാശ്വസ്ഥിതം കഞ്ചിദാദായ
സാലം ജവാൽ വന്നടുക്കും നിശാചാരിണോ മസ്തകേ താ
ഡയിത്വാ പരേതേശനാട്ടിന്നയച്ചേതദീയാനുജാം ധർമ്മ
രാജാജ്ഞയാ തൽക്ഷണേനോപഭുജ്യാഥ തസ്യാം ഘടാ
ദ്ര്യോൽകചം പുത്രമുൽപാദ്യ പൌരന്ദരാശാപധൂരത്നതാ
ടങ്കചക്രായമാണേ ദിവാനാഥബിംബേ ദിവൌകോനദീ
തീരമാസേദിവാൻ.

അത്യാനന്ദം കടന്നത്രിദശവരധുനീം
നാവികാനീതനാവാ
പാൎത്ഥാഃ പ്രാപ്യൈകചക്രാം ക്ഷിതിസുരവരച-
ക്രാഭിരാമാന്തരാളാം
ആസ്ഥായ ബ്രഹ്മവേഷം തെളിവൊടവനിദേ-
വസ്യ കസ്യാപി ഗേഹേ
മാത്രാ സാകം സുഖേന വ്യധുരുദധിഗഭീ-
രാശയാസ്തേ നിവാസം. ന്നൻ

മീതേബാഷ്പാംബുവാൎത്തങ്ങനവധികരയും
ഭൎത്തുരങ്കേ നിഷണ്ണം
ഖേദേനാലിംഗ്യ ബാലം മുഹുരപി രുദതീം
വിപ്രഭാൎയ്യാം വിഷണ്ണാം
ആസാദ്യാന്തസ്സമുദ്യദ്വ്യസനാകലനകൃപാ-
വിഹ്വലാം ശോകഹേതും
ചോദിച്ചാൾ ചെന്നു കുന്തി പരിമൃദുവചസാ
പേൎത്തുമാശ്വാസയന്തീ ൧൦

ചൊന്നാൾ വിപ്രാംഗനാ തൽക്ഷണമധികശുചാ
ഗൽഗദം “മൽഗതംകേൾ
ധന്യേ! ഭാഗ്യോപരോധം പലരൊടുമിതു
പാടീടിനാലെന്തു കാൎയ്യം?
എന്നാലും ചെററുവക്ഷ്യേ ഭവതിയൊടധുനാ
നാതിദൂരേത്ര ഘോരാ-
രണ്യേ കശ്ചിൽ ബകാഖ്യോ നിവസതി പുരുഷാ-
ദാധിരാജോ ദുരാത്മാ ൧൧

അന്നന്നമ്മൎത്ത്യമാംസേ പെരുകിനകൊതികൊ-
ണ്ടേഷ സൎവ്വാൻ ദുരാത്മാ
കൊന്നുംതിന്നും സുഭീമാകൃതി കഴിവുകെട്ട-
ക്കംദശായാമശങ്കം
ഖിന്നൈരത്രത്യലോകൈസ്ത്രിവശിവ ഭവനം-
തോറുമോരോരുനാള-
ങ്ങന്നസ്തോമത്തൊടോരോപുരുഷബലി സമം
കല്പിതസ്തൃപ്തിഹേതോഃ ൧൨

പുത്ര ഏഷ കലത്രത്തുരസ്യ ചേൽ
ത്ത്രരാപദനയാപ്യഹം ഗതാ
ഭാഗധേയവിരഹേണ നഃ ക്രമാൽ
ഭാഗദേയദിവസോയമാഗതഃ" ൩൭

പ്രത്യൂചേ യാദവീ ഭൂസുരവരഗൃഹിണീം
"സാധ്വി! മാമാ കൃഥാസ്ത്വം
ചിത്തേ ഖേദം മമൈതേ ഗുണവതി! തനയാഃ
പഞ്ച സന്തി പ്രവീരാഃ
ദത്വാ ഭീമാഖ്യമേകം ദുരഭിഭവബലം
ഘാതയിത്വാ തമുച്ചൈ-
രദ്യൈനാം സംവിധാസ്യേ സപദി ഗതമഹാ-
കണ്ടകാമേകചക്രാം" ൩൮

ഇത്ഥംകേട്ടു തെളിഞ്ഞു വിപ്രഗൃഹിണീ
സമ്പാദിതം ഭോജന-
പ്രസ്താരം ശകടേ കരേററി വികടേ
നാനോപദംശാഞ്ചിതം
സുസ്നാതോ വിമലാംബരോ ജനനിത-
ന്നാജ്ഞാം വഹന്മൌലിനാ
ദുഷ്പ്രോ മാരുതി വീഴ്ച്ചവാരിധി ബകാ-
രണ്യം പ്രതസ്ഥേ ബലീ ൩൯

കങ്കജംബുകകദംബകാകകൈ-
രാചിതം നരകരംകരാശിഭിഃ
ഝില്ലികാമുഖര സാലമാസദൽ
പൂതിഗന്ധി പുരുഷാദകാനനം. ൪൦

ഹത്വാമിഷാശമമുമത്ര്യ ശവസ്വശോ മേ
യുക്തം ന ഭോക്തുമശ്രു ചേരിദമന്നജാതം
ഇത്ഥം പ്രകല്പ്യ ബഹുശോ വിഹിതാട്ടഹാസോ
ഭുക്തിം ഹിഡിംബരിപുരാഗളമാതതാന ൭

ശ്രുത്വാ ഘോരാട്ടഹാസം പ്രസഭസമുദിതം
    തൽക്ഷണേന ക്ഷുധാർത്ത്യാ
ക്രുദ്ധൻ കാലാതിപാതാദപി ബകദനുജ-
    ഗ്രാമണീരുഗ്രകർമ്മാ
പ്രസ്ഥായാരണ്യഗർഭാൽ കരഭുവി കലയൻ
    ഭീമസാലം പ്രവൃദ്ധൈ-
രുദ്ദാമൈരട്ടഹാസൈസ്സമ്മുഖരിതഹരിദ-
    ഭ്യായയൌ വായുസൂനും ൮

"കസ്ത്വം നരാധമ! ഹതാശ! വിളംബ്യ കാലം
ദപ്പാദിയന്തമിമമോദനസഞ്ചയം മേ
നിശ്ശങ്കിതം ചരസി തസ്യ ഫലം ക്ഷണേന
ദ്രഷ്ടാസി രുഷ്ടബകദാനവകല്പ്യമാനം" ൯

പ്രത്യൂചേ ഭോജനാന്തേ കുരുകുലതിലകൻ
    "തിഷ്ഠ രേരേ ദുരാത്മൻ!
പുത്രം വായോർഹിഡിംബപ്രമഥനമയി മാം
    ക്ഷേത്രജം വിദ്ധി പാണ്ഡോഃ
ഭക്തം ഭക്ഷിച്ചൊട്ടക്കന്നൊടവിതു തവ ന-
    ന്നൊട്ടുദണ്ഡം കുറഞ്ഞൂ
സത്യം പെട്ടെന്നു മാം ഖാദയ നിശിചര! നീ
    ഭുക്തസർവ്വാന്നജാതം" ൧൦

"എന്നോ ദുസ്സഹമോ തൊട്ടതു നഖലു വൃഥാ
ഭക്ഷയേ ബാലിശം ത്വാ-
മെന്നുംനമ്മോടിതിൻകീഴൊരുവനമിഥ
കാട്ടാത ധിക്കാരമെല്ലാം
തന്നെച്ചെയ്യിച്ച സർവ്വാനപി കുടിലമതീ-
നേകചക്രാജനൌഘാ-
നിന്നേകൊന്നൊക്കയും തിന്നുപചിതധൃതിനി-
ർവ്വാപയേ ജാഠരാഗ്നിം" വൃ൬

"ചണ്ഡാല തിഷ്ഠ കുണപാശന! ദുഷ്ടിമാർഗ്ഗേ
കണ്ടെത്തുപെട്ട കടുസാഹസി നിന്നെയെന്നും
പണ്ടേതുടൎന്നു ജനതാനിധനായ പാർമേൽ
മണ്ടീടുവാനരനിമേഷമയപ്പനോ ഞാൻ?" വൃ൭

"ധിക്കഷ്ടം കാലശക്തിപ്രചുരിമ ചിരിയാ-
മോർത്താലും കൌണപാനാ-
മൊക്കെയ്ക്കും കല്പിതം പണ്ടിതു സകലജഗൽ
ഖാദനം ജാതിധർമ്മം
ഇക്കാലം പാഴ്മനുഷ്യപ്പുഴുവിതൊരനുവാദം
പുലമ്പീടിലേപോ-
ലക്കാര്യം നിർവ്വഹിപ്പൂ ചപലമിതു കുല-
ദ്വേഷിപോൽ നൈരൃതാനാം" വൃ൮

"പരിഹസനമിതെല്ലാം ചെയ്ക തേ ശ്വാസമല്പം
പരിഭവമിതിനില്ലിമ്മർത്ത്യകീടാനുഭാവം
നിറമുടയ ഹിഡിംബൻ മുൻപിൽ നന്നായറിഞ്ഞാ-
നറിയുമരിയ നീയും കാൽക്ഷണംകൊണ്ടിദാനീം" വൃ൯

"രേ പാപ ബാലിശ ഹിഡിംബമമത്ത ശൌയ്യ-
വ്യാപാരസംപ്രകടനം മമ മുമ്പിൽനിന്നോ?
ചാവാൻ നമുക്ക വിധി ചേരകുടിച്ചപോലി-
പ്പേവാൎത്ത മാററുവനണഞ്ഞതയുന്നൈവ വേഗാൽ" ൻ൭

ഇത്ഥം പറഞ്ഞു തരസാ വരസാലമുച്ചൈ-
രുദ്ധൃത്യ മാരുതിയൊടൊന്നു കയൎത്തണഞ്ഞാൻ
സദ്യോഥ ഭീമനുമുരത്തൊരു കോപവേഗാ-
ലെത്തീ ബകാസുരനൊടുദ്ധതസാലധാരീ ൻ൮

രുഷ്ടാത്മാ രാക്ഷസോ മാരുതിശിരസി മഹാ-
സാലമുച്ചൈരെറിഞ്ഞാൻ
പെട്ടെന്നും വഞ്ചയിത്വാ തമഥ ഗതിവശാൽ
ഭീമനും ഭീമകൎമ്മാ
ധൃഷ്ടത്വം പൂണ്ടടിച്ചു നിശിചരശിരസി
പ്രൌഢസാലേന വേഗാൽ
നഷ്ടാശങ്കേന തേന പ്രതിഭയമതു സ-
ഞ്ചൂൎണ്ണിതംപോലശേഷം ൻ൯

ഗദ്യം. ൭:—മുഷ്ടേറിടിന പവനജബകകൃതകടുരണ
കലവികൾ പറയാവൊന്നോ മുക്താശങ്കമിതുരുതരശില
കളുമടൽപൊടിപെട മുഹുരുടനേകുന്നു, മുക്കിച്ചോരയിലു
ടലതു മുഴവനുമുപചിതരഭസമിതിടചാടുന്നു, മുഖ്യാഡംബ
രമിടിരവപടുതരമുടനുടനിരുവരുമലറീടുന്നു, പാരം ത
മ്മിൽ തല്ലിത്താവും ചടപടനിനദമിതിളകീടുന്നു, പാടേ
വന്യം ജന്തുസ്തോമം പരവശമലറി വിരണ്ടോടുന്നു, പാർ
മേലെങ്ങും ഘോരാരാവം പടുതരമിടയിട വിളയാടുന്നു,

പാൎത്ഥാകാശേ ദിവ്യന്മാരും പവനജവിജയമതവർ നേരുന്നു.

പ്രക്ഷോഭം പൂണ്ടിവണ്ണം പലവഴിയിലനേ-
കം പിണങ്ങിക്കൊട്ടുന്തി-
മെത്തും കോപാരുണാക്ഷൌ വടിവിലിരുവരും
വ്യാപരിക്കുംദശായാം
ഉഗ്രാത്മാ മെയ്യിലുൾപ്പുക്കതിജനകജവോ
മാരുതിസ്സൽഗളാന്തം
കക്ഷേ ചേൎത്തങ്ങമൎത്താൻ പുനരവനെ വിനി-
ഷ്പിഷ്ടവാൻ മുഷ്ടികൊണ്ടേ. ൪൮

ഹത്വാ ബകാസുരമമുഷ്യ ശവാംഗമദ്ധ്യ-
ന്യൂൎത്തുംഗസാലവിടപേ വിനിധായ മാനീ
സുസ്നാത ഏഷ സമുപേത്യ ഗൃഹം ദ്വിജാതേ-
ൎഭക്ത്യാ യുധിഷ്ഠിരപദങ്ങളിലാനതോഭൂൽ ൪൯

ഇത്ഥം തൻബാഹുശക്ത്യാ ബകമഖിലജഗൽ-
കണ്ടകം കൊന്നു പാർമേൽ
മെത്തും കീൎത്ത്യുൽഭൂതം താവിന പവനസുതം
മാനയൻ മാനശാലീ
പൃഥ്വീദേവൈരശേഷൈൎമ്മുഹുരപി വിഹിതാ-
നുഗ്രഹസ്സാനുജോസൌ
നിസ്ത്രാസാമേകചക്രാമുപചിതസുഖമ-
ദ്ധ്യാസ്ത ധൎമ്മാത്മജന്മാ. ൫൦

ബകവധം സമാപ്തം.

ബകവധം.

ടിപ്പണി.

പദ്യം ൧. മംഗളാചരണം. പൊൽപ്പൂവിൽപ്പെണ്ണ്=ലക്ഷ്മീദേവി. അനല്പാ..........സാരം=അനല്പങ്ങളായ ആദരകൗതുകങ്ങളോടുമിളത്തായ (ഇടകലരുന്ന) പ്രേമാതിശയം. മുളപ്പെയ്യ്=മുളച്ച്. അണഃപ്പാരു=അണയ്ക്കുന്ന. ചിൽപ്രൌഢിമാനം=ചിത്തിന്റെ പ്രൌഢതയായ. കെല്പേറും ദൈത്യ.....വാഘം=ശക്തിയേറുന്ന ദൈത്യന്മാരുടെ ദർപ്പോദയമാകുന്ന വലിയ വേനലിനു മേഘമായ. ത്രിലോകീശില്പാകല്പം=ത്രൈലോക്യശില്പങ്ങൾക്കു ഭൂഷണമായ (ത്രൈലോക്യാത്ഭുതരൂപനായ). വികല്പൈഃ അലം=സംശയങ്ങൾകൊണ്ടുള്ളതു മതി. പത്മനാഭം=വിഷ്ണുവിനെ. ഭജേഥാഃ=നീ ഭജിച്ചാലും. ലക്ഷ്മീദേവി പ്രേമാതിശയത്തോടുകൂടി പുണരുന്നവനും, ചിൽപ്രകാശരൂപനും, ദൈത്യന്മാരുടെ ദർപ്പമാകുന്ന വേനലിന്നു മേഘവും, ത്രൈലോക്യശില്പാഭരണവുമായ ശ്രീപത്മനാഭനെ, ഹേ മനഃസ്സ, നീ ഭജിച്ചാലും. മ. ര. ഭ. ന. യ. യ. യ. എന്നീ ഗണങ്ങളും ഏഴേഴക്ഷരങ്ങളിൽ യതിയുമായിരിക്കയാൽ സ്രഗ്ദ്ധരാവൃത്തം. "ഏഴേഴായ് മൂന്നു ഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും" എന്നു ലക്ഷണം.

൨. സഖ്യസംഭാഷണരൂപേണ കഥയെ ഉപക്ഷേപിക്കുന്നു. ഉൾത്തിങ്ങും......ലങ്കൃതെ=ഉള്ളിൽ തിങ്ങിയ വീരരാജന്മാരാലും ബ്രാഹ്മണരാലും അലങ്കരിക്കപ്പെട്ട. ചാരുരംഗേ=ഭംഗിയുള്ള രംഗത്തിൽ. ഭദ്രാകാരം=മംഗളാത്മാവായ. ഭവന്തം=അങ്ങയെ. കരുതുമളവു=വിചാരിക്കുമ്പോൾ. ചിത്തം=മനസ്സ്. മെ=എന്റെ. ഹതപാ=കൊന്നു്. ഘോരം=ഘോരനായ. ബകാഖ്യം=ബകനെന്നു പേ

ത്തുള്ള. നിശിചരം=അസുരനെ. നഭസ്വൽപുത്രം=വായുപുത്രനെ (ഭീമനെ). തൻഭ്രാതരം=തന്റെ അനുജനായ. ധർമ്മാത്മജനു=യുധിഷ്ഠിരനു. രാജാക്കന്മാരാലും ബ്രാഹ്മണരാലും അലങ്കൃതമായ ഈ രംഗത്തിൽ, ഹെ മിത്രമേ, വിചാരിക്കുമ്പോഴെല്ലാം അങ്ങയെ കണ്ടതിനാൽ, പണ്ടു ബകവധം കഴിഞ്ഞു വന്നു വണങ്ങുന്ന ഭീമനെ കണ്ടപ്പോൾ യുധിഷ്ഠിരന്നെന്നപോലെ, എനിക്കു മനസ്സു തെളിഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൩. ഇതിവൃത്തത്തിന്റെ ഉൽകർഷം കാണിപ്പാൻ വേണ്ടി, പ്രാരിപ്സിതമായ കഥയുടെ ആകരമായ മഹാഭാരതകഥയെ സ്തുതിക്കുന്നു— യത്നോദ്ധൃതാ=പ്രയത്നംകൊണ്ടെടുക്കപ്പെട്ടതു്. നിഗമവാരിനിധിം=ശാസ്ത്രസമുദ്രത്തെ. വിമഥ്യ=കടഞ്ഞു്. വ്യാസേന=വ്യാസനാൽ. ചിത്തഗിരിണാ=മനസ്സാകുന്ന ഗിരി (മന്ദരം)കൊണ്ടു്. തമസഃ=തമസ്സിന്റെ (അജ്ഞാനത്തിന്റെ; തമോഗുണത്തിന്റെ എന്നും). നിഹന്ത്രീ=നിഹനനം ചെയ്യുന്നതു്. ആസ്വാദിത.=ആസ്വദിക്കപ്പെട്ടതു്. സുമനോഭിഃ=വിദ്വാന്മാരാൽ (ദേവകളാലെന്നും). ഉച്ചൈഃ=ഉന്നത. സാ ഭാരതാമൃതസുധാ=ആ ഭാരതമാകുന്ന അമൃതാമൃതം. വസുധാം=ഭൂമിയെ. പ്രപന്നാ=പ്രാപ്തം. വ്യാസമഹർഷി മനസ്സാകുന്ന മന്ദരപർവ്വതംകൊണ്ടു കടഞ്ഞു പണിപ്പെട്ടെടുത്തതും, തമസ്സിനെ ഹനിക്കുന്നതും, വിബുധന്മാരാൽ ആസ്വദിക്കപ്പെട്ടതും, ഉൽകൃഷ്ടവുമായ ഭാരതകഥയാകുന്ന അമൃതം ഭൂമിയിൽ പ്രാപ്തമായിട്ടു സർവ്വോൽകർഷേണ വർത്തിക്കുന്നു. നിഗമത്തെ വാരിനിധിയായും ചിത്തത്തെ ഗിരിയായും ഭാരതത്തെ സുധയായും കല്പിച്ചതിനാലും തമസഃ, സുമനോഭിഃ എന്നിവയിലെ ശ്ലേഷം അതിനെ സഹായിക്കുന്നതിനാലും ശ്ലേഷാനുപ്രാണിതമായ രൂപകം അലങ്കാരം. വസുധാം പ്രപന്നാ എന്നതുകൊണ്ടു വ്യതിരേകവും. ത. ഭ. ജ. ജ എന്നീ ഗണങ്ങളും രണ്ടു ഗുരുക്കളും വന്നിരിക്കയാൽ വൃത്തം വസന്തതിലകം. "ചൊല്ലാം വസന്തതിലകം തഭജം ജഗംഗം" എന്നു ലക്ഷണം.

൪. വീരശ്രീ..........വിശ്വംഭരാണാം= വീരശ്രീകളിക്കുന്ന വിസ്തൃതങ്ങളായ ഭുജങ്ങളുടെ ബലംകൊണ്ടു വിശ്വംഭരയെ (ഭൂമിയെ) ആക്രമിച്ചവരായി. പാരിച്ചീടും..........കരാണാം=വർദ്ധിക്കുന്ന പ്രതാപാഗ്നികൊണ്ടു് എല്ലാ വൈരാകരന്മാരെയും (ശത്രുക്കളെ) ശമിപ്പിച്ചവരായി. പാരിൽ..........ശാന്തരാണാം=ലോകത്തിൽ വിളികൊണ്ട കീർത്തിയാകുന്ന പുഷ്പപുഷ്പത്താൽ ദിഗന്തരങ്ങളെ സുരഭീകരിച്ചവരായിരിക്കുന്ന (കുരൂണാം എന്നതിൻെറ വിശേഷണങ്ങൾ). ചാരുശ്രീശാലി=മനോഹരയായ ശ്രീയോടുകൂടിയ. നാഗാഹ്വയം=നാഗത്തിൻെറ (ഗജത്തിൻെറ) പേരുള്ള. പുരം=പുരി (ഹസ്തിനാപുരി). അമ്ലാനം=വാട്ടമില്ലാത്തതു്. ആസീൽ=ഭവിച്ചു. കുരൂണാം=കുരുരാജാക്കന്മാർക്കു്. ഭുജബലവും പ്രതാപവും കീർത്തിയും തികഞ്ഞ കൗരവരാജാക്കന്മാർക്കു ഹസ്തിനാപുരി എന്നൊരു രാജധാനിയുണ്ടായിരുന്നു. വൃത്തം സ്രഗ്ദ്ധര.

൫. യാ=യാതൊരു പുരി. ഹസ്തിനാമ്നാ=ഹസ്തി എന്നു പേരുള്ള. കുലപുംഗവേന=കുലശ്രേഷ്ഠനാൽ. വസ്വൌകസാരാ=അളകാപുരി. ഇവ=പോലെ. ധനാധിപേന=വൈശ്രവണനാൽ. വിനിർമ്മിതാ=നിർമ്മിക്കപ്പെട്ടതാണു്. യൽ=എന്നതു യാതൊന്നു്. പ്രഥിതാ=പ്രസിദ്ധയാകുന്നു. ജഗത്യാം=ജഗതിയിൽ (ലോകത്തിൽ). തതഃ=അതിനാൽ. പുരീ=പുരം. ഹസ്തിനനാമധേയാ=ഹസ്തിനമെന്നു പേരുള്ളതായി. ഈ പുരി കുരുവംശത്തിലെ പൂർവ്വന്മാരിൽ ശ്രേഷ്ഠനായ ഹസ്തി എന്ന രാജാവിനാൽ നിർമ്മിതയാകയാൽ ഹസ്തിനാപുരി എന്നു പ്രസിദ്ധയായിത്തീർന്നു. ത. ത. ജ. ഗണങ്ങളും രണ്ടു ഗുരുക്കളുമെന്ന ഇന്ദ്രവജ്രാപാദങ്ങളും, ജ. ത. ജ. ഗണങ്ങളും രണ്ടു ഗുരുക്കളുമെന്ന ഉപേന്ദ്രവജ്രാപാദങ്ങളും കലർന്നുവരികയാൽ വൃത്തം ഉപജാതി.

ഗദ്യം ൧. ഹസ്തിനാപുരിയെ വർണ്ണിക്കുന്നു—യസ്യാഃ=യാതൊന്നിൻെറ. വിശാലതയാ=വിസ്താരത്താൽ. നാസ്തി ഇവ=ഇല്ലെന്നപോലെ ഭവിക്കുന്നു. ഭുവനം=ലോകം. ഉച്ചതയാ=ഔന്നത്യത്താൽ. സൌധാനാം=സൌധങ്ങളുടെ. ലോഷ്ടകാഃ ഇവ=മൺകട്ടകൾ പോലെയാകുന്നു. ഗിരയഃ=പർവ്വതങ്ങൾ. രത്നബഹുലതയാൽ=രത്നബാ

ഹുല്യത്താൽ. ആപണകാനാം=അങ്ങാടികളുടെ. രിക്താഃ ഇവ=രിക്ത
ങ്ങൾ (ശൂന്യങ്ങൾ) പോലെയാകുന്നു. ജലനിധയഃ=സമുദ്രങ്ങൾ. ചാ
തുര്യ്യേണ=ചാതുര്യ്യത്താൽ. പൌരാണാം=പുരവാസികളുടെ. ഗ്രാമ്യഃ
ഇവ=ഗ്രാമ്യൻ (അപരിഷ്കൃതൻ) എന്നപോലെയാകുന്നു. മകരകേതുഃ=
കാമൻ. ഗാംഭീര്യ്യേണ=ആഴത്താൽ. ദീർഘികാണാം=കുളങ്ങളുടെ. ഉ
ത്താനം ഇവ=ഉന്നതമെന്നപോലെയാകുന്നു. സാഗരതലം=കടലി
ന്റെ അടി. അതിശയേന=മഹത്വത്താൽ. ശില്പകൃതാം=ശില്പികളു
ടെ. അകിഞ്ചിജ്ഞഃ ഇവ=ഒന്നുമറിയാത്തവനെന്നപോലെയാകുന്നു.
വിശ്വകർമ്മാ=ദേവശില്പി. മതിബലേന=ബുദ്ധിശക്തികൊണ്ട്. ശാ
സ്ത്രകൃതാം=ശാസ്ത്രകാരന്മാരുടെ. പരാചഃ ഇവ=നാശോന്മുഖന്മാരെ
ന്നപോലെയാകുന്നു. കാവ്യാംഗിരസരൌഹിണേയാഃ=കാവ്യൻ (ശു
ക്രൻ), ആംഗിരസൻ (ബൃഹസ്പതി), രൌഹിണേയൻ (ബുധൻ) എ
ന്നിവർ. ഹസ്തിനാപുരിയുടെ വിസ്താരം നോക്കിയാൽ ഭുവനം ഇല്ലം
ത്തുപോലെയാണ് (അത്ര കൃശമാണ്); സൌധങ്ങളുടെ ഉയരം
നോക്കിയാൽ പർവ്വതങ്ങൾ മൺകട്ടകൾക്കു തുല്യം; അങ്ങാടികളിലെ
രത്നബാഹുല്യം കണ്ടാൽ സമുദ്രങ്ങൾ ശൂന്യങ്ങൾപോലെയാണ്;
പൌരന്മാരുടെ ചാതുര്യ്യം നോക്കിയാൽ കാമദേവൻ ഗ്രാമ്യപ്രായനാ
കുന്നു; കുളങ്ങളുടെ ആഴം കണ്ടാൽ സമുദ്രങ്ങൾ കുണ്ടില്ലാത്തവയാണ്;
ശില്പികളുടെ വൈദഗ്ദ്ധ്യം നോക്കിയാൽ വിശ്വകർമ്മാവു കേവലം അ
ജ്ഞനാകുന്നു; ശാസ്ത്രകാരന്മാരുടെ ബുദ്ധിശക്തി കണ്ടാൽ ശുക്രനും
ബൃഹസ്പതിയും ബുധനും വിനാശോന്മുഖന്മാരെന്നപോലെയാകുന്നു.
യസ്യാം=യാതൊരു പുരിയിൽ. ഭൌമസുധാസമുചിതാഃ=ഭൂമിയിലു
ള്ള സുധ (കുമ്മായം; അമൃതമെന്നും) കൊണ്ടു പരിചയിച്ച. ദിവ്യസു
ധാസ്വാദലോലാഃ ഇവ=സ്വർഗ്ഗത്തിലെ സുധയുടെ ആസ്വാദത്തിൽ
ഇച്ഛയുള്ളവയായിട്ടോ എന്നു തോന്നുമാറ്. രജനീഷു=രാത്രികളിൽ.
രജനീകരം=ചന്ദ്രനെ. ഉല്ലിഹന്തി=നക്കുന്നു. ലോല............രസ
നാഃ=ഇളകുന്ന ധ്വജദുകൂലജാലങ്ങൾ (കൊടിക്കൂറക്കൂട്ടങ്ങൾ) ആകുന്ന
നാവുകളോടുകൂടിയ. പ്രാസാദപംക്തയഃ=പ്രാസാദനിരകൾ. ഭൂമി
യിലെ സുധയെ പരിചയിച്ചിട്ടുള്ള പ്രാസാദങ്ങൾ, സ്വർഗ്ഗത്തിലെ
സുധയെ ആസ്വദിക്കുന്നതിൽ സക്തിപൂണ്ടോ എന്നു തോന്നുമാറ്,

ആകാശത്തിലാടിക്കളിക്കുന്ന കൊടിക്കൂറകളാകുന്ന നാവുകൾകൊണ്ടു്, രാത്രികളിൽ സുധാമൂർത്തിയായ ചന്ദ്രനെ നക്കുന്നു. ശിവശിവ= ആശ്ചര്യം. സമാനം=തുല്യം. കൌരവരാജപുരീമഹിമാനം=ഹസ്തിനാപുരിയുടെ മഹത്വത്തെ. പ്രതിമുഹുഃ=വീണ്ടും വീണ്ടും. പുരന്ദര...... ...വലയങ്ങളിൽ=ഇന്ദ്രരാജധാനിയുടെ ബാഹ്യോദ്യാനത്തിലെ വള്ളിക്കെട്ടുകളിൽ. അതനു=ഏററവും, അഞ്ചിതകാന്തി=മനോഹരകാന്തിയോടുകൂടി (ക്രി. വി). പുരവര..........കദംബാ=പൌരനാരീമണിസമൂഹത്തിൻെറ ബിംബങ്ങൾ (പ്രതിബിംബങ്ങൾ)കൊണ്ടു ഫലായിതം (പ്രതിഫലിച്ചതു) ആയ ഭുവനസമൂഹത്തോടുകൂടിയതു്. ആശ്ചര്യം, കുരുരാജധാനിയുടെ മഹത്വം പറവാൻ എന്തൊന്നാണു സമാനമായിട്ടുള്ളതു്! വീണ്ടും വീണ്ടും വീശുന്ന കാററിൻെറ വേഗത്താൽ ആടിയുലഞ്ഞു ഇന്ദ്രരാജധാനിയുടെ ബാഹ്യോദ്യാനത്തിലെ വള്ളിക്കുടിലുകളിൽ കെട്ടിപ്പിണഞ്ഞു കിടക്കുന്ന വലിയ കൊടിക്കൂറകൾകൊണ്ടു അത്യന്തം ഭംഗിയോടുകൂടി വിളങ്ങുന്ന വെണ്മാളികയിൽ അരങ്ങു കയറിയ പൌരനാരീമണിമാരുടെ പ്രതിബിംബങ്ങൾ പ്രതിഫലിച്ച ലോകങ്ങളോടുകൂടിയതാണു ഹസ്തിനാപുരി. മാളികയിലിരിക്കുന്ന നാരിമാരുടെ പ്രതിബിംബങ്ങൾ ലോകത്തിലെല്ലാം പതിയത്തക്കവിധം അത്ര ഉന്നതങ്ങളായ മാളികകളോടുകൂടിയ തന്നെന്നു സാരം. പവനവിലോളിതതോരണമാലകളോടു=കാററിനാലടിക്കപ്പെട്ട തോരണകമാലകളോടു. അംബരവീഥിയിൽ=ആകാശമാർഗ്ഗത്തിൽ. പുരപ്രവരത്തൊടു=ശ്രേഷ്ഠയായ പുരിയോടു. അവനിതലത്തിൽ=ഭൂമിയിൽ. ഘനാവലി=മേഘപംക്തി. ധൈര്യം=അവികാരിത്വം. ഉന്നതി=ഔന്നത്യം. അതിദീനതയാ=അതിദൈന്യത്തോടുകൂടി. ശരണാർത്ഥം=ശരണം പ്രാപിപ്പാൻ. കുലാദ്രിപരമ്പരാ=കുലപർവ്വതസമൂഹം. വിമലമണിദ്യുതി=നിർമ്മലങ്ങളായ രത്നങ്ങളുടെ പ്രഭ. ജഗത്രിതയത്തിൽ=ത്രൈലോക്യത്തിൽ. അടിപെട്ടു്=കീഴടങ്ങി. അഅപധൃതി=ധൈര്യം കൂടാതെ (ക്രി. വി). ഭുവനകടാഹതമസ്തതി= ലോകകടാഹത്തിലുള്ള ഇരുൾക്കൂട്ടം. നിരവധി=അവധികൂടാതെ (ക്രി. വി). മദജലധാരാവർഷം=മദജലപ്രവാഹമാകുന്ന മഴ. മഹീതലം=ഭൂതലം. നടക്കരുതാതവഴിക്കു=നടക്കരുതാത്തവിധം. ഝലം ഝ

ലനെന്നു്=ഝലം ഝലമെന്നിങ്ങനെ. മണിനിക്വണിതം=മണിനാദം. ഭടപ്രവരന്നു=വീരഭടനു. കൊടുപ്പം=ഉഗ്രത. മദ............ന്ധത=മദജലപാനത്താലുണ്ടായ മദംകൊണ്ടുള്ള അന്ധത. വെരിണ്ടു്=വിരണ്ടു്. ഗിരിപ്രവരം=പൎവ്വതവരനെക്കുറിച്ചു. മനശ്ശില=മനയോല. വാരു=ഭംഗിയോടുകൂടി (ക്രി. വി). അതി............ഗംഭീരാകൃതി=ഏററവും ശോഭിച്ച കുംഭങ്ങളുടെ (മസ്തകങ്ങളുടെ) ഔന്നത്യത്താൽ ഗംഭീരമായ ആകൃതിയോടുകൂടിയ. കുംഭീന്ദ്രാവലി=ആനത്തലവന്മാരുടെ കൂട്ടം. കഥചനഭാഗേ=ഒരു ഭാഗത്തു്. കാററടിച്ചു ചലിപ്പിച്ച തോരണമാലകളോടടികൊണ്ടു ആകാശവീഥിയിലെങ്ങും നടപ്പാൻ മേലാതായിരിക്കുന്നു എന്നു രാജധാനിയോടുണൎത്തിപ്പാൻവേണ്ടി ഭൂമിയിലിറങ്ങിയ മേഘപംക്തിയോ എന്നു തോന്നുമാറും, ധൈൎയ്യംകൊണ്ടും ഔന്നത്യംകൊണ്ടും കുരുനൃപന്മാരോടു തോററു ദൈന്യം പൂണ്ടു ശരണം പ്രാപിപ്പാൻ വന്ന കുലപൎവ്വതനിരയോ എന്നു തോന്നുമാറും, നാനാദിക്കുകളിൽ പതിച്ചിട്ടുള്ള രത്നങ്ങളുടെ പ്രകാശംകൊണ്ടു മൂന്നുലോകത്തിലും ഇരിപ്പാൻ വയ്യാതായിട്ടു കിഴിഞ്ഞു ധൈൎയ്യം കെട്ടുവശായ ബ്രഹ്മാണ്ഡകടാഹത്തിലെ അന്ധകാരപടലമോ എന്നു തോന്നുമാറുമിരിക്കുന്നവയും, അവധിയില്ലാതെ വൎദ്ധിച്ച മദജലവൎഷംകൊണ്ടു ഭൂമി മുഴുവൻ വഴുക്കു പിടിക്കുകയാൽ നടക്കാൻ മേലാതായും ചങ്ങലയുടെ ഝലൽക്കാരംകൊണ്ടു മുഴങ്ങുന്ന മണിനാദംകൊണ്ടു ലോകത്തെ നടുക്കിയും വീരനായ ഭടനുപോലും തടുപ്പാൻ വയ്യാത്തവിധം കൊടുപ്പം കലൎന്നും മദജലപാനത്താലുള്ള മദംകൊണ്ടു കണ്ണുകാണാതാകയാൽ ഇരുട്ടുകണ്ടു വിരണ്ടു മലയിൽ ചാഞ്ഞു തിരിഞ്ഞപ്പോൾ കൊമ്പുകളിൽ മനയോലപുരണ്ടു ഭംഗിയേറിയ മസ്തകങ്ങൾ പൂണ്ടും ശോഭിക്കുന്നവയുമായ അനവധി ആനത്തലവന്മാർ ഒരു ഭാഗത്തു്. കടുനിനദം=കഠിനമായ ശബ്ദത്തോടുകൂടി (ക്രി. വി). കടിവാളയർ=കടിഞ്ഞാൺ. നിരൎഗ്ഗളവേഗഭരം=നിരൎഗ്ഗളമായ (തടസ്ഥമില്ലാത്ത) വേഗാതിശയത്തോടുകൂടി(ക്രി. വി). പല ഭംഗികളിൽ=പല ഗതിഭേദങ്ങളിൽ. ചേവകർ=കുതിരച്ചേവകർ. കലിത............കുലം=ചെയ്യപ്പെട്ട കശാഘാതത്തിൽനിന്നു് (ചമ്മട്ടികൊണ്ടുള്ള അടിയിൽനിന്നു്) ഉള്ള ഭയത്താൽ ആകുലമാകുംവണ്ണം (ക്രി. വി). ഹേഷാ......

......ഭൂഷണം=ഘോഷാരവങ്ങളെക്കൊണ്ടു മുഖരങ്ങൾ (ശബ്ദായമാനങ്ങൾ) ആക്കിച്ചെയ്യപ്പെട്ട സർവ്വദിങ്മുഖങ്ങളിൽ ഘണഘണനം (ഘണഘണനശബ്ദം)ത്തോടുകൂടി വിരാജിച്ച കളചാമരഭൂഷണത്തോടുകൂടി (ക്രി. വി). പ്രളയ..........മാലകൾ=പ്രളയകാലത്തു മഹാസമുദ്രത്തിലുള്ള തിരമാലകൾ. ചിറകിയലാത=ചിറകില്ലാത്ത. മഹാഖഗ........പരമ്പര=മഹാനായ പക്ഷിരാജന്റെ (ഗരുഡന്റെ) പലവിധമുള്ള രൂപസമൂഹങ്ങൾ. വിജിതമനോജവം=ജയിക്കപ്പെട്ട മനോവേഗത്തോടുകൂടി (ക്രി. വി). അതിചതുരം=അത്യന്തചതുരമാകുംവണ്ണം. നഭോന്തരം=ആകാശമദ്ധ്യം: മഹാശ്വസമൂഹം=വലിയ കുതിരകളുടെ കൂട്ടം. വലിയ ശബ്ദത്തോടുകൂടി കടിഞ്ഞാണുകൾ കെട്ടി അതിവേഗേന പല ഗതിഭേദങ്ങളിൽ പരുമാറിക്കുന്ന കുതിരച്ചേവകന്മാർ ചെയ്യുന്ന കശാപ്രഹരത്തെ ഭയപ്പെട്ടു സംഭ്രമത്തോടുകൂടി പുറപ്പെട്ട ഘോഷാരവങ്ങളെക്കൊണ്ടു ശബ്ദായമാനമാക്കിച്ചെയ്യപ്പെട്ട ദിങ്മുഖങ്ങളിൽ ഘണഘണശബ്ദത്തോടെ ശോഭിച്ച അശ്വാലങ്കാരങ്ങളായ ചാമരങ്ങളോടുകൂടിയും, അത്യന്തം ശോഭിക്കുന്ന പ്രളയസമുദ്രത്തിരമാലകൾപോലെയും ഗരുഡന്റെ ചിറകില്ലാത്ത നാനാരൂപസമൂഹംപോലെയും മനോവേഗത്തെ അതിശയിച്ച അതിചതുരമാകുമാറു കുതരുന്ന കുളമ്പുകളിലെ പൊടികൊണ്ടു ആകാശദേശമെല്ലാം മൂടിയും മദിച്ചു കളിക്കുന്ന കുതിരക്കൂട്ടം മറെറാരു ഭാഗത്തു്. ചതുരവ്യാപാരക്രമകലവി=ചതുരങ്ങളായ വ്യാപാരക്രമങ്ങളിൽ (യുദ്ധകർമ്മക്രമങ്ങളിൽ) ഉള്ള അഭ്യാസം. സമത്സരം=മത്സരത്തോടുകൂടി, ഉദ്ധതബദ്ധമദം=ഉദ്ധതമാകുംവണ്ണം ബന്ധിക്കപ്പെട്ട മദത്തോടുകൂടി (ക്രി. വി) ഗദ..........കൃപാണമുഖം=ഗദ, പരിഘം, കടുത്തല, ചുരിക, പരശ്വധം (മഴു), ശരാസനം=വില്ലു്, ബാണം, കൃപാണം=വാൾ മുതലായ. പരമായുധജാലം=ശ്രേഷ്ഠങ്ങളായ ആയുധങ്ങളുടെ സമൂഹം. ചെറുമാ=ചെറുപ്പക്കാരാ. നോക്കിത്തടു=നോക്കിത്തടുക്കു്. വാൾമിടമ=വാൾമിടുക്കു്. വൃഥാ നടവാതെ=വെറുതെ നടക്കരുതേ. ചവളക്കാരൻ=ചവളമെന്ന ആയുധമേന്തിയവൻ. ചതുരൻ=സമർത്ഥൻ. പളകല്ല=ഭോഷ്കല്ല. ഇടയിലിളക്കും=ഇടയിൽ പ്രയോഗിക്കും. പൊഴുതുപെടാത=ഇടകിട്ടാത്ത. അച്ചോ=അയ്യോ. വഴസാൻ=തെററുവാൻ.

ഒടുക്കം=അവസാനം. ഹുംകൃതി=ഹുങ്കാരം. അണഞ്ഞു പറഞ്ഞും=അടുത്തുചൊല്ലിയും. അലിഞ്ഞു പുകന്നും=കനിഞ്ഞു പുകഴ്ത്തിയും. അഖണ്ഡിതഗൎവ്വം=ഖണ്ഡിതമല്ലാത്ത ഗൎവ്വത്തോടുകൂടി, അഖൎവ്വബലം=വലുതായ ബലത്തോടുകൂടി (ക്രി. വി). മാററലർ=ശത്രുക്കൾ. രണോ...... ......ഭടനിര=യുദ്ധത്തിങ്കൽ ഉത്ഭവിച്ച രൌദ്രരസത്തോടുകൂടിയ സേനാഭടന്മാരുടെ സമൂഹം. യുദ്ധകൎമ്മക്രമങ്ങളുടെ അഭ്യാസം പൂണ്ടു്, മത്സരത്തോടുകൂടി ഔദ്ധത്യവും മദവും കലൎന്നു ഗദ മുതലായ വരായുധങ്ങളെടുത്തു പിടിച്ചു നടിച്ചു "ചെറുക്കാ നോക്കിത്തടുക്ക്" എന്നു മുതലായ വാക്കുകൾ അത്യന്തഹുങ്കാരത്തോടുകൂടി പരസ്പരം പറഞ്ഞും വാഴ്ത്തിയും അതിഗൎവ്വത്തോടും അതിബലത്തോടുംകൂടി ശത്രുക്കളുടെ നാററം കേട്ടാൽ ചീററം പൂണ്ടു യുദ്ധത്തിങ്കൽ രൌദ്രരസത്തോടുകൂടി വൎത്തിക്കുന്ന സേനാഭടന്മാരുടെ സമൂഹം ഒരു ഭാഗത്തു്. മാളവഭൂമിപൻ=മാളവരാജാവു്. വൈദൎഭൻ=വിദൎഭരാജാവു്. ദിനാൎദ്ധം=പകലിന്റെ പകുതി. തുലുഷ്കൻ=തുലുഷ്കരാജാവു്. സാല്വൻ=സാല്വരാജാവു്. നിത്യപുരസ്സരവൃത്തി=നിത്യവും തിരുമുമ്പിൽ നിൽക്കുന്ന പ്രവൃത്തി. തിഷ്ഠ=നിൽക്കു. കലിംഗൻ=കലിംഗരാജാവു്. തിഷ്ഠതിയെന്നി=നില്പുകൂടാതെ (താമസംകൂടാതെ). അഹമഹമികയാ=ഞാൻ ഞാൻ മുമ്പെന്ന ബുദ്ധിയോടുകൂടി. ഗോപുരമാൎഗ്ഗേ=ഗോപുരമാൎഗ്ഗത്തിൽ. ദൌവാരികനിര=ദ്വാരപാലസമൂഹം. മഹാരാജാവിന്റെ തിരുമുമ്പാകെ കണ്മാൻ ഞാൻ ഞാൻ മുമ്പെന്ന ധൃതിയോടുകൂടി ഗോപുരദ്വാരത്തിൽ തിക്കിക്കൂടിയ നാനാരാജാക്കന്മാരെ കണ്ടും യഥോചിതം ഓരോന്നു പറഞ്ഞും അയച്ചും സ്വകൃത്യം നടത്തുന്ന ദ്വാരപാലന്മാരുടെ സമൂഹം ഒരു ഭാഗത്തു്. വീണാ..........വാദിത്രൈഃ=വീണ, വേണു=ഓടക്കുഴൽ, മൃദംഗം, കാഹളം, ദുന്ദുഭി=പെരുമ്പറ എന്നിവയുടെ നിസ്വനങ്ങൾകൊണ്ടും ഝൎഝരിക=കൊമ്പു മുതലായ മനോഹരവാദ്യങ്ങൾകൊണ്ടും. വാദികൾവൃന്ദം=വാദ്യക്കാരുടെ സമൂഹം. വീണ മുതലായവയുടെ ശബ്ദങ്ങളെക്കൊണ്ടു ലോകം മുഴക്കുന്ന വാദ്യക്കാരുടെ സമൂഹം ഒരു ഭാഗത്തു്. അതീവ=ഏററവും, വിചിത്രത=വൈചിത്ര്യം. മഹേന്ദ്രപുരം=ഇന്ദ്രരാജധാനിയെ. പുനരുക്തമാക്കി=രണ്ടാമതു പറയപ്പെട്ടതാക്കി. നിരൎഗ്ഗളശോഭം=തടവില്ലാത്ത ശോഭയോടുകൂടിയതായിട്ടു. കരിപുരം=ഹസ്തിനപുരം. ആസീൽ=ഭവിച്ചു. മേൽപ്രകാരം

നാനാവൈചിത്ര്യം കലൎന്നു ദേവേന്ദ്രനഗരത്തേക്കാളധികം ശോഭനമായി ഭവിച്ചു ഹസ്തിനപുരം. ഈ ഗദ്യത്തിൽ "പ്രാസാദപംക്തയഃ" എന്നുവരെയുള്ള സംസ്കൃതഭാഗംകൊണ്ടു ഹസ്തിനാപുരിയുടെ രചനാവൈഭവവും, മണിപ്രവാളഭാഗത്തിൽ "ഭടനിര കഥചന ഭോഗേ" ഇത്യന്തംകൊണ്ടു ഗജാശ്വപദാതികളുടെ സമൃദ്ധിയും സാമൎത്ഥ്യവും, "ദൌവാരികനിര കഥചന ഭോഗേ" ഇത്യന്തംകൊണ്ടു കൌരവരാജാക്കന്മാരുടെ സമസ്തസാമന്തചക്രവൎത്തിത്വവും, ശേഷം ഭാഗംകൊണ്ടു വാദിത്രവൈചിത്ര്യവും വൎണ്ണിതമായിരിക്കുന്നു.

൩. തസ്മിൻ ഇന്ദ്രപുരോപമെ പുരവരെ=ആ ഇന്ദ്രപുരതുല്യമായ ശ്രേഷ്ഠപുരത്തിൽ. നൃപാണാം=രാജാക്കന്മാരുടെ. കുലെ=വംശത്തിൽ. മദ്ധ്യേ=മദ്ധ്യത്തിൽ. സത്യവതീസുതാൽ=വ്യാസനതിങ്കൽനിന്നു. പുനഃ=പിന്നെ. അഭൂതാം=ഭവിച്ചു. ദ്വൌ നൃപാലാങ്കുരൌ=അങ്കുരങ്ങൾ (മുളകൾ) പോലെയുള്ള രണ്ടു രാജാക്കന്മാർ. വിഖ്യാതൌ=പ്രസിദ്ധന്മാരായി. അനുരൂപൌ=അന്യോന്യസദൃശന്മാരായിട്ട്. ഗിരിപ്രസ്ഥേ=പൎവ്വതത്തിന്റെ സാനുവിൽ. പ്രസ്തുതവിക്രമൌ=പ്രസ്തുതം (ആരബ്ധം) ആയ പരാക്രമത്തോടുകൂടിയ. ഇവ=പോലെ. സഗൎഭ്യൌ=സോദരന്മാരായ. സിംഹാൎഭകൌ=സിംഹബാലന്മാർ. ആ ഹസ്തിനാപുരിയിൽ വാഴുന്ന രാജാക്കന്മാരുടെ വംശത്തിൽ, പണ്ടു വ്യാസമുനിയുടെ ബീജത്തിൽനിന്നു ധൃതരാഷ്ട്രനെന്നും പാണ്ഡുവെന്നും പ്രസിദ്ധന്മാരായി പരസ്പരസദൃശന്മാരായ രണ്ടു രാജപുത്രന്മാരുണ്ടായി. അവർ പൎവ്വതത്തിന്റെ താഴ്വരയിൽ വിക്രമം പ്രകടിക്കുന്ന രണ്ടു സിംഹപോതങ്ങളോടു തുല്യന്മാരായിരുന്നു. അലങ്കാരം ഉപമ. മ. സ. ജ. സ. ത. ത. എന്നീ ഗണങ്ങളും അന്ത്യഗുരുവും പന്ത്രണ്ടിൽ യതിയും വന്നിരിക്കയാൽ വൃത്തം ശാൎദ്ദൂലവിക്രീഡിതം. "പന്ത്രണ്ടാൽ മസജം സതം തഗുരുവും ശാൎദ്ദൂലവിക്രീഡിതം" എന്നു ലക്ഷണം.

൪. ആദ്യഃ=ആദ്യത്തവൻ. തത്ര=അവിടെ. തയോഃ=അവരിൽ വെച്ച്. അപേതനയനഃ=കണ്ണില്ലാത്തവനായ. വിശ്വംഭരാമണ്ഡലം=ഭൂമണ്ഡലത്തെ. അനുജേ=അനുജനിൽ. നിജേ=തന്നെസ്സംബന്ധിച്ച. നിഹിതവാൻ=നിധാനംചെയ്തു. നീതിപ്രതാപാംബുധിഃ=നീതിപ്ര

താപങ്ങൾക്കു സമുദ്രമായ. ധാത്രീം=ഭൂമിയെ. പാലയൻ=പാലിക്കുന്നവനായി. നഗം........ഭംഗാ=പാലാഴിയിലെ തിരമാലകളുടെ ശോഭപോലെയുള്ള ശോഭയോടുകൂടിയ. കീർത്ത്യാ=കീർത്തികൊണ്ടു. പാണ്ഡുരി...........ഭുവനഃ=പാണ്ഡുരിതങ്ങളായ (വെളുപ്പിക്കപ്പെട്ട) സർവ്വത്രിഭുവനങ്ങളോടുകൂടിയവനായിട്ട്. പാണ്ഡുഃ=പാണ്ഡുരാജാവ്. ചകാശേതരാം=ഏററവും ശോഭിച്ചു. അവരിൽവച്ച് ജ്യേഷ്ഠനും നീതിപ്രതാപങ്ങൾക്കൊരു സമുദ്രവുമായ ധൃതരാഷ്ട്രൻ അന്ധനായിരുന്നതുകൊണ്ട് ഭൂഭാരം അനുജനിൽ അർപ്പിച്ചു. പാണ്ഡുവാകട്ടെ ഭൂമിയെ പരിപാലിച്ചുംകൊണ്ട്, പാലാഴിയിലെ തിരമാലകൾപോലെ വെളുത്ത കീർത്തികൊണ്ടു മൂന്നു ലോകങ്ങളേയും ധവളമാക്കിത്തീർത്ത് ഏററവും ശോഭിച്ചു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൮. കാലേ=കാലത്തിങ്കൽ. കല്യാണശീലാം=ശുഭശീലയായ. സുബലസുതാം=സുബലരാജപുത്രിയായ (ഗാന്ധാരിയെന്ന). ആംബികേയഃ=അംബികാപുത്രനായ. മഹാത്മാ=മഹാത്മാവ് (ധൃതരാഷ്ട്രൻ). ബാലാം=ബാലയെ. തത്ര=അവിടെ. ഉപയേമേ=വിവാഹംചെയ്തു. പുകൾ............കീർത്ത്യാ=ശ്രുതിപ്പെട്ട പാതിവ്രത്യകീർത്തികൊണ്ട്. അഭിരാമാം=മനോഹരയായ. കുന്തിഭോജന്=കുന്തിഭോജനെന്ന യാദവന്. അഭിമതതനയാം=പ്രിയപുത്രിയായ. ലബ്ധ്വാ=ലഭിച്ചിട്ട്. മാദ്രീം ച=മാദ്രിയേയും. ലേഭേ=ലഭിച്ചു. തദനു=പിന്നെ. തദനുജന്മാ=അദ്ദേഹത്തിന്റെ അനുജൻ. അപി=ആകട്ടെ. രമ്യാംഗലേഖാം=മനോഹരാംഗിയായ. ധൃതരാഷ്ട്രൻ പാതിവ്രത്യനിഷ്ഠകൊണ്ടു പ്രഖ്യാതയായ ഗാന്ധാരിയെ വേട്ടു. അദ്ദേഹത്തിന്റെ അനുജനാകട്ടെ ആദ്യം കുന്തിയേയും, പിന്നെ സുന്ദരാംഗിയായ മാദ്രിയേയും വിവാഹം ചെയ്തു. വൃത്തം സ്രഗ്ദ്ധര.

൯. തസ്മിൻ കാലേ=അക്കാലത്തു. കദാചിൽ=ഒരിക്കൽ. കൊടിയ=ഘോരമായ. ഗിരിവനേ=പർവ്വതവനത്തിൽ. നായാട്ടുലീലാം=മൃഗയാലീലയെ. ചക്രേ=ചെയ്തു. ജായാസഹായഃ=ഭാര്യാസമേതനായിട്ട്. ക്ഷിതിതലഭരണേ=ഭൂഭരണത്തിൽ. പാണ്ഡിത്യശാലീ=പാണ്ഡിത്യമുള്ളവനായ. നൂനം=നിശ്ചയം. ഉദ്ഭൂതഃ=ഉണ്ടായി. ഹാ ഹ

ന്ത=കഷ്ടം കഷ്ടം. കാന്താപരിചയവിരസഃ=കാന്തമാരോടുള്ള പരിചയത്തിൽ (സംയോഗത്തിൽ) വിരസമായ. കോപി ശാപഃ=ഒരു ശാപം. മുനീന്ദ്രാൽ=മഹർഷിവര്യങ്കൽനിന്നു്. മൃഗയാനിപുണനായ പാണ്ഡു ഒരിക്കൽ ഭാര്യാസമേതനായി ഘോരാരണ്യത്തിൽ ചെന്നു നായാട്ടു ചെയ്തു. അപ്പോൾ, ദൈവവിധി അലംഘ്യംതന്നെ, അദ്ദേഹത്തിന്നു പ്രിയാസംയോഗംചെയ്യാൻ വയ്യാതാക്കിത്തീർക്കുന്ന ഒരു മുനിയുടെ ശാപം ഏററു. വൃത്തം സ്രഗ്ദ്ധര.

൧൦. സന്താനപ്രാപ്ത്യുപായം=സന്താനലാഭത്തിന്നുള്ള ഉപായം. നരപതെ തത്ര=ആ രാജാവു്. ദധാനെ=ധരിക്കുന്നവനായി. സന്താപം=ദുഃഖത്തെ. ജാതദീർഘശ്വസിതം=ജാതങ്ങളായ ദീർഘശ്വാസങ്ങളോടുകൂടി (ക്രി. വി). അതിപരിമ്ലാനവക്ത്രാരവിന്ദെ (സതി)=ഏററവും വാടിയ മുഖപത്മത്തോടു കൂടിയവനായിരിക്കും വിഷയത്തിങ്കൽ. കുന്തീ=കുന്തീദേവി. അന്തികെ=അടുക്കൽ. കുന്തളനിരയിൽ=പുരികുഴൽ നിരയിൽ. അന്തരാ=മദ്ധ്യത്തിൽ. മന്ദഹാസസ്യന്ദാലങ്കാരി=മന്ദഹാസത്തിൻെറ സ്യന്ദം (പ്രവാഹം) ആകുന്ന അലങ്കാരത്തോടുകൂടിയ. പങ്കേരുഹരുചി=താമരപ്പൂവുപോലെ കാന്തിയുള്ള. വദനം=മുഖം. ഏവം ഊചേ=ഇങ്ങനെ പറഞ്ഞു. സന്താനലാഭത്തിന്നുള്ള ഉപായമാലോചിച്ചു സന്താപംപൂണ്ടു നെടുവീർപ്പിട്ടുംകൊണ്ടു മഹാരാജാവു പാണ്ഡു വാടിയ മുഖാരവിന്ദത്തോടു കൂടിയിരിക്കുമ്പോൾ കുന്തീദേവി അരികെ ചെന്നു പുരികുഴൽനിരയിൽ മറഞ്ഞു് അതിനുള്ളിൽക്കൂടെ പൊഴിയുന്ന പുഞ്ചിരികൊണ്ടണിഞ്ഞതും പങ്കജംപോലെ ശോഭിക്കുന്നതുമായ മുഖം താഴ്ത്തി നിന്നുംകൊണ്ടു് ഇങ്ങനെ പറഞ്ഞു. കുന്തളനിരയിൽ മറഞ്ഞതും മുഖം താഴ്ത്തിയതും തൽക്കാലസ്ഥിതിക്കു പാണ്ഡുവിൻെറ മുമ്പിൽ പ്രത്യക്ഷദർശനം നിഷിദ്ധമാകയാലാണു്. മന്ദഹാസസ്യന്ദാലങ്കാരി എന്ന മുഖവിശേഷണം കൊണ്ടു ഭർത്തൃവിയോഗദൂനയായ കുന്തിയുടെ മുഖത്തിന്നു് ഇതരാലങ്കാരരാഹിത്യം വ്യഞ്ജിക്കുന്നു. വൃത്തം സ്രഗ്ദ്ധര.

൧൧. കുരുവംശദീപ=കുരുവംശത്തിന്നു വിളക്കായിട്ടുള്ളവനേ! നയം=നീതി. പ്രാപ്യം തൊട്ടു=പ്രാപ്യം (പ്രാപ്തി) മുതൽക്കു്. ഉചി

തം=യുക്തം. നരേന്ദ്ര=രാജാവേ! കഥയേ=ഞാൻ പറയുന്നു. അൎത്ഥാന്തരം=മറെറാരു കാൎയ്യം. ഗോപ്യം=മറയ്ക്കപ്പെടേണ്ടതു്. മുനിവരാൽ=മുനിശ്രേഷ്ഠങ്കൽനിന്നു്. കോപപ്രിയാൽ=കോപം പ്രിയമായവനായ. (കോപപ്രിയനായ മുനിവരൻ ദുൎവ്വാസസ്സ്). സേവ=ശുശ്രൂഷ. ആപ്തം=ലഭിക്കപ്പെട്ട. ആത്മാൎത്ഥിതാകൎഷണം=ആത്മാൎത്ഥിതനെ (സ്വാഭീഷ്ടനെ) ആകൎഷിക്കുന്നതു്. ഹേ കുരുകുലപ്രദീപമേ, നമസ്കാരം. കേൾക്കുമ്പോൾ നയമല്ലാത്തതെന്നു തോന്നുമെങ്കിലും സാധിക്കുന്നതു മുതൽക്കുചിതമായ ഒരു കാൎയ്യം ഞാൻ പറയുന്നു. ഞാൻ പണ്ടു മഹാമുനിയായ ദുൎവ്വാസസ്സിനെ ശുശ്രൂഷിച്ച് അദ്ദേഹത്തിൽനിന്നു സമ്പാദിച്ച ഒരു മന്ത്രമുണ്ടു്; അതു നമുക്കു മനസ്സിൽ വിചാരിച്ചവനെ ആകൎഷിച്ചു കൊണ്ടുവരുന്നതാണു്. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൧൨. ഏവം=ഈവണ്ണം. അത്യുദാരം=ഏററവും ഉദാരമായ. വചനം=വാക്കു്. അവനിപാലൻ=രാജാവു്. ആശു=വേഗത്തിൽ. ദേവീം=ദേവിയോടു്. മംഗല്യം അസ്തു=മംഗളം ഭവിക്കട്ടെ. പ്രണയിനി=പ്രിയേ! തവ=നിനക്കു്. കിം=എന്തു്. തത്ര=അതിൽ. വാക്യൈഃ=വാക്യങ്ങളെക്കൊണ്ടു്. അനേകൈഃ=അനേകങ്ങളായ. ദേവപ്രൌഢേഷു=ദേവശ്രേഷ്ഠന്മാരിൽ. യംകഞ്ചന=ആരെയെങ്കിലും ഒരുവനെ. വരയ=വരിച്ചാലും. വരാംഗി=സുന്ദരി! ചിത്താനുകൂലം=മനസ്സിന്നനുകൂലനായ. ഭാവജ്ഞാം=ഭാവത്തെ അറിയുന്നവളായ. ഭാഗ്യസീമേ=ഭാഗ്യത്തിന്നു സീമയായവളേ! ഭവതു=ഭവിക്കട്ടെ. കുരുകുലാലംബനം=കുരുവംശത്തിന്നു് ആലംബനം (താങ്ങു്). നിൻപ്രസാദാൽ=നിന്റെ പ്രസാദത്താൽ. ഈ ഉദാരമായ വാക്കു കേട്ടു രാജാവു സന്തോഷിച്ചു പറഞ്ഞു—"ഹേ പ്രിയേ, നിനക്കു നന്മ ഭവിക്കട്ടെ. ഇക്കാൎയ്യത്തിൽ അധികമൊന്നും പറയേണ്ടതില്ല. അല്ലയോ ഭാഗ്യത്തിന്റെ പരമകാഷ്ഠയായവളേ! ഭാവജ്ഞയായ നീ ദേവശ്രേഷ്ഠന്മാരിൽ നിനക്കു ബോധിച്ചതുപോലെ ആരെയെങ്കിലും ഒരുവനെ വരിച്ചാലും. നിന്റെ പ്രസാദത്താൽ കുരുകുലത്തിന്നൊരു താങ്ങുണ്ടാകട്ടെ." വൃത്തം സ്രഗ്ദ്ധര.

൧൩. ഇത്ഥം=ഇപ്രകാരം. ഭൎത്തുഃ=ഭൎത്താവിന്റെ. നിയോ

ഗാൽ=നിയോഗത്താൽ. തദനു=അനന്തരം. ഗുണ........ഗണ്യം=ഗുണവാന്മാരിൽവെച്ചു മുമ്പനായ. കുമാരം=പുത്രനെ. മുഗ്ദ്ധാ=സുന്ദരി. ധൎമ്മാൽ=ധൎമ്മരാജങ്കൽനിന്നു. അവാപ്താ=പ്രാപിച്ചു. ജഗതി=ജഗത്തിൽ. വിരു........ലോലം=വിരുതുള്ള ക്ഷത്രധൎമ്മത്തിങ്കൽ അത്യന്തം ലോലനായ (കുമാരം എന്നതിന്റെ വിശേഷണം). സ്പൎദ്ധാശീലാ=മത്സരശീലയായ. അഥ=അനന്തരം. ശതകം=ശതത്തെ. പുത്രകാണാം=പുത്രന്മാരുടെ. പ്രപേദേ=പ്രാപിച്ചു. മദ്ധ്യേ=മദ്ധ്യത്തിൽ. വായോഃ മഹേന്ദ്രാൽ അപി=വായുവിങ്കൽനിന്നും ദേവേന്ദ്രങ്കൽനിന്നും. യദുതനയാ=കുന്തി. ലേഭേ=ലഭിച്ചു. കുമാരൌ=രണ്ടു പുത്രന്മാരെ. ഇങ്ങനെ ഭൎത്താവിന്റെ ആജ്ഞയാൽ കുന്തിദേവി ധൎമ്മരാജങ്കൽനിന്നു ഗുണവാന്മാൎക്കഗ്രഗണ്യനും ക്ഷത്രധൎമ്മത്തിൽ അതിസക്തനുമായ ഒരു പുത്രനെ ലഭിച്ചു. അതിൽപിന്നെ മത്സരസ്വഭാവത്തോടുകൂടിയ ഗാന്ധാരിയും നൂറു പുത്രന്മാരെ ലഭിച്ചു. അതിനിടയിൽ കുന്തീദേവി വായുവിങ്കൽനിന്നൊരു പുത്രനേയും, ദേവേന്ദ്രങ്കൽനിന്നൊരു പുത്രനേയും പ്രാപിച്ചു. വൃത്തം സ്രഗ്ദ്ധര.

൬൪. ആപ്തമന്ത്രബലം=ആപ്തമായ (ലഭിക്കപ്പെട്ട) മന്ത്രബലത്തോടുകൂടുംവണ്ണം (ക്രി. വി). അഗ്രജാഗിരാ=ജ്യേഷ്ഠത്തിയുടെ വാക്കിനാൽ. മധുരഗാത്രവല്ലരീ=മനോഹരാംഗിയായ. അശ്വിദേവയോഃ=അശ്വിദേവന്മാരുടെ. (സകാശത്തിൽനിന്നെന്നു ശേഷം). പ്രാപുവതീ=പ്രാപിച്ചു. അഥ=പിന്നെ. ശുഭൌ കുമാരകൌ=ശുഭന്മാരായ രണ്ടു പുത്രന്മാരെ. പിന്നെ മനോഹരാംഗിയായ മാദ്രിയും ജ്യേഷ്ഠത്തിയുടെ വാക്കുകൊണ്ടു മന്ത്രബലത്തെ ലഭിച്ച് അതുകൊണ്ട് അശ്വിദേവന്മാരിൽനിന്നു നല്ലവരായ രണ്ടു പുത്രന്മാരെ പ്രാപിച്ചു. ര. ന. ര. ഗണങ്ങളും ഒരു ലഘുവും ഒരു ഗുരുവുമാകയാൽ രഥോദ്ധതാ വൃത്തം. "രംനരംലഗുരുവും രഥോദ്ധതാ" എന്നു ലക്ഷണം.

൬൫. അഗ്രേ=മുമ്പിൽ. തത്ര=അവരിൽവെച്ചു. തഥാ ഏവ=അങ്ങനെതന്നെ. നയാബ്ധി=നീതിശാസ്ത്രസമുദ്രം. മാന്യോദയാഃ=മാനിക്കപ്പെടുവാൻ യോഗ്യമായ ജനനത്തോടുകൂടിയ. വിഖ്യാതാഃ=പ്രസിദ്ധന്മാരായ. ശതശൃംഗശൃംഗിണി=ശതശൃംഗപൎവ്വതത്തിൽ. ഏ

തേ=ഋൗ. മുഖ്യൗഃ=മുഖ്യന്മാരായ. പാണ്ഡുസുതാഃ=പാണ്ഡുപുത്രന്മാർ. സമം=ഒരുമിച്ച്. വവൃധിരേ=വളൎന്നു. മുഗ്ദ്ധാപദാനോജ്ജ്വലാഃ=മുഗ്ദ്ധങ്ങളായ അപദാനങ്ങൾ (അത്ഭുതപരാക്രമങ്ങൾ) കൊണ്ടു ശോഭിക്കുന്നവരായി. ആദ്യം യുധിഷ്ഠിരൻ, പിന്നെ ഭീമസേനൻ, പിന്നീട് അൎജ്ജുനൻ, അനന്തരം നകുലൻ, ഒടുവിൽ നീതിനിപുണനായ സഹദേവൻ എന്നിങ്ങനെ മാന്യാവതാരന്മാരും പ്രസിദ്ധന്മാരുമായ പാണ്ഡുപുത്രന്മാരഞ്ചുപേരും ശതശൃംഗപൎവ്വതത്തിന്മേൽ കളിച്ച് മനോഹരങ്ങളായ പല അത്ഭുതപരാക്രമങ്ങളാൽ ശോഭിച്ചുംകൊണ്ടു വളൎന്നു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൬൩. ആ അത്ഭുതപരാക്രമങ്ങളെത്തന്നെ വൎണ്ണിക്കുന്നു—ഉദ്രിക്താൻ=ഉദ്രേകത്തോടു കൂടിയ. കളഭങ്ങളെ=ആനക്കുട്ടികളെ. ഉച്ചൈഃ=ഉയരത്തിൽ. പരേണ=മറേറതുകൊണ്ടു. കേസരിശിശൂൻ=സിംഹക്കുട്ടികളെ. ആകൃഷ്യ=വലിച്ചിട്ട്. ദംഷ്ട്രാഞ്ചലേ=ദംഷ്ട്രാഗ്രത്തിൽ. പ്രത്യേകം=ഓരോരുത്തരും. പ്രസമീക്ഷ്യ=നോക്കീട്ട്. ഭീതിപ്രകോപോൽഗമാൻ=ഭയകോപങ്ങളുടെ ഉൽഗമങ്ങളെ. ബദ്ധൌത്സുക്യഭരം=ബദ്ധമായ ഔത്സുക്യാതിശയത്തോടുകൂടി, അഭയം=ഭയംകൂടാതെ. (ക്രി. വി.) ക്രീഡാം=കളിയെ. ദധുഃ=ചെയ്തു. ബാലകാഃ=ബാലന്മാർ. വീൎയ്യമുള്ള ആനക്കുട്ടികളെ ഇടംകൈകൊണ്ടു ചെവി പിടിച്ചിഴച്ച്, മറേറക്കൈകൊണ്ടു സിംഹക്കുട്ടികളെ പിടിച്ചുവലിച്ച്, അവയുടെ ദംഷ്ട്രാഗ്രത്തിൽ ആനക്കുട്ടികളെ കാണിച്ച്, അവയ്ക്കുണ്ടാകുന്ന ഭയത്തിൻെറയും കോപത്തിൻെറയും സ്ഥിതികളെ ഓരോരുത്തരും വേറെവേറെ നോക്കി ഔത്സുക്യത്തോടുകൂടി ചിരിച്ചുംകൊണ്ട് ആ കുട്ടികൾ ക്രീഡിച്ചു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൬൪. ദേവനു=രാജാവിന്നു (കാമദേവന്നു). ഇഹ=ഇവിടെ. സത്വരം=വേഗത്തിൽ. നിശ്ശങ്കിതവ്യാപാരം=നിശ്ശങ്കിതമായ (ശങ്കയില്ലാത്ത). വ്യാപാരത്തോടുകൂടിയ. പരിതഃ=ചുററും. തദീയസചിവാൻ=അദ്ദേഹത്തിൻെറ സചിവന്മാരെ. ആജ്ഞാപയന്തീ=കല്പിക്കുന്ന. തദാ=അപ്പോൾ. വേത്രലതികാം=ചൂരൽവടിയെ. ആദായ=എ

ടുത്തു്. ഇളം.........ഹാരികാ ഇവ=പുഷ്പബാണന്റെ ദ്വാരപാലികയോ എന്നു തോന്നുമാറു. വാസന്തലക്ഷ്മീഃ=വസന്തശ്രീ. സ്വയം=തന്നത്താൻ. മദനമഹാരാജാവിന്റെ പടപുറപ്പാടു് ഉടനെ ഉണ്ടു്, എന്നു പുറമുള്ള അദ്ദേഹത്തിന്റെ മന്ത്രിമാരോടു കല്പിക്കുവാൻ കാമദേവന്റെ ദ്വാരരക്ഷിയോ എന്നു തോന്നുമാറു വസന്തലക്ഷ്മി ഭൃംഗമാലയാകുന്ന ചൂരൽവടിയും കയ്യിലെടുത്തു വന്നുചേൎന്നു. കയ്യിൽ ചൂരൽവടി പ്രതിഹാരികമാരുടെ അധികാരചിഹ്നമാകുന്നു. കാർവണ്ടിൻനിരയെ വേത്രലതികയായി രൂപണം ചെയ്തിരിക്കുന്നു. ആകയാൽ രൂപകവും ഉൽപ്രേക്ഷയും അലങ്കാരങ്ങൾ. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൱൨. കന്ദളിതമന്ദപവനൈഃ=കന്ദളിതമായ (സംജാതമായ) മന്ദവായുവിനോടുകൂടിയവയും. കള............കീൎണ്ണൈഃ=കളകണ്ഠികളുടെ (കുയിൽപ്പേടകളുടെ) മനോഹരമായ കളകളം (കോലാഹലം)കൊണ്ടു പൂൎണ്ണങ്ങളും. കണ്ഠോ............ഭവൈഃ=കണ്ഠം (വാഗിന്ദ്രിയം)കൊണ്ടു പറയപ്പെട്ട കാമവിഭവത്തോടുകൂടിയവയും. കമ്പിതപഥികൈഃ=കമ്പിപ്പിക്കപ്പെട്ട പഥികന്മാരോടു (വിരഹികളോടു) കൂടിയവയുമായിരിക്കുന്ന. ദിവസൈഃ=ദിവസങ്ങളാൽ. സമാഗതം=ആഗമിച്ചു എന്നുള്ളതുണ്ടായി. മന്ദമാരുതൻ വിയുന്നവയും, കുയിൽപ്പേടകളുടെ മനോഹരമായ കളകളം നിറഞ്ഞവയും, കാമദേവന്റെ വിഭവങ്ങളെ പ്രത്യക്ഷമാക്കിയവയും, വിരഹികളെ വിറപ്പിക്കുന്നവയുമായ ദിവസങ്ങൾ (വാസന്തികദിവസങ്ങൾ) വന്നുചേൎന്നു. ആൎയ്യാവൃത്തം.

ഗദ്യം ൨. തതഃ=അനന്തരം. നിഭൃത...........ഞ്ചിതാ=നിഭൃതതരം (സശബ്ദം) ആയ ഭ്രമണത്തോടുകൂടിയ പരഭൃതവ്രാതത്തിന്റെ (കുയിൽക്കൂട്ടത്തിന്റെ) ചഞ്ചുക്കൾ (കൊക്കുകൾ) ആകുന്ന വിപഞ്ചികളിൽ (വീണകളിൽ)നിന്നു പുറപ്പെട്ട പഞ്ചമം (പഞ്ചമസ്വരം)കൊണ്ടു മനോഹരയായി. സന്തതാ...........പ്രപഞ്ചാ=എല്ലായ്പോഴും ആകുഞ്ചിതമായ (വളയ്ക്കപ്പെട്ട) പഞ്ചശരന്റെ ശരാസനത്താൽ വഞ്ചിക്കപ്പെട്ട സഞ്ചാരത്തോടുകൂടിയ പഥികപ്രപഞ്ചത്തോടു

(വിരഹിസമൂഹത്തോടു)കൂടിയതായി. പ്രമദ..............മാധവീ=പ്രമദഭരം (പ്രകൃഷ്ടമായ മദാതിശയം)കൊണ്ടു ചഞ്ചലങ്ങളായ ചഞ്ചരീകകുലങ്ങൾ (ഭൃംഗനിരകൾ)കൊണ്ടു കഞ്ചുകിതകൾ (സഞ്ജാതകഞ്ചുകകൾ) ആയ മാധവീലതകളോടുകൂടിയതായിരിക്കുന്നു. മാധവീവിഭൂതിഃ=മധുവിനെ (വസന്തത്തെ) സംബന്ധിച്ച ഐശ്വര്യം. ഉദജൃംഭത=വർദ്ധിച്ചു. അനന്തരം, അങ്ങുമിങ്ങും കൂകിപ്പറക്കുന്ന കുയിൽക്കൂട്ടങ്ങളുടെ കൊക്കുകളാകുന്ന വീണകളിൽനിന്നു പഞ്ചമസ്വരത്തെ പുറപ്പെടുവിക്കുന്നതും, എല്ലാസമയത്തും വളയ്ക്കപ്പെട്ട പഞ്ചബാണന്റെ വില്ലുകൊണ്ടു വിരഹികളുടെ സഞ്ചാരത്തെ മുടക്കിയതും, മദഭരം പൂണ്ടു പറക്കുന്ന വണ്ടിണകളെക്കൊണ്ടു മുല്ലവള്ളികളെ ആവരണം ചെയ്യുന്നതുമായ വസന്തകാലവിഭൂതി വർദ്ധിച്ചുവന്നു.

൧൯. സാന്ദ്രം=നിബിഡമായ. വാസന്തലക്ഷ്മീവിഭവം=വസന്തശ്രീയുടെ വിഭവം. വ്യൂഢം=ചുറ്റും. ദിഗന്തേ=ദിങ്മദ്ധ്യത്തിൽ. മാന്താർത്താണേന്ദ്രമഃ=കാമഭ്രമം. അലസധൃതി=മന്ദമായ ധൈര്യത്തോടുകൂടി. (ക്രി. വി.) വനക്രീഡതൊട്ടു=വനക്രീഡ തുടങ്ങി. ഉൽസുകാത്മാ=ഉൽസുകമനസ്സനായിട്ട്. കാന്താം മാദ്രീം=കാന്തയായ മാദ്രിയെ. ആദരമധുരഗിരാ=ആദരത്താൽ മധുരമായ വാക്കുകൊണ്ട്. ധാത്രീകാന്തഃ അയം=ഈ രാജാവ്. പ്രൗഢദന്താവളഃ ഇവ=ഗജശ്രേഷ്ഠനെന്നപോലെ. കരിണീം=പിടിയാനയെ. കാനനാന്തം=വനമദ്ധ്യത്തെ. ജഗാഹേ=പ്രാപിച്ചു. ചുറ്റുമുള്ള ദിക്കുകളിലെല്ലാം തിങ്ങിനിറഞ്ഞ വസന്തലക്ഷ്മിയുടെ സമൃദ്ധി കണ്ടു് മദനാവിഷ്ടനായിത്തീർന്ന രാജാവ് വനക്രീഡ ചെയ്വാൻ ഔൽസുക്യത്തോടുകൂടി, കാന്തയായ മാദ്രിയെ, വാരണേന്ദ്രൻ പിടിയെ എന്നപോലെ ആദരപൂർവ്വം വിളിച്ചുകൂട്ടിക്കൊണ്ടു കാട്ടിലേയ്ക്കു പോയി. വൃത്തം സ്രഗ്ദ്ധര.

൨൦. അക്കാലെ=അക്കാലത്തു. ഭവിതവ്യതാബലം=ഭവിതവ്യതയുടെ (നിയതിയുടെ) ബലം. ഏതസ്യ=ഇദ്ദേഹത്തിന്റെ. ശാപവ്യഥാം=ശാപദുഃഖത്തെ. തൽക്ഷണം=തത്സമയം. കദാപി കൃത്യാന്തരെ=ഒരു കൃത്യാന്തരത്തിൽ. വിപിനേ=കാട്ടിൽ. ബലാൽ=ബലാൽക്കാരേണ. അനതിദൂരെ=അധികം ദൂരത്തല്ലാതെ. ഹന്ത=കഷ്ടം. ത

സ്യാഃ=അവർകൾ. തദാ=അപ്പോൾ. തീവ്രദുഃഖവിഷമം=തീവ്രമായ ദുഃഖംകൊണ്ടു വിഷമം (ഗൽഗദം) ആയ. കസ്യാശ്ചിൽ=ഒരുവളുടെ. ആക്രന്ദിതം=നിലവിളി. അക്കാലത്തു നിയതിയുടെ ബലമറിഞ്ഞു് അദ്ദേഹത്തിന്റെ ശാപദുഃഖം നോക്കി അതിന്നു കാരണമാകാതെ കാത്തുവന്നിരുന്ന കുന്തി തത്സമയത്തു മറെറന്തോ ഒരു കാര്യമായി അകന്നുപോയി. ഉടനെ കാട്ടിൽ വളരെ അകലത്തല്ലാതെ തീക്കാളുന്നതുപോലെ കഠിനദുഃഖത്താൽ ഇടറിയതായ ഒരു സ്ത്രീയുടെ നിലവിളി കേൾക്കമാറായി. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൨൧. കിം ഇദം ഇതി=എന്താണിതെന്നു്, പരിവ്യാകുലാ=പരിഭ്രമിച്ചവളായ. പര്യങ്കെ=ശയ്യയിൽ. നരപതിം=രാജാവിനെ. ആലയസ്ഥാം ച മാദ്രീം=ഗൃഹത്തിലിരിക്കുന്ന മാദ്രിയേയും. ഇത്ഥം=ഇപ്രകാരം. കരുണം=ദയനീയമാംവണ്ണം (ക്രി. വി.) അഴച്ചാൾ=വിളിച്ചു. തഴച്ചോരുഖേദാൽ=വർദ്ധിച്ച ദുഃഖംഹേതുവായിട്ടു. വിവശത=വൈവശ്യം. പാലയന്തീ=പാലിക്കുന്നവളായിട്ടു. എന്താണീക്കേട്ടതു എന്നു പരിഭ്രമിച്ചു കുന്തീദേവി നോക്കിയപ്പോൾ ശയ്യയിൽ രാജാവിനെ കണ്ടില്ല. അകത്തുണ്ടായിരുന്ന മാദ്രിയേയും കണ്ടില്ല. അപ്പോൾ ദേവി കുട്ടികളെ കാത്തുകൊണ്ടു ദയനീയമാംവണ്ണം അത്യന്തദുഃഖത്തോടുകൂടി വിളിച്ചു. വൃത്തം സ്രഗ്ദ്ധര.

൨൨. മാദ്രീനാദം=മാദ്രിയുടെ ശബ്ദം. മുറ=നിലവിളി. ആത്തവേഗം=ആത്തമായ ആവേഗത്തോടുകൂടി (ക്രി. വി). ആത്തഭാവം=ആർത്തത്വം. അതിവ്യാകുലാ=അതിസംഭ്രാന്തയായി. പൂത്തീടും ....മോഹനം=പൂത്തുനില്ക്കുന്ന പുതിയ ചൂതങ്ങൾ (തേന്മാവുകൾ), ചമ്പകങ്ങൾ, തമാലങ്ങൾ (താപിഞ്ഛവൃക്ഷങ്ങൾ) എന്നിവയുടെ സമൂഹങ്ങളെക്കൊണ്ടു മനോമോഹനത്തെ. അരണ്യദേശം=വനപ്രദേശം. അതീവ ഉജ്ജ്വലം=ഏററവും ശോഭിക്കുന്ന. മാദ്രിയുടെ ശബ്ദമാണതെന്നറിഞ്ഞു് ആ ആക്രന്ദനം കേട്ട മാത്രയിൽത്തന്നെ ശോകസംഭ്രമങ്ങളോടുകൂടി ചെന്നു നോക്കിയപ്പോൾ പൂത്തുനില്ക്കുന്ന ചൂതചമ്പകാദികളെക്കൊണ്ടു മനസ്സിന്നു മോഹമുളവാക്കുന്ന അത്യുജ്ജ്വലമായ ഒരു വനപ്രദേശം കണ്ടു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൨൩. പാടീര്ര...........രമ്യ=പാടുന്ന ഹംസങ്ങളുടേയും ഭ്രംഗങ്ങളുടേയും സമൂഹങ്ങളെക്കൊണ്ടു മനോഹരമായ. ലതാമണ്ഡപേ=ലതാവലയത്തിൽ. ക്രീഡാരംഗതലെ=ക്രീഡയ്ക്കു രംഗഭൂമിയായ. മിളൽ...........മാരുതേ=മിളത്തായ (കൂടിക്കലരുന്ന) പരിമളം പൊഴിഞ്ഞു വീശുന്ന കാററോടുകൂടിയ. വാടീ...........ശയനേ=വാടാത്ത പുതുപുഷ്പമെത്തയിൽ. ശയാനം=കിടക്കുന്ന. നൃപപ്രൌഢം=രാജേന്ദ്രനെ. തന്വീ=സുന്ദരി (കുന്തി). രതിശ്രമാത്തം ഇവ=രതിശ്രമംകൊണ്ടു ക്ഷീണിച്ചവനോ എന്നു തോന്നുംവണ്ണം. മീലിതാലോകനം=ചിമ്പിയ കണ്ണുകളോടുകൂടിയ. പാടുന്ന അരയന്നനിരകളെക്കൊണ്ടും വണ്ടിണകളെക്കൊണ്ടും മനോഹരമായ വള്ളിക്കുടിലിൽ, രതിക്രീഡയ്ക്കരങ്ങായതും പരിമളം പൊഴിയുന്ന മന്ദമാരുതൻ വീശുന്നതുമായ വാടാത്ത പുതുമലർമെത്തയിൽ, കണ്ണുകൾ ചിമ്പിക്കൊണ്ടു, രതിക്രീഡയാൽ പരിശ്രാന്തനായിട്ടോ എന്നു തോന്നുമാറു കിടക്കുന്ന രാജേന്ദ്രനെ കുന്തീദേവി കണ്ടു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൨൪. ദ്വാരെ=ദ്വാരത്തിൽ. മാദ്രീം=മാദ്രിയെ. മൂർച്ഛാധിരൂഢാം=മോഹാലസ്യപ്പെട്ടവളായ. ബാഷ്പാംബു...........കുങ്കുമാം=ബാഷ്പജലപ്രവാഹത്താൽ കളയപ്പെട്ട മുകുൾമുലകളിലെ (മുകുളാകാരങ്ങളായ കുചങ്ങളിലെ) കുങ്കുമത്തോടുകൂടിയ. ആവിലാംഗീം=ആവിലങ്ങളായ അംഗങ്ങളോടുകൂടിയ. ധീരാ അപി=ധൈയ്യശാലിനിയെങ്കിലും. പ്രൌഢ...........വിമഥിതാ=പ്രൌഢമായ ദുഃഖപ്രവരത്താൽ (വലിയ ദുഃഖത്താൽ) മഥിക്കപ്പെട്ടവളായി ഭർത്തൃഗാത്രേ=ഭർത്താവിന്റെ ദേഹത്തിൽ. വിജീവേ=ജീവനില്ലാത്ത. ബാഷ്പാംബുപൂരൈഃ സമം=ബാഷ്പജലപ്രവാഹങ്ങളോടുകൂടി. അഥ=അനന്തരം. പതിതാ=വീണു. വാതധൂതാ=കാററിനാൽ കമ്പിതയായ. ഇവ=പോലെ. വല്ലീ=വള്ളി. കറെ അകലത്തു്, മോഹാലസ്യപ്പെട്ടും കണ്ണുനീർപ്രവാഹങ്ങൾകൊണ്ടു മുലമൊട്ടുകളിലെ കുങ്കുമാലേപം മാഞ്ഞും മാദ്രീദേവി കിടക്കുന്നതും കണ്ടു. അതു കണ്ടപ്പോൾ, കുന്തീദേവി, സ്വതേ ധീരയാണെങ്കിലും കഠിനമായ ദുഃഖഭാരത്താൽ മഥിതയായിട്ടു, ഭർത്താവിന്റെ നിർജ്ജീവമായ ദേഹത്തിൽ, കണ്ണുനീർപ്രവാഹങ്ങളോടൊപ്പം, വാതാധൂതയായ വള്ളിപോലെ വീണു. "ബാഷ്പാംബുപൂരൈസ്സമം" എന്ന

സഹോക്ത്യലങ്കാരം പതനശീഘ്രതയെ കാണിക്കുന്നു. വാതധൂതവ എന്നേടത്തു് ഉപമ. വൃത്തം സ്രഗ്ദ്ധര.

൨൭. ഹാ മൽപ്രാണേശ = അയ്യോ എന്റെ പ്രാണനാഥ! ലോക...........ബന്ധോ = ത്രൈലോക്യത്തിലെ ഗുണങ്ങൾക്കു തിലകമായും ആശ്രയമായുമിരിക്കുന്നവനെ! നൌ = ഞങ്ങളെ. നഷ്ടപ്രാണാൻ = പ്രാണൻ പോയവരായ. അരണ്യേ = കാട്ടിൽ. ക്വനു ഖലു = എവിടെ. ബത = കഷ്ടം. യാതഃ അസി = അങ്ങുന്നു യാതനായി. വീതാവലംബം = അവലംബംകൂടാതെകണ്ടു് (ക്രി. വി). ദീനാൻ = ദീനന്മാരായ. ഏതാൻ കുമാരാൻ അപി = ഈ ബാലന്മാരെയും. വിദയം = ദയകൂടാതെ (ക്രി. വി). അനാഥാൻ = അനാഥന്മാരായ. ക്ഷോണീകല്യാണ = ഭൂമിക്കു മംഗളമായവനേ! കുരു...........സ്വമേ = കുരുവംശത്തിന്റെ ഭാഗ്യത്തിന്നു സൎവ്വസ്വമായവനേ! അയ്യോ പ്രാണനാഥ, ത്രൈലോക്യത്തിലെ ഗുണങ്ങൾക്കൊരു തിലകമായും ആശ്രയമായും ഭൂമിക്കൊരു മംഗളമൂൎത്തിയായും കുരുവംശത്തിന്റെ ഭാഗ്യസൎവ്വസ്വമായുമിരിക്കുന്ന ദേഹമേ, പ്രാണൻ നശിച്ച ഞങ്ങളേയും ഈ അനാഥന്മാരായ ബാലന്മാരേയും ഈ കാട്ടിൽ ആരുടെ പക്കലാക്കീട്ടു്, ഏതൊരു ദിക്കിലേക്കു് ഇവിടുന്നു ഗതനായി? വൃത്തം സ്രഗ്ദ്ധര.

൨൮. ഹാ ഹാ = അയ്യോ അയ്യോ. ഭൂപാലവീര = രാജവീര! പ്രണയമധുരയാ = പ്രേമത്താൽ മനോഹരയായ (ദൃഷ്ടിവിശേഷണം). സാകൂതം = ആകൂതത്തോടുകൂടിയ ഭാവം. പുനഃ = പിന്നെ. മാഴ്കീടാ...........പ്രസരം = മങ്ങാത്ത കാന്തിയുടെ വ്യാപ്തിയോടുകൂടിയ. അഞ്ജസാ = പെട്ടന്നു്. ഘോരാര........ ...വിവശം = ഘോരമായ അന്ധകാരത്തിന്റെ വ്യതികരം (സംബന്ധം) കൊണ്ടു പരവശം. ജാതം = ജാതമായി. അശേഷം = എല്ലാം. അയ്യോ രാജവീര, ഇനി എന്നാണവിടുന്നു പ്രേമാഭിരാമമായ കണ്ണുകൊണ്ടു് അഭിപ്രായഗൎഭമായി നോക്കുന്നതു്! എന്നാണിനി അവിടുത്തെ കാണുന്നതും! അതികാന്തിയോടുകൂടി പ്രകാശിച്ചിരുന്ന ഒരു വിളക്കു പെട്ടന്നു കെട്ടാലെന്നപോലെ ലോകമെല്ലാം ഘോരമായ അന്ധകാരം വ്യാപിച്ചു പരവശമായിത്തീൎന്നു. വൃത്തം സ്രഗ്ദ്ധര.

൮൧. ഇത്ഥം=ഇപ്രകാരം. നാനാപ്രകാരൈഃ=പല പ്രകാരങ്ങളോടുകൂടി. അചസധൃതി=മന്ദധൈൎയ്യമാകുംവണ്ണം (ക്രി. വി). മിളദ്ദുഃഖഭാരാൽ=മിളത്തായ ദുഃഖഭാരം ഹേതുവായിട്ടു്. പുത്രാൻ=പുത്രന്മാരെ. ദീൎഘനിശ്വാസലോലാ=നെടുവീൎപ്പുകളെക്കൊണ്ടു ലോല (ചഞ്ചല)യായിട്ടു. ഉൾത്താപാൽ=അന്തസ്താപത്താൽ. ധരണിയിൽ=ഭൂമിയിൽ. മുഗ്ദ്ധാ=അധീരയായ. ഏഷാ മൃഗാക്ഷീ=ഈ സുന്ദരി. ഇങ്ങനെ പലവിധം വിലപിച്ചും ധൈൎയ്യംകെട്ടു തളൎന്നും പുത്രന്മാരെ ആശ്വസിപ്പിച്ചും അതിനിടയിൽ നെടുവീൎപ്പുകളിട്ടും നിലത്തു വീണും മുറയിട്ടും കുന്തീദേവി കാണിച്ച ചാപല്യങ്ങൾക്കവസാനമില്ല. വൃത്തം സ്രഗ്ദ്ധര.

൮൨. ബലാൽ=പെട്ടന്നു്. രുദതീ=രോദനം ചെയ്യുന്ന. കുമാരാൻ=പുത്രന്മാരെ. അന്യൂനാദരം=അന്യൂനമായ ആദരത്തോടുകൂടി (ക്രി. വി). മുക്തബാഷ്പോദയം=മുക്തമായ ബാഷ്പോദയത്തോടുകൂടി (ക്രി. വി). ഖിന്നാ=ഖിന്നയായിട്ടു്. അന്തികേ=സമീപത്തു്. അഗ്രേ=മുമ്പിൽ. മിളൽഗൽഗദം=മിളത്തായ ഗൽഗദത്തോടുകൂടി (ക്രി. വി). തന്നഭിതഃ സ്ഥിതാൻ=തന്റെ ചുറ്റും നില്ക്കുന്ന. മുനീൻ=മുനിമാരെ. ആലോക്യ=നോക്കീട്ടു്. പുത്രാൻ ച താൻ=ആ പുത്രന്മാരെയും. അപ്പോൾ മൂൎച്ഛയിൽനിന്നുണൎന്നു മാദ്രി കരഞ്ഞുംകൊണ്ടു പുത്രന്മാരെ വിളിച്ചു് അത്യാദരത്തോടെ അനേകം പ്രാവശ്യം ചുംബിച്ചു് അതിഖിന്നയായിട്ടു കുന്തീദേവിയുടെ അടുത്തു ചെന്നു തൊഴുതു തന്റെ ചുറ്റും നില്ക്കുന്ന മുനിമാരെയും പുത്രന്മാരെയും നോക്കി തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൮൩. ഏഷാ=ഈ. പാപീയസീ=അത്യന്തപാപയായ. ആകൎണ്ണ്യതാം=കേൾക്കപ്പെട്ടാലും. മദ്ദോഷാൽ=എന്റെ ദോഷത്താൽ. ആൎയ്യേ=ഹേ പൂജ്യേ! ഗതഃ=ഗതനായി. അയം കുരുകുലതിലകഃ=ഈ കുരുവംശത്തിനു തിലകമായ രാജാവു്. ഹന്ത=കഷ്ടം. ലോകം=ലോകത്തെ. വലാരേഃ=ഇന്ദ്രന്റെ. ശേഷം=അനന്തരം. ഭൂപാലവീരനു=രാജശ്രേഷ്ഠനു. പ്രയാസ്യേ=പോകുന്നുണ്ടു്. ദാസീ=ദാസിയായ (ഞാനും എന്നതിന്റെ വിശേഷണം). തസ്യ=അദ്ദേഹത്തിന്റെ. പ്രസാ

ദം കരു=പ്രസാദത്തെ ചെയ്യാലും. കല.........ക്രിയേ=കുലസ്ത്രീഗുണങ്ങൾക്കലങ്കാരമായവളേ! പാപീയസിയായ ഞാൻ ഒരു സംഗതി അറിയിക്കുന്നതു കേൾക്കണെ. ഹേ ആര്യേ, എന്റെ കുറംകൊണ്ടു കുരുകുലാലങ്കാരഭൂതനായ മഹാരാജാവു സ്വൎഗ്ഗതനായി. അവിട്ടത്തെ ദാസിയായ ഞാനും അവിടെയ്ക്കൊരു തുണയായിട്ടു പിന്നാലെ പോകുന്നുണ്ട്. അതിന്നു ഭവതി എന്നിൽ പ്രസാദിക്കണം. വൃത്തം സ്രഗ്ദ്ധര.

൩൦. മുതിന്ന്=ഉത്സാഹിച്ച്. ഉചിതകൎമ്മവിദാം=ഉചിതങ്ങളായ കൎമ്മങ്ങളെ അറിയുന്ന. മുനീനാം=മഹൎഷിമാരുടെ. വചനേന=വാക്കുകൊണ്ടു. നിബദ്ധധൈൎയ്യം=നിബദ്ധമായ ധൈൎയ്യത്തോടുകൂടി (ക്രി. വി). എല്ലാമേ=എല്ലാം. മൃതഗുരോഃ=മൃതനായ പിതാവിന്റെ. ശേഷകൃത്യം=ശേഷക്രിയ. മുൽപ്പാടു=മുമ്പിൽ. തത്ര=അവരിൽ വച്ചു. കൃതവാൻ=ചെയ്തു. ധൎമ്മജന്മാ=ധൎമ്മപുത്രൻ. അപ്പോൾ, ഉചിതകൎമ്മജ്ഞന്മാരായ മഹൎഷിമാരുടെ വാക്കുകൊണ്ടു ധൈൎയ്യമവലംബിച്ച്, ധൎമ്മപുത്രൻ ഒന്നാമതായി, മരിച്ചുപോയ പിതാവിന്റെ ശേഷക്രിയകളെല്ലാം ചെയ്തു. വൃത്തം വസന്തതിലകം.

൩൧. തസ്മിൻകാലേ=ആ കാലത്തു. നകുലസഹദേവൌ=നകുലസഹദേവന്മാരെ. അന്തികേ=സമീപത്തിൽ. ഉല്പന്നാ.........കലുഷാ=ഉണ്ടായ അശ്രുപ്രസരത്താൽ കലുഷയായി. വത്സവാത്സല്യലോലാ=വത്സന്മാരിലുള്ള വാത്സല്യത്താൽ ചഞ്ചലയായിട്ടു. ഉദിതകരുണം=ഉദിതമായ കരുണത്തോടുകൂടി (ക്രി. വി.) അൎപ്പയന്തീ=അൎപ്പിക്കുന്നവളായിട്ട്. നിൽപുതുംചെയ്തു=നിന്നുംകൊണ്ടു. സവിധേ=സമീപത്തിൽ. ഏവം ഊചേ=ഇങ്ങനെ പറഞ്ഞു. ആ സമയത്തു മാദ്രി, നകുലസഹദേവന്മാരെ വിളിച്ചു കണ്ണീരിലാറാടി, പ്രിയപുത്രന്മാരെക്കുറിച്ചുള്ള വാത്സല്യത്താൽ തരളഹൃദയയായിട്ട്, അവരെ കുന്തിയുടെ കയ്യിൽ കൊണ്ടുപോയി സമൎപ്പിച്ച് അവരുടെ സമീപത്തിൽ സ്ഥിതയായി ഇങ്ങനെ പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൩൨. ഇക്കുമാരൌ=ഈ രണ്ടു ബാലന്മാരെ. താൎയ്യാടെന്നോടു=അമ്മയായ എന്നോടു. അപഗതകരുണൌ=കരുണ (കരുണയെ ച്ചെയ്യുന്ന ജനം) ഇല്ലാത്ത. വീതവീതാവലംബൌ=വീതവീതം (അ

ത്യന്തനഷ്ടം) ആയിരിക്കുന്ന ആശ്രയത്തോടുകൂടിയ. മായാപേതം=വ്യാജം കൂടാതെ (ക്രി. വി.) ത്വദീയാൻ=നിന്നെസ്സംബന്ധിച്ച. ഇവ=എന്നപോലെ. മഹതി=മഹത്ത്വേ! സുതാൻ=പുത്രന്മാരെ. അനിശം=എല്ലായ്പ്പോഴും. ഹേ ആര്യേ, ഞാൻ ഭവതിയോടു ചെയ്യ തെററുകളെല്ലാം മറന്ന്, എന്നോടു വേർപെട്ടവരും അന്യാശ്രയമില്ലാതായവരുമായ ഈ രണ്ടു ബാലന്മാരെ, സ്വന്തം പുത്രന്മാരെപ്പോലെ ഭവതി ലാളിക്കേണമേ. ഭവതി മാത്രമാണിവർക്ക് അമ്മയും അമ്മയുമായിട്ടുള്ളതു്. വൃത്തം സ്രഗ്ദ്ധര.

൩൩. നിന്ന ലോകൾ=കണ്ടുനിന്ന ജനങ്ങൾക്ക. അകം=മനസ്സ്. പേർത്തും=വീണ്ടുംവീണ്ടും. വദന്തി=പറയുന്നവളായിട്ടു. തന്വീ=മാദ്രിയെന്നർത്ഥം. ഭൂയോപി=പിന്നെയും. പൂണ്ട്=പുണർന്ന്. ദത്വാ=കൊടുത്ത്. അന്യൂനം=പൂർണ്ണമായ. ധർമ്മം=പാതിവ്രത്യധർമ്മം. ഉൾക്കൊണ്ടു=സ്വീകരിച്ച്. അഖിലമുനിഗിരാ=എല്ലാ മുനിമാരുടേയും വാക്കിനാൽ. ജീവനാഥം=ഭർത്താവിനെ. ഉന്നിദ്രാനന്ദം=ഉന്നിദ്രമായ (ഉണർന്ന) ആനന്ദത്തോടുകൂടി (ക്രി. വി.) ഏഷാ=ഇവൾ. അധികമുദാ=അതിമോദത്തോടുകൂടി. ചിതാഗ്നൗ=ചിതത്തീയിൽ. മേൽപ്രകാരം കാണികളുടെ കരളലിയുമാറു പറഞ്ഞുംകൊണ്ടു മാദ്രി തന്റെ കിടാങ്ങളെ പിന്നെയും പലവുരു പുണർന്നു കുന്തീദേവിയുടെ കയ്യിൽ ഏല്പിച്ച് തികഞ്ഞ പതിവ്രതാധർമ്മമനുസരിച്ചു മഹർഷിമാർ പറഞ്ഞപ്രകാരം ഭർത്താവിനെ പ്രദക്ഷിണം ചെയ്ത് തൊഴുത് അത്യാനന്ദത്തോടുകൂടി ഭർത്താവിന്റെ ചിതാഗ്നിയിൽ വീണു അന്തർദ്ധാനം ചെയ്തു. വൃത്തം സ്രഗ്ദ്ധര.

൩൪. കൃത്വാ=ചെയ്തിട്ടു. തത്ര=അവിടെ. മുദാ=മോദത്തോടുകൂടി. മുനീശ്വരഗിരാ=മുനീശ്വരന്മാരുടെ വാക്കിനാൽ. തത്സർവ്വശേഷക്രിയാം=അവരുടെ എല്ലാ ശേഷക്രിയയെ. മുക്ത്വാ=ഉപേക്ഷിച്ച്. അശേഷവിഷാദം=എല്ലാ വിഷാദത്തെയും. ആസ്ഥിതധിയാ=ആസ്ഥിതയായ (ഉറച്ച) ബുദ്ധിയോടുകൂടിയ. മാത്രാ=മാതാവിനോടു. ഹസ്തിനപുരേ=ഹസ്തിനപുരത്തിൽ. സമം=കൂടെ. മിത്രൈഃ=മിത്രങ്ങളോടു. ആംബികേയവചസാ=ധൃതരാഷ്ട്രന്റെ വാക്കിനാൽ. സംഭാവിതാഃ=മാനിക്കപ്പെട്ട. പാണ്ഡവാഃ=പാണ്ഡവന്മാർ. പാണ്ഡവ

ന്മാർ അവരുടെ ശേഷക്രിയയെല്ലാം ചെയ്തു, ദുഃഖമൊഴിച്ച്, അമ്മയോടുംകൂടി ഹസ്തിനപുരംപുക്ക മിത്രസമേതന്മാരായി, ധൃതരാഷ്ട്രന്റെ വാക്കിനാൽ മാനിതന്മാരായി പാർത്തു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൩൭. ആത്മപുത്രൈഃ സമം = തന്റെ പുത്രന്മാരോടൊപ്പം. അഥ = പിന്നെ. ധൃതരാഷ്ട്രഃ അയം = ഈ ധൃതരാഷ്ട്രർ. അപ്പാണ്ഡുപുത്രാൻ = ആ പാണ്ഡവന്മാരെ. കല്യാത്മാ = നല്ല മനസ്സോടുകൂടിയ. ഓമലിക്കുംദശായാം = ലാളിക്കുന്ന അവസ്ഥയിൽ. ലീലാകലവിയിൽ = കളിയിൽ. പാർത്ഥേഷു = കുന്തീപുത്രന്മാരിൽ. കുരൂണാം = കുരുക്കൾക്ക (ദുര്യോധനാദികൾക്ക്). ധൃതരാഷ്ട്രർ തന്റെ മക്കളെപ്പോലെ പാണ്ഡവന്മാരെയും വളർത്തു ലാളിച്ചുവരവേ, കളികളിൽ പിണയുന്ന തോൽമ കാരണം, കൌരവന്മാർക്കു പാണ്ഡവന്മാരിൽ വൈരമുള്ളവായി വന്നു. വൃത്തം സ്രഗ്ധര.

ഗദ്യം ൩. തദനു = അതിനുശേഷം. നിരന്തരം = അന്തരംകൂടാതെ. ഉളാമൊരു = ഉളവാകുന്ന. മത്സരവശാൽ = മത്സരാതിശയത്താൽ. കൌന്തേയേഷു = കുന്തീപുത്രന്മാരിൽ. ഗാന്ധാരീതനയർക്കു = ഗാന്ധാരീപുത്രന്മാർക്ക്. അന്തസ്താപം = മനോദുഃഖം. തദീയം = അവരെസ്സംബന്ധിച്ച. ഗുണം = ശൌര്യാദിഗുണം. വാരിക്രീഡാകുതുകം = ജലക്രീഡയിലുള്ള കൌതുകം. ഗംഗാപാഥസി = ഗംഗാജലത്തിൽ. ചിരതരം = വളരെ നേരം. ആശു = വേഗത്തിൽ. വിഹൃത്യ = കളിച്ചിട്ട്. പരിശ്രമം = തളർച്ച. തടീവനഭൂമൌ = തടിയിൽ (ഗംഗാതീരത്തിൽ) ഉള്ള വനപ്രദേശത്തു. രചിതപടീഭവനങ്ങളിൽ = രചിക്കപ്പെട്ട കൂടാരങ്ങളിൽ. ഭൂഷണലേപം = അലങ്കാരവും കുറിയും. ഭോജനമുഖ്യം = ഭോജനം മുതലായ. കൃത്യവിധിം = കൃത്യാനുഷ്ഠാനത്തെ. അഞ്ചിതസൌഖ്യം = മനോഹരമായ സൌഖ്യത്തോടുകൂടി. (ക്രി. വി.) നിശായാം = രാത്രിയിൽ. വിഭിന്നനിബന്ധം = വിഭിന്നമായ (ഭേദിക്കപ്പെട്ട) ബന്ധനത്തോടുകൂടി (ക്രി. വി.) കിം ഇദം = എന്താണിതു. തീരഗൃഹേ = തീരത്തിലുള്ള ഗൃഹത്തിൽ. ഉപചിതസൌഖ്യം = വർദ്ധിച്ച സൌഖ്യത്തോടുകൂടി (ക്രി. വി). തേമ്പിടാത = തേയാത്ത (ക്ഷയിക്കാത്ത). വിഷാണി = വിഷത്തി. [illegible]. മർമ്മസു = മർമ്മങ്ങളിൽ. മ

ക്കുണനിവഹം=മൂട്ടകളുടെ കൂട്ടം. എന്നു പറഞ്ഞേ=എന്നു പറഞ്ഞും കൊണ്ടുതന്നെ. മീലിതലോചനം=ചിമ്പിയ കണ്ണുകളോടുകൂടി (ക്രി. വി.) ഏവ=തന്നെ. വൃകോദരൻ=ഭീമൻ. അഗ്രകരം=കരാഗ്രം. മൎയ്യാദം=മൎയ്യാദ. ഝടിതി=പെട്ടന്നു. ഏററമുലാവും വത്സലഭാവാൽ=ഏററവും പ്രകാശിക്കുന്ന വാത്സല്യത്താൽ. മാനധനാനാം മൌലി=മാനം കുലധനമായിട്ടുള്ളവരിൽവച്ചു ശ്രേഷ്ഠനായ. ഏധിതവൈരം=ഏധിതമായ (വൎദ്ധിച്ച) വൈരത്തോടുകൂടി (ക്രി. വി.) പാണ്ഡവസഹിതഃ=പാണ്ഡവന്മാരോടു സഹിതനായിട്ടു. സഹജൈഃ സാകം=സഹോദരന്മാരോടുകൂടി. സഹഭോജനവിധി=ഒന്നിച്ചിരുന്നുംകൊണ്ടുള്ള ഊണ്. കബളനിഗൂഢം=ഉരുളയിൽ ഒളിച്ചുവയ്ക്കപ്പെട്ട. കെടുവിഷം=ഘോരവിഷം. ആയതവല്ലീനദ്ധശരീരം=നീണ്ട വള്ളികൾകൊണ്ടു നദ്ധമായ (കെട്ടപ്പെട്ട) ശരീരത്തോടുകൂടിയ. ആപൂ............ സംഘൈഃ=വിശ്വസ്തന്മാരും ഭയങ്കരന്മാരുമായ കിങ്കരന്മാരുടെ സംഘങ്ങളെക്കൊണ്ട്. ഉപഹിതശൂലകദംബേ=ഉപഹിതമായ (ഒളിവായി തറയ്ക്കപ്പെട്ട) ശൂലനിരയോടുകൂടിയ. കൃതാത്മമനാഃ=കൃതാത്മമായ മനസ്സോടുകൂടിയവനായിട്ട്. നാഗപുരീംപ്രതി=ഹസ്തിനപുരിയെക്കുറിച്ച്. സംഭൃതഡംബരം=സമ്പൂൎണ്ണമായ ആഡംബരത്തോടുകൂടി. (ക്രി. വി.) അയാസീൽ=യാനം ചെയ്തു. പിന്നെ അവരെല്ലാവരും ചേൎന്നു വസിക്കുന്ന കാലത്തു കളികളിലുണ്ടായ മത്സരം കാരണം ഗാന്ധാരീപുത്രന്മാൎക്കു കുന്തീപുത്രന്മാരിൽ വൈരം വൎദ്ധിച്ചുവന്നു. ഒരു ദിവസം എല്ലാവരും ചേൎന്നു ഗംഗയിൽ ജലക്രീഡ ചെയ്യുന്നതിന്നൊരുങ്ങി. ക്രീഡാനന്തരം തളൎന്നുവശായ അവർ ഗംഗാതീരത്തിൽത്തന്നെ ഉണ്ടാക്കിയ കൂടാരങ്ങളിൽ പുക്കു ഭൂഷണലേപനാദികൃത്യങ്ങൾ ചെയ്തു താമസിച്ചു. രാത്രിയിൽ ക്ഷീണിച്ചു കിടന്നുറങ്ങുന്ന ഭീമസേനനെ കൌരവന്മാർ പലരുംകൂടി കെട്ടിയെടുത്തു കൊണ്ടുപോയി ഗംഗാപ്രവാഹത്തിൽ ഒഴുക്കി. പക്ഷെ, ഭീമൻ ഉണൎന്നു യാതൊരു തരക്കേടും കൂടാതെ ഗംഗാജലത്തിൽനിന്നു കയറി മുമ്പു കിടന്നിരുന്ന സ്ഥാനത്തുതന്നെ ചെന്നുകിടന്നു സുഖമായി വീണ്ടും ഉറങ്ങി. അപ്പോൾ കൌരവന്മാർ ക്രൂരവിഷം കലൎന്ന പാമ്പുകളെ ഭീമന്റെ മൎമ്മസന്ധിതോറും കടിപ്പിച്ചു. ഭീമന്നു ആ സൎപ്പദംശനം മൽക്കുണദം

ശനംപോലെ ഉറക്കം കളയുവാൻ മാത്രമേ ഹേതുവായുള്ളു. അദ്ദേഹം കണ്ണു മിഴിക്കാതെതന്നെ സൎപ്പങ്ങളെ കൈകൾകൊണ്ടു തട്ടി കൊന്നുകളഞ്ഞു. പിന്നെ ഒരു ദിവസം ദുൎയ്യോധനൻ സ്വസഹോദരന്മാരോടൊരുമിച്ചു പാണ്ഡവന്മാരുമായി ഒരു സഹഭോജനത്തിന്നു വട്ടം കൂട്ടി. ആ അവസരത്തിൽ ഭീമന്നു വിളമ്പിയ ചോറിൻെറ ഉള്ളിൽ ഘോരമായ വിഷം ഒളിച്ചു വച്ചിരുന്നു. വിഷബാധയാൽ പരവശനായ ഭീമനെ രാത്രിയിൽ വരിഞ്ഞുകെട്ടി ഭൃത്യന്മാരെക്കൊണ്ടെടുപ്പിച്ചു, അടിയിൽ കൂൎത്തുമൂൎത്ത ശൂലങ്ങൾ തറച്ചതായ ഗംഗാജലത്തിൽ കൊണ്ടുപോയിട്ടുവിച്ച് കൃതകൃത്യനായി ദുൎയ്യോധനൻ അനുജന്മാരോടുംകൂടി ഹസ്തിനാപുരിയിലേക്കു പോയി.

൨൮. തത്ര=അതിൽ. വീണോരളവു=വീണ സമയത്തു. നിശിതശൂലങ്ങൾ=മൂൎച്ചയുള്ള ശൂലങ്ങൾ. എന്നപ്പോ=ആശ്ചൎയ്യമേയുള്ളൂ. ദൈവയോഗാൽ=ദൈവവശാൽ. വിഷ..........വതഃ=വിഷകബളനം (വിഷഭോജനം)നിമിത്തം മൂൎച്ഛയോടുകൂടിയ. വായുസൂനോഃ=വായുപുത്രന്നു. എന്നേയല്ല=എന്നുതന്നെയല്ല. അഭ്യന്തരസലിലപഥേന=വെള്ളത്തിന്നുള്ളിലെ വഴിയിലൂടെ. ആശു=വേഗത്തിൽ. വേഗഭാജാ=വേഗത്തോടുകൂടിയ. ധന്യ..........ഭരിതം=ധന്യനായ ശ്രീവാസുകിയുടെ ബലവത്തുകളായ ഭുജങ്ങളാൽ ഭരിക്കപ്പെട്ട. പ്രാപൂവാൻ=പ്രാപിച്ചു. നാഗലോകം=പാതാളലോകത്തെ. ഗംഗാനദിയിൽ വീണസമയത്തു ഭീമസേനന്നു, മുമ്പു വിഷം ഭക്ഷിച്ചതുനിമിത്തം മോഹാലസ്യപ്പെട്ടിരുന്നതിനാൽ, കൂൎത്ത ശൂലങ്ങൾ തറച്ച വേദനയുണ്ടായില്ല. എന്നുതന്നെയല്ല, അദ്ദേഹം വെള്ളത്തിന്നുള്ളിലൂടെയുള്ള വഴിയിലൂടെ പോയി വാസുകിപാലിതമായ പാതാളത്തിൽ ചെന്നുചേരുകയും ചെയ്തു. വൃത്തം സ്രഗ്ദ്ധര.

൨൯. തസ്മിൻ=അതിൽ (പാതാളത്തിൽ). നാഗശിശുക്കൾ=സൎപ്പക്കുട്ടികൾ. അത ഇതഃ=അവിടെയുമിവിടെയും. ആന്തരം=അന്തൎഭാഗത്തിങ്കലുള്ള. വിഷോഷ്മ=വിഷച്ചൂടു്. നീങ്ങിന വിധൌ=നീങ്ങിയപ്പോൾ. ദൈവാൽ=ദൈവവശാൽ. പ്രബുദ്ധഃ=ഉണൎന്നു. ബലീ=ബലമുള്ള. കെല്പോ..........വശാൽ=ശക്തിയോടുകൂടി അടിച്ചു പി

ധനിമിത്തം. അക്കോപ്പ്=ആ അവസ്ഥ. മാരുതി=വായുപുത്രൻ. അഭ്യാശം=സമീപത്തേക്കു. ആനീതവാൻ=ആനയിച്ചു. പാതാളത്തിൽ നാഗബാലന്മാർ വന്നു സൎവ്വാംഗം ദംശിക്കുകയാൽ മുമ്പുണ്ടായിരുന്ന വിഷച്ചൂടൊഴിഞ്ഞു ഭീമൻ ഉണൎന്നു. ഉടനെ അദ്ദേഹം ആ നാഗശിശുക്കളെ ശക്തിയോടെ അടിക്കുകയാൽ അവ ഓട്ടം തുടങ്ങി. അപ്പോൾ അതു വായുപുത്രനാണെന്നുള്ള പരമാൎത്ഥം ധരിച്ചു് വാസുകി അദ്ദേഹത്തെ തന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടു വരുവിച്ചു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൩൮. തത്ര=അവിടെ. മാരുതഹിതം=വായുവിന്റെ ഇഷ്ടത്തെ. ചികീൎഷിതഃ=ചെയ്യാനിച്ഛിക്കുന്ന. ശാസനേന=കല്പനയാൽ. പവനാശനപ്രഭോഃ=സൎപ്പരാജന്റെ (വാസുകിയുടെ). ആപിബൽ=പാനംചെയ്തു. സഃ=അദ്ദേഹം (ഭീമൻ). ശതകുംഭസംഭൃതം=നൂറു കുടം നിറച്ചുള്ള. കുഞ്ജരായുതബലാവഹം=പതിനായിരം ആനകളുടെ ബലമുണ്ടാക്കുന്ന. രസം=രസത്തെ. ആ നാഗലോകത്തിൽവച്ചു ഭീമൻ, വായുദേവനു പ്രിയംചെയ്യാനിച്ഛിക്കുന്ന നാഗരാജന്റെ കല്പനപ്രകാരം പതിനായിരം ആനകളുടെ ശക്തിയുണ്ടാക്കുന്ന നൂറു കുടം രസം കുടിച്ചു. വൃത്തം രഥോദ്ധത.

൩൯. തൃപ്തഃ=തൃപ്തനായ. തദാ=അപ്പോൾ. ഭുജഗദൎശിതതല്പഭൂമൌ=നാഗങ്ങളാൽ കാണിക്കപ്പെട്ട ശയ്യാതലത്തിൽ. സുഷ്വാപ=ഉറങ്ങി. നഷ്ടമതിഃ=ബുദ്ധികെട്ട. അഷ്ടദിനാനി=എട്ടു ദിവസങ്ങൾ മുഴുവൻ. ഭീമഃ=ഭീമസേനൻ. പുത്രഃ=പുത്രൻ. ഹതഃ=കൊല്ലപ്പെട്ടു. മമ=എന്റെ. ബത=കഷ്ടം. ഇതി=എന്നു. പൃഥാ=കുന്തി. സുതൈഃ സഹ=തന്റെ പുത്രന്മാരോടുകൂടി. ബഭ്രാമ=ചുററിനടന്നു. മാൎഗ്ഗണപരാ=അന്വേഷണത്തിൽ തല്പരയായി. രുദതീ=കരയുന്നവളായിട്ടു. വനാന്തേ=വനമദ്ധ്യത്തിൽ. രസപാനത്താൽ തൃപ്തനായിട്ടു് ഭീമൻ തന്റേടം വിട്ടു് എട്ടു ദിവസം മുഴുവൻ കിടന്നുറങ്ങി. അതിനിടയിൽ കുന്തി, എന്റെ പുത്രൻ കൊല്ലപ്പെട്ടു എന്നു വിചാരിച്ചു് മററു പുത്രന്മാരോടുകൂടി കരഞ്ഞുംകൊണ്ടു കാട്ടിൽ ചുററിനടന്നു. വൃത്തം വസന്തതിലകം.

൮൦. ഉൽബുദ്ധഃ=ഉണൎന്നവനായിട്ടു. നവമെ അഹനി=ഒമ്പതാംദിവസം. മാരുതിഃ അസൌ=ഈ വായുപുത്രൻ. നാഗേന്ദ്രസന്ദേശാദിഷ്ടൈഃ=നാഗരാജനാൽ അയക്കപ്പെട്ട. സൎപ്പൈഃ=സൎപ്പങ്ങളാൽ. ഉദ്ധതനുഃ=വഹിക്കപ്പെട്ട ശരീരത്തോടുകൂടിയവനായിട്ടു്. ജലാശയപഥേന=സമുദ്രമാൎഗ്ഗത്തൂടെ. ആഗത്യ=വന്നിട്ടു. ഗംഗാതലം=ഗംഗാതീരത്തെ. അഭ്യാശേ=സമീപത്തിൽ. നമതഃ=നമസ്കരിക്കുന്ന. വിസൃജ്യ=അയച്ചിട്ടു്. ഭുജഗാൻ സൎപ്പങ്ങളെ. ഭാരം..........നനാൻ=ഭാരംകൊണ്ടുള്ള പീഡയാൽ ഒടിഞ്ഞ മുഖങ്ങളോടുകൂടിയ. ദൎപ്പോ..........കം=ദൎപ്പത്താലുല്ലസിക്കുന്ന കുരുസമൂഹത്തോടുകൂടിയ. കരിപുരം=ഹസ്തിനപുരത്തെ. വേഗേന=വേഗത്തിൽ. സമ്പ്രാപ്തവാൻ=പ്രാപിച്ചു. ഒമ്പതാംദിവസം ഉണൎന്നശേഷം ഭീമസേനൻ വാസുകി നിയോഗിച്ചയച്ച സൎപ്പങ്ങളാൽ ചുമക്കപ്പെട്ടു്, സമുദ്രമാൎഗ്ഗത്തൂടെ ഗംഗാതീരത്തിൽ വന്നു. അദ്ദേഹത്തിന്റെ ഭാരം സഹിക്കാതെ മുഖം കുനിഞ്ഞുവശായ സൎപ്പങ്ങൾ അദ്ദേഹത്തെ വണങ്ങി. ഭീമൻ അവരെ സ്വസ്ഥാനത്തേക്കയച്ചു്, അഹങ്കാരംകൊണ്ടു പുളയ്ക്കുന്ന കൌരവന്മാർ വസിക്കുന്ന ഹസ്തിനപുരത്തിൽ വേഗം ചെന്നുചേൎന്നു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൮൧. മാതുഃ=മാതാവിന്റെ. അന്തികഗതഃ=സമീപപ്രാപ്തനായി. തയാ=അവളാൽ. സമാശ്ലിഷ്യ=വഴിപോലെ ആശ്ലേഷിച്ചിട്ടു. ബാഷ്പപരിഷിക്തവിഗ്രഹഃ=ബാഷ്പങ്ങളാൽ നനയ്ക്കപ്പെട്ട ശരീരത്തോടുകൂടിയവനായിട്ടു. ഭ്രാതൃപൌരധൃതരാഷ്ട്രജന്മനാം=ഭ്രാതാക്കൾ, പൌരന്മാർ, ധൃതരാഷ്ട്രപുത്രന്മാർ എന്നിവൎക്കു. ഹൎഷവിസ്മയശുചഃ=ഹൎഷം, അത്ഭുതം, ശോകം എന്നിവയെ. ചകാര=ചെയ്തു. അമ്മയുടെ അടുക്കൽ ചെന്നപ്പോൾ അമ്മ ഭീമനെ മുറുകെ പുണൎന്നു ബാഷ്പധാരയാൽ അദ്ദേഹത്തിന്റെ ശരീരത്തെ അഭിഷേകം ചെയ്തു. പുനരാഗതനായ ഭീമൻ തന്റെ ഭ്രാതാക്കൾക്കു ഹൎഷവും, പൌരന്മാൎക്കത്ഭുതവും, കൌരവന്മാൎക്കു ശോകവുമുളവാക്കി. വൃത്തം രഥോദ്ധത.

൮൨. ചേണേലും..........നപി=അഴകുള്ള ധൃതരാഷ്ട്രപുത്രന്മാരെയും. പൃഥാപുത്രാൻച=കുന്തീപുത്രന്മാരെയും. ഗംഗാസുതഃ=

ഭീഷ്മൻ. മാനീ=മാനിയായ (ഭീഷ്മവിശേഷണം). ശിക്ഷിതും=അഭ്യസിപ്പിപ്പാൻ. അസ്ത്രകൎമ്മണി=അസ്ത്രവിദ്യയിൽ. കൃപം=കൃപാചാൎയ്യനെ. ചക്രേ=ചെയ്തു. കൃപാസാഗരം=ദയാസമുദ്രമായ (കൃപവിശേഷണം). തേന=അദ്ദേഹത്താൽ. അമീഷു സുശിക്ഷിതേഷു അപി=ഇവർ വഴിപോലെ അഭ്യസിപ്പിക്കപ്പെട്ടസമയത്തിലും. ചിരം=വളരെക്കാലം. ചേതസി=മനസ്സിൽ. അപൎയ്യാപ്തിമാൻ=തൃപ്തിയില്ലാത്തവനായിട്ടു. ദ്രോണാചാൎയ്യം=ദ്രോണാചാൎയ്യനെ. അഥ=പിന്നെ. ആനിനീഷുഃ അഭവൽ=ആനയിപ്പാൻ ഇച്ഛയുള്ളവനായി ഭവിച്ചു. ദൈവാൽ=ദൈവവശാൽ. സഃ ച=അദ്ദേഹവും. ആജഗ്മിവാൻ=ആഗമിച്ചു. പിന്നെ ഭീഷ്മർ ധൃതരാഷ്ട്രപുത്രന്മാരെയും കുന്തീപുത്രന്മാരെയും അസ്ത്രവിദ്യ പഠിപ്പിക്കുവാൻ കൃപാലുവായ കൃപാചാൎയ്യരെ നിയോഗിച്ചു. അദ്ദേഹം വളരെക്കാലം നന്നായി പഠിപ്പിച്ചിട്ടും തൃപ്തി വരാതെ ദ്രോണാചാൎയ്യരെ കൊണ്ടുവരുവാൻ ഭീഷ്മർ ആഗ്രഹിച്ചു. അപ്പോഴയ്ക്കു യദൃച്ഛയാ അദ്ദേഹം അവിടെ വരികയും ചെയ്തു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൪൩. ഭാൎയ്യയാ=ഭാൎയ്യയോടു. സഹകുമാരയാ=പുത്രനോടു കൂടിയ (ഭാൎയ്യയാ എന്നതിന്റെ വിശേഷണം) അന്വിതഃ=കൂടിയവനായ. വിക്രമാനുഗതയാ=വിക്രമത്താൽ അനുഗമിക്കപ്പെട്ട. ഇവ=എന്നപോലെ, വിദ്യയാ=വിദ്യയോടു. സൽകൃതഃ=സൽക്കരിക്കപ്പെട്ട. വിധിവൽ=വിധിപോലെ. ആപഗാസുതം=ഭീഷ്മരോടു. കുംഭയോനിഃ=ദ്രോണാചാൎയ്യൻ [ഭരദ്വാജമുനിക്കു ഘൃതാചീദൎശനത്താൽ വീൎയ്യസ്ഖലനമുണ്ടായി. ആ വീൎയ്യം ദ്രോണത്തിൽ=കുംഭത്തിൽ സൂക്ഷിക്കപ്പെട്ടു. അതിൽനിന്നുല്പന്നനാകയാൽ ഭരദ്വാജപുത്രനു ദ്രോണനെന്നും കുംഭയോനിയെന്നും പേർ വന്നു]. ഇദം=ഇതിനെ. ആഹ(സ്മ)=പറഞ്ഞു. സംസദി=സഭയിൽ. വിക്രമത്തോടൊത്തു വിദ്യയെന്നപോലെ പുത്രനോടൊത്തു ശോഭിക്കുന്ന തന്റെ ഭാൎയ്യയോടുകൂടിവന്ന ദ്രോണാചാൎയ്യർ ഭീഷ്മരാൽ വിധിപോലെ സൽകൃതനായിട്ട് സഭയിൽവച്ചു താഴെ വരുംപ്രകാരം പറഞ്ഞു. വൃത്തം രഥോദ്ധത.

ദണ്ഡകം:— സഖ്യം=സൌഹാൎദ്ദം. ദൃഢം=ഉറപ്പുള്ള. ദ്രുപദ

രാജന്ന=പാഞ്ചാലരാജന്ന്. പുരാ=പണ്ട്. മഹിതം=പൂജിതം. ആസീൽ=ഭവിച്ചു. തൽക്ഷണം=തത്സമയം. അവനിഭരലബ്ധി=രാജ്യഭാരപ്രാപ്തി. അർദ്ധം=പകുതി. തവ=അങ്ങേക്കു. ധരണി..............തത്ര=അദ്ദേഹം രാജാവായി ഭവിച്ചപ്പോൾ ഉടനെ. ധർമ്മഹതി=ധർമ്മഹാനി. നാഗതോ ഞാൻ=ഞാൻ പോയില്ല. തരളധൃതി=ചഞ്ചലധൈര്യയായ. മമ ദയിത=എന്റെ ഭാര്യ. കൃപഭഗിനി=കൃപാചാര്യന്റെ സോദരി (കൃപി). സതതം=എല്ലായ്പ്പോഴും. അധനത=ദാരിദ്ര്യം. ദീനാ=ദുഃഖിതയായ. കുമാരം=പുത്രനെ. ഏനം=ഈ (കുമാരം എന്നതിനോടു യോജന). നാനാപ്രയാസം=പലവിധമുള്ള ക്ലേശം. ദീനത=ദൈന്യം. വിവശത=വൈവശ്യം. ദിവസേഷ്വ തേഷു പുനഃ=ആ ദിവസങ്ങളിലാകട്ടെ. അവശേന=അവശനായ (എന്നാൽ എന്നതിന്റെ വിശേഷണം). യാചകത=യാചകത്വം. സവിഷാദം=വിഷാദത്തോടുകൂടി (ക്രി. വി.) ആപി=പ്രാപിക്കപ്പെട്ടു. പരം=ഏറ്റവും. ദ്രുപദനോടു=പാഞ്ചാലനോടു. ഭമരൻ=സബ്രഹ്മചാരി. മമതവച=എനിക്കും അങ്ങേക്കും. സഖിത=സഖ്യം. കിമുഭവതി=ഉണ്ടോ? ഉദ്ഭൃതരോഷം=ഉണ്ടായ കോപത്തോടുകൂടി (ക്രി. വി). നിർഭർത്സ്യ=നിന്ദിച്ച്. അല്പ...........മതി=വലിയ ചപലബുദ്ധി. വിപ്രവടുഃ=വിപ്രബാലൻ. അയം=ഇയ്യുള്ളവൻ(ഞാൻ). അഖിലഗുപ്തികരൻ=എല്ലാവർക്കും രക്ഷയെ ചെയ്യുന്നവൻ. മമ സഖാ കിം=എന്റെ സഖിയാകുമോ? സൃഗാലശിശു=കുറുക്കൻകുട്ടി. മദകുഞ്ജരനു=മത്തദന്തിക്കു. സഖി=ചങ്ങാതി. അപഹസനം=പരിഹാസം. അപര.............ചെവികളിൽ=അന്യരാജാക്കന്മാരുടെ ചെവികളിൽ. ഇയലുമളവു=എത്തുന്ന സമയത്ത്. അപസരതു=പോകട്ടെ. കുമതിഃ അയം=ദുർബുദ്ധിയായ ഇവൻ. സവ്രീളം=ലജ്ജയോടുകൂടി. ഏഷഃ=ഈ. അർവ്വാങ്മുഖഃ=അധോമുഖനായ. അഹമപി=ഞാനും. ദുർവ്വാഗ്ഭിഃ=ദുർവ്വാക്കുകളെക്കൊണ്ടു. ഹൃതതേജാഃ=ഹരിക്കപ്പെട്ട തേജസ്സോടുകൂടിയവനായ. സർവ്വം=എല്ലാം. വിധി.......ദുർവ്യാസനം=ബ്രഹ്മകല്പിതമായ ദുരാപത്ത്. ഗർവ്വധൃതമതിഃ=ഗർവ്വത്താൽ ധരിക്കപ്പെട്ട ബുദ്ധിയോടുകൂടിയവനായിട്ട്. സബലൈഃ=സസൈന്യന്മാരായ. അമീഭിഃ=ഈ. കുരുവംശസന്തതിഭിഃ=കുരുവംശസന്താനങ്ങളാൽ. അഖില........വിനീതൈഃ=എല്ലാ അസ്ത്രശസ്ത്രങ്ങളിൽ നല്ലവണ്ണം

അഭ്യസിപ്പിക്കപ്പെട്ടവരായ. സമപ........പരിഭവം=പരിഭവം ചേ ം ക്കപ്പെട്ടതു്. അനുഭവിതും=അനുഭവിപ്പാൻ. അഭിലഷിതം=ആഗ്രഹിക്കപ്പെട്ടതു്. വിശേഷാൽ=വിശേഷിച്ചും. ദ്രുപദരാജാവിനും എനിക്കും തമ്മിൽ പണ്ടു വലിയ സഖ്യമായിരുന്നു. "എനിക്കു രാജ്യഭാരം കിട്ടിയാലുടനെ രാജ്യത്തിൽ പകുതി അങ്ങെയ്ക്കു തരാം" എന്നദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹം രാജാവായ ഉടനെ, ധർമ്മഭ്രംശം വരുമെന്നു വിചാരിച്ചു് ഞാൻ പോയില്ല. അക്കാലത്തു അധീരയും കൃപന്റെ സോദരിയുമായ എന്റെ ഭാര്യ ദാരിദ്ര്യത്തിൽപ്പെട്ടു പരവശയായി. അവൾ അന്നു് ഈ പുത്രനെ വളൎത്തുന്നതിന്നു വളരെ പ്രയാസപ്പെട്ടു. അവളുടെ കഷ്ടപ്പാടു കണ്ടു ഞാനും ദുഃഖപരവശനായി. ആ ദിവസങ്ങളിൽ, പരവശനായ ഞാൻ വിഷാദത്തോടുകൂടി യാചകവൃത്തിയെത്തന്നെ ആശ്രയിച്ചു. അപ്പോൾ ഞാൻ സബ്രഹ്മചാരിയായ ദ്രുപദരാജാവിന്റെ അടുക്കൽ ചെന്നു് "അങ്ങയും ഞാനും തമ്മിലുള്ള സഖ്യം ഓൎമ്മയില്ലുണ്ടോ" എന്നു ചോദിച്ചു. അദ്ദേഹമാകട്ടെ, കോപിച്ചു് എന്നെ നിന്ദിച്ചു് "ഇവൻ അല്പബുദ്ധിയായ ഒരു വിപ്രബാലൻ, ഞാനോ എല്ലാവരെയും രക്ഷിക്കുന്ന രാജാവു്; ഇവൻ എങ്ങനെ എന്റെ സഖിയാകും? ഈ അപവാദം വിചാരിച്ചാൽ ചിരിവരും. ഒരു കുറുക്കൻകുഞ്ഞ് മദഗജത്തിന്നു സഖിയാകുമോ? ഇതു മററു രാജാക്കന്മാരുടെ ചെവികളിലെത്തുമ്പോൾ എനിക്കു പരിഹാസമാണു്. ദുൎബുദ്ധിയായ ഇവൻ പുറത്തു പോകട്ടേ" എന്നു പറഞ്ഞു. ഞാൻ ലജ്ജിച്ചു് മുഖം താഴ്ത്തി അദ്ദേഹത്തിന്റെ ദുൎവ്വാക്കുകളാൽ തേജസ്സകന്നു് "ഇതെല്ലാം വിധികല്പിതമായ ആപത്താണു്" എന്നു സമാധാനിച്ചു ധൈൎയ്യമവലംബിച്ചു് ഇവിടെ വന്നു. ഈ കുരുകുലകുമാരന്മാരെ വേണ്ടതുപോലെ അസ്ത്രശസ്ത്രവിദ്യകളഭ്യസിപ്പിച്ചു് അവരെക്കൊണ്ടു് ദ്രുപദകൃതമായ പരിഭവം തീൎപ്പിച്ചാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

൪൪. ഇത്ഥം=ഇങ്ങനെ. ദ്രോണേ ബ്രുവാണേ (സതി)=ദ്രോണൻ പറയുമ്പോൾ. മുദിതമതിഃ അസൌ=സന്തുഷ്ടബുദ്ധിയായ അദ്ദേഹം (ഭീഷ്മൻ). തൽതഥാ സാധയിഷ്യേ=അതു് അപ്രകാരം സാധിപ്പിക്കാം. കഃ സന്ദേഹഃ=എന്തു സംശയം. വിനഷ്ടം കലയ=നശി

ച്ചതായി വിചാരിച്ചാലും. പരിഭവം=തിരസ്കാരം. ജാതം=ഉണ്ടായ. അത്യന്തം മാനയിത്വാ=ഏററവും മാനിച്ച്. കുമാരാൻ=രാജപുത്രന്മാരെ. സമാനീയ=വരുത്തിയിട്ട്. ഗംഗാപുത്രഃ=ഭീഷ്മൻ. ശസ്ത്രാ......... വിധയേ=ശസ്ത്രാസ്ത്രവിദ്യകൾ പഠിപ്പിക്കുവാൻ വേണ്ടി. തസ്യ ഹസ്തേ=അദ്ദേഹത്തിന്റെ കയ്യിൽ. വ്യതാരീത്=നൽകി. ദ്രോണരിങ്ങനെ പറയുമ്പോൾ ഭീഷ്മർ സന്തോഷിച്ച് "അതങ്ങനെ തന്നെ സാധിപ്പിക്കാം, സംശയമില്ല. പരിഭവമുണ്ടായതു തീൎന്നതായിക്കരുതുക" എന്നു പറഞ്ഞു് അത്യന്തം ബഹുമാനിച്ച്, കുമാരന്മാരെ വരുത്തി, ശസ്ത്രാസ്ത്രവിദ്യകളഭ്യസിപ്പിപ്പാൻ അദ്ദേഹത്തിന്റെ കയ്യിൽ നൽകി. വൃത്തം സ്രഗ്ദ്ധര.

൪൮. സ്മൃത്വാ=സ്മരിച്ചിട്ട്. ഗുരും=ഗുരുവായ. ഹൃദി=ഹൃദയത്തിൽ. വിശിഷ്യ=വിശേഷിച്ച്. പുരാരിശിഷ്യം=ശിവശിഷ്യനെ (പരശുരാമനെ). ആദരേണ=ആദരവോടെ. പരിഗൃഹ്യ=സ്വീകരിച്ചിട്ട്. ശുഭാൻ കുമാരാൻ=നല്ലവരായ രാജപുത്രന്മാരെ. അദ്ധ്യാപയൽ=പഠിപ്പിച്ചു. സഃ=അദ്ദേഹം. വിജനേ=വിജനത്തിൽവച്ച്. നിഖിലാസ്ത്രവിദ്യാം=എല്ലാ അസ്ത്രവിദ്യയേയും. സ്വേന ഏവ=തന്നാൽത്തന്നെ. സമ്യക്=വഴിപോലെ. അനുദൎശിതസമ്പ്രയോഗഃ=കാട്ടിക്കൊടുക്കപ്പെട്ട പ്രയോഗത്തോടു കൂടിയവനായിട്ട്. ദ്രോണാചാൎയ്യൻ തന്റെ ഗുരുവായ പരശുരാമനെ വിശേഷിച്ചും മനസ്സിൽ വിചാരിച്ച്, പ്രയോഗക്രമങ്ങളെ താൻതന്നെ കാട്ടിക്കൊടുത്തുംകൊണ്ടു് ആ രാജപുത്രന്മാരെ അസ്ത്രവിദ്യയെല്ലാം പഠിപ്പിച്ചു. വൃത്തം വസന്തതിലകം.

൪൯. പൃഥക് പൃഥക്=വേറെ വേറെ. വിദധതി(സതി)=ചെയ്യുമ്പോൾ. ശിക്ഷണം=അഭ്യസനത്തെ. ഗുരൗ=ഗുരു (വിദധതി എന്നതിനോടു യോജന). ധനുഷ്മതാം=വില്ലാളികളായ. നൃപാത്മജന്മനാം=രാജപുത്രന്മാരിൽവച്ച്. വികൃഷ്യതേ=വലിക്കപ്പെടുന്നു; വശീകരിക്കപ്പെടുന്നു എന്നും. നിഹിതഗുണം=ഗുണം (ഞാൺ) ഏററിയ; ഗുണങ്ങളേറിയ എന്നും. ശരാസനം=വില്ല്. കിരീടിനാ=അൎജ്ജുനനാൽ. മുഹുഃ=വീണ്ടും വീണ്ടും. അപി=ഉം. മാനസം=മനസ്സ്. ഗുരോഃ=ഗുരുവിന്റെ. ഗുരു ഓരോ ശിഷ്യനേയും വേറെ വേറെ അഭ്യ

സിപ്പിക്കുമ്പോൾ, വില്ലാളികളായ ആ രാജപുത്രന്മാരിൽവച്ച് അർജ്ജുനൻ വില്ലു വലിക്കുന്നതിനോടൊപ്പം ഗുരുവിന്റെ മനസ്സിനേയും ആകർഷിച്ചു. വികൃഷ്യതേ, നിഹിതഗുണം എന്നിവയിലെ ശ്ലേഷാർത്ഥങ്ങൾ രണ്ടും പ്രകൃതമാകയാൽ കേവലപ്രകൃതശ്ലേഷം അലങ്കാരം. നാലിൽ യതിയും ജ. ഭ. സ. ജ. ഗണങ്ങളും ഗുരുവും വരികയാൽ അതിരുചിരാവൃത്തം. "ചതുർഗ്ഗ്രഹൈരതിരുചിരാ ജഭസ്ജഗം" എന്നു ലക്ഷണം.

൪൭. സ്നാതും=കുളിപ്പാൻ. കദാചന=ഒരിക്കൽ. ഗുരും=ഗുരുവിനെ. സലിലാവഗാഢം=വെള്ളത്തിലിറങ്ങിയ (ഗുരുവിശേഷണം). ജഗ്രാഹ=പിടിച്ചു. കോപി=ഒരു. പദസീമനി=പാദാഗ്രത്തിൽ. നക്രപാശഃ=നീചനക്രം. വിദ്ധ്വാ=എയ്തിട്ട്. ശരേണ=ശരംകൊണ്ട്. വിജയഃ=അർജ്ജുനൻ. ജലഗൂഢം=വെള്ളത്തിൽ മറഞ്ഞ ഏനം=ഇതിനെ (നക്രത്തെ). കർഷത്സു (സത്സു)=വലിക്കുമ്പോൾ. അഹോ=ആശ്ചര്യം. കുരുഷു=കുരുക്കൾ (കർഷത്സു എന്നതിനോടു യോജന) മോചയതിസ്മ=വിടുവിച്ചു. വേഗാൽ=വേഗത്തിൽ. ഒരിക്കൽ ഗുരു കുളിപ്പാൻ വെള്ളത്തിലിറങ്ങിയപ്പോൾ ഒരു മുതല അദ്ദേഹത്തിന്റെ കാൽക്കു പിടിച്ചു. വെള്ളത്തിൽ മറഞ്ഞുകിടന്ന അതിനെ വിടുവിപ്പാൻ കുരുരാജപുത്രന്മാർ വലിച്ചുതുടങ്ങി. അപ്പോൾ അർജ്ജുനൻ അതിനെ അമ്പെയ്തു വിടുവിച്ചു. വൃത്തം വസന്തതിലകം.

൪൮. തത്ര=അവിടെ. ഏകദാ=ഒരിക്കൽ. പടുതരൈഃ=അതിസമർത്ഥന്മാരായ. സഹ=കൂടെ. രാജപുത്രൈഃ=രാജപുത്രന്മാരോട്. ശില്പിപ്രകാണ്ഡരചിതാം=ശില്പിശ്രേഷ്ഠന്മാരാൽ നിർമ്മിക്കപ്പെട്ട. ബലികല്പനാഢ്യാം=ബലികല്പന (ബലികർമ്മം)കൊണ്ടു ശ്രേഷ്ഠയായ. അസ്ത്രപ്രയോഗം=അസ്ത്രപ്രയോഗത്തെ. ദർശയിതും=കാട്ടിക്കൊടുപ്പാൻ. മഹാത്മാ=മഹാശയനായ. ദൃപ്യന്മനാഃ=ദർപ്പിക്കുന്ന മനസ്സോടുകൂടിയ. ഗുരുഃ=ആചാര്യൻ. അഗാൽ=ഗമിച്ചു. മണിരംഗഭൂമിം=മണിമയമായ രംഗഭൂമിയിലേക്ക്. ഒരിക്കൽ മഹാത്മാവായ ദ്രോണാചാര്യൻ, തന്റെ ശിഷ്യന്മാരുടെ അസ്ത്രപ്രയോഗസാമർത്ഥ്യം പ്രദർശിപ്പിപ്പാൻവേണ്ടി, ശില്പിവര്യന്മാരാൽ നിർമ്മിക്കപ്പെട്ടതും രംഗബാധാനിവൃത്ത്യ

ത്ഥം ബലികർമ്മം ചെയ്തതുമായ രംഗഭൂമിയിലേക്ക്, ശിഷ്യന്മാരോടും കൂടി പോയി. വൃത്തം വസന്തതിലകം.

൨൯. പ്രേക്ഷകൈഃ = കാണികളായി, വിവിധമഞ്ചവർത്തിഭിഃ = പലവിധമുള്ള മഞ്ചങ്ങളിൽ വർത്തിക്കുന്ന. പൌര............പാലകൈഃ = പൌരന്മാർ, ജാനപദന്മാർ (ഗ്രാമീണന്മാർ), രാജാക്കന്മാർ എന്നിവരെക്കൊണ്ട്. രംഗസത്മ = രംഗഗൃഹം. നിബിഡം = പൂർണ്ണമായി. തദാ = അപ്പോൾ. അഭവൽ = ഭവിച്ചു. നിർജ്ജരൈഃ = ദേവന്മാരാൽ. അപി നഭഃ = നഭസ്സും. വിമാനഗൈഃ = വിമാനചാരികളായ. അപ്പോൾ കുമാരന്മാരുടെ അസ്ത്രപ്രയോഗകൌശലം കാണ്മാൻ പല മഞ്ചങ്ങളിലിരിക്കുന്ന പൌരാദികളെക്കൊണ്ടു രംഗഭൂമിയും, വിമാനമേറി വന്ന ദേവന്മാരാൽ ആകാശവും നിറഞ്ഞു. രഥോദ്ധതാവൃത്തം.

൩൦. ധർമ്മജാദ്യാഃ = ധർമ്മപുത്രൻ മുതലായ. സദസി = സഭയിൽ. പരികരം = ഗാത്രബന്ധം. ഗാഢം = ഉറപ്പോടെ (ക്രി. വി). ആബദ്ധ്യ = കെട്ടിയിട്ട്. ധന്വിനഃ = വില്ലാളികളായ. തേ = അവർ. ഗുരു............മാംഗാഃ = ഗുരുചരണരജസ്സിന്റെ പാതത്താൽ പരിശുദ്ധമായ ശിരസ്സോടുകൂടിയ. ആഹന്ത = ഹർഷദ്യോതകം. രംഗേ = രംഗത്തിൽ. അവതീർണ്ണാഃ = ഇറങ്ങിയവരായിട്ട്. ശരൈഃ = ശരങ്ങളെക്കൊണ്ട്. ലക്ഷം = ലാക്കിനെ. നിർന്നിദ്രൈഃ = നിദ്രയില്ലാത്ത (നിരന്തരമായി പ്രംപ്പെട്ട). സ്ഥൂല............മയം = സ്ഥൂലമായും സൂക്ഷ്മമായും സ്ഥിരം (ഇളകാത്തത്) ആയും തരളം (ഇളകുന്നത്) ആയുമുള്ള. വിവ്യധുഃ = വേധിച്ചു. നിർവിശങ്കം = ശങ്കകൂടാതെ (ക്രി. വി). അപ്പോൾ, കേളികേട്ട വില്ലാളികളായ ധർമ്മപുത്രാദികൾ ഗുരുവിന്റെ കാൽക്കൽ വണങ്ങി പാദരേണു തലയിലേററു രംഗത്തിലിറങ്ങി സ്ഥൂലം, സൂക്ഷ്മം, അചലം, ചലം എന്നിങ്ങനെ പല വിധമുള്ള ലാക്കുകളെ ശരങ്ങളെയ്തു മുറിച്ചു. വൃത്തം സ്രഗ്ദ്ധര.

൩൧. ഉദ്യ............ഭയങ്കരൌ = ഉയർത്തപ്പെട്ട വലിയ ഗദകളെക്കൊണ്ടു ഭയങ്കരന്മാരായ. മരു............ധനൌ = ഭീമദുര്യോധനന്മാർ. രംഗഭൂമിം = രംഗഭൂമിയിലേക്ക്. അവതേരതുഃ = ഇറങ്ങി. ക്ഷണാൽ = ക്ഷണത്തിൽ. ഊഢസാലവിടപൌ = മരക്കൊമ്പു പൊട്ടി

ച്ചെട്ടത്ത. ഇവ=പോലെ. ദ്വിപൌ=രണ്ടാനകൾ. അപ്പോൾ, വലിയ ഗദകൾ ഉയൎത്തി കാണികൾക്കു ഭയം തോന്നിക്കുന്നവരായ ഭീമനും ദുൎയ്യോധനനും, മരക്കൊമ്പുകളുമെടുത്തു വരുന്ന രണ്ടാനകൾപോലെ രംഗഭൂമിയിലേക്കിറങ്ങി. വൃത്തം രഥോദ്ധത.

൫൨. മണ്ഡലേഷു=വട്ടത്തിലുള്ള ഭ്രമണങ്ങളിൽ. വിവിധേഷു=പല വിധമുള്ള. വല്ഗതോഃ=ചാടുന്നവരായി. ഘട്ടി............ഗ്രയോഃ=രണ്ടു പേരുടെയും ഗദകളുടെ അഗ്രങ്ങളെ ഘട്ടനം ചെയ്യുവരായ. തയോഃ=അവരിരുവരുടെ. ക്രുദ്ധയോഃ=ക്രോധിച്ച (തയോഃ എന്നതിന്റെ വിശേഷണം). ഗഹനം=ഭീഷണമായ. ആഹവോദ്യമം=യുദ്ധോത്സാഹത്തെ. ദ്രോണസൂനുഃ=ദ്രോണപുത്രൻ(അശ്വത്ഥാമാവ്). ന്യവാരയൽ=വിലക്കി. പല പ്രകാരത്തിൽ വട്ടത്തിൽ ചാടിത്തിരിഞ്ഞും ഗദകളുടെ അറ്റങ്ങൾ തമ്മിൽ കൂട്ടിമുട്ടിയും ഭീമസുയോധനന്മാർ കോപത്തോടെ ആരംഭിച്ച ഭയങ്കരയുദ്ധത്തെ ദ്രോണപുത്രനായ അശ്വത്ഥാമാവ് വിലക്കി. വൃത്തം രഥോദ്ധത.

൫൩. ആജ്ഞയാ=ആജ്ഞയാൽ. തദനു=അതിൽപ്പിന്നെ. സസ്മിതം=പുഞ്ചിരിയോടുകൂടി (ക്രി വി). ഗുരോഃ=ഗുരുവിന്റെ. തൽ............മൌലിനാ=അദ്ദേഹത്തിന്റെ പദങ്ങളിലുള്ള നമസ്കാരത്താൽ പരിശുദ്ധമായ ശിരസ്സോടുകൂടിയ. ധന്വിനാ=വില്ലോടുകൂടിയ. കവചിനാ=കവചത്തോടുകൂടിയ. നിഷംഗിനാ=ആവനാഴിയോടുകൂടിയ (എല്ലാം ജിഷ്ണു വിശേഷണം). രംഗഭൂഃ=രംഗഭൂമി. അലമകാരി=അലങ്കരിക്കപ്പെട്ടു. ജിഷ്ണുനാ=അൎജ്ജുനനാൽ. അതിനുശേഷം ഗുരുവിന്റെ ആജ്ഞയനുസരിച്ച്, അൎജ്ജുനൻ പുഞ്ചിരിയിട്ടു ഗുരുപാദങ്ങളിൽ നമസ്കരിച്ച്, വില്ലും കവചവും ആവനാഴിയുമേന്തി രംഗഭൂമിയെ അലങ്കരിച്ചു. വൃത്തം രഥോദ്ധത.

൫൪. സാടോപം=ഗൎവ്വോടുകൂടി (ക്രി. വി). വായു............ദാദ്യൈഃ=വായു, പൎവ്വതം, ഗജം, സിംഹം, തമസ്സ് (ഇരുട്ട്), സൂൎയ്യൻ, അഗ്നി, മേഘം തുടങ്ങിയുള്ള. ഊഢാഭോഗം=അതിശയത്തോടുകൂടി (ക്രി. വി). മഹാസ്ത്രൈഃ=മഹാസ്ത്രങ്ങളെക്കൊണ്ട്. സദസി=സഭയിൽ. ലഘുതരം=ഏററവും വേഗത്തിൽ. വ്യാപരിക്കും ദശാ

യാം=പെരുമാറുമ്പോൾ. ഗാഢാകൃഷ്ടം=ഗാഢമാകുംവണ്ണം വലിക്കപ്പെട്ട. ശരാസം=വില്ലിനെ. ഝടിതി=പൊടുന്നനെ. മുഖരയൻ=ശബ്ദിപ്പിക്കുന്നവനായിട്ട്. സിംഹ..........ഭീമം=സിംഹനാദത്താൽ (അട്ടഹാസത്താൽ) അഥവാ സിംഹത്തിൻെറ നാദംപോലെ അതിഭയങ്കരമാകുംവണ്ണം (ക്രി. വി). പ്രൌഢാത്മാ=പ്രൌഢരൂപനായ. രംഗഭൂമിം=രംഗഭൂമിയിലേക്ക്. പ്രസഭം=ബദ്ധപ്പെട്ട്. അഭിയയൌ=നേരിട്ടു വന്നു. താപനിഃ=തപനപുത്രൻ (കർണ്ണൻ). സാഭിമാനം=അഭിമാനത്തോടുകൂടി (ക്രി. വി). അർജ്ജുനൻ അഹങ്കാരത്തോടുകൂടി വായവ്യാസ്ത്രം, പാർവ്വതാസ്ത്രം, ഗജാസ്ത്രം, സിംഹാസ്ത്രം, തമോസ്ത്രം, സൂര്യാസ്ത്രം, ആഗ്നേയാസ്ത്രം, മേഘാസ്ത്രം മുതലായ മഹാസ്ത്രങ്ങളെ അതിവേഗത്തിൽ പ്രയോഗിച്ചുംകൊണ്ടു പെരുമാറുന്ന സമയത്ത്, പ്രൌഢനായ കർണ്ണൻ വില്ലു വലിച്ച് അട്ടഹാസങ്ങളോടുകൂടി അഥവാ സിംഹശബ്ദംപോലെ ഭയങ്കരമായി ഞാണൊലി മുഴക്കിക്കൊണ്ട് അഭിമാനപൂർവ്വം രംഗത്തിന്നഭിമുഖമായി വന്നു. വൃത്തം സ്രഗ്ദ്ധര.

൨൨. യദ്യൽ=ഏതേതു. പ്രയുക്തം=പ്രയോഗിക്കപ്പെട്ട. അമരേന്ദ്രഭുവാ=ഇന്ദ്രപുത്രനാൽ. തത്തൽ=അതതിനെ. പ്രദർശ്യ=കാണിച്ചിട്ട്. രവിസൂനുഃ=സൂര്യപുത്രൻ. ഇദം=ഇതു്. ബഭാഷേ=പറഞ്ഞു. അസ്ത്രൈഃ അലം=അസ്ത്രങ്ങളെക്കൊണ്ടുള്ളതു മതി. കിമപി=കുറത്തനേരം. തിഷ്ഠ=നിൽക്കുക. പൃഥാസുത=കുന്തീപുത്ര! തൽ ദ്വന്ദ്വയുദ്ധം=ആ ദ്വന്ദ്വയുദ്ധത്തെ. ദേഹി=നൽകുക. അവിളംബം=താമസം കൂടാതെ. അർജ്ജുനൻ ഏതേതു മഹാസ്ത്രങ്ങൾ പ്രയോഗിച്ചുവോ അവയെല്ലാം താനും പ്രയോഗിച്ചു കാണിച്ച് കർണ്ണൻ പറഞ്ഞു:—"അസ്ത്രങ്ങൾകൊണ്ടുള്ളതു മതി. കുറച്ചു നേരം ഇവിടെനിന്ന് എനിക്കു ദ്വന്ദ്വയുദ്ധം തരിക." വൃത്തം വസന്തതിലകം.

൨൩. ജാതപ്രകോപം=ഉണ്ടായ കോപത്തോടുകൂടി (ക്രി. വി). ആഹ(സ്മ)=പറഞ്ഞു. കൃപഃ=കൃപാചാര്യൻ. വൈധേയ=മൂർഖ! സദൃശം=തുല്യനായവനെ. മൃഗയസേ=നീ അന്വേഷിച്ചാലും. യുധേ=യുദ്ധത്തിൽ. സൂതാത്മജേന=സൂതൻെറ (ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻെറ) പുത്രനായ. ഭവതാ=ഭവാനോടു. വദ=പറയുക. യോത്സ്യതേ കിം=യുദ്ധം ചെയ്യുമോ? ശീതാംശുവംശമണിഃ=ച

ന്ദ്രവംശത്തിന്നു രത്നഭൂതനായ. ഏഷഃ കുരുപ്രവീരഃ=ഈ കുരുവീരൻ. അപ്പോൾ കൃപാചാൎയ്യൻ കുപിതനായിട്ടു പറഞ്ഞു—"മൂർഖ, നീ മാറിനിൽക്കു്. യുദ്ധത്തിൽ നിനക്കു തുല്യനായവനെ അന്വേഷിക്കുക. സൂതപുത്രനായ നിന്നോടുകൂടി സോമവംശാലങ്കാരഭൂതനായ ഈ കൌരവവീരൻ യുദ്ധംചെയ്യുമോ?" വൃത്തം വസന്തതിലകം.

൫൭. തപനജന്മഷി=സൂൎയ്യപുത്രനായ. തസ്മിൻ=അദ്ദേഹം. വ്രീളിതേ (സതി)=ലജ്ജിതനായ സമയത്തു്. ധാൎത്തരാഷ്ട്രഃ=ദുൎയ്യോധനൻ. സുഹൃദം=സുഹൃത്താക്കി. ചികീർഷുഃ=ചെയ്വാനിച്ഛയുള്ളവനായിട്ടു. തം=അദ്ദേഹത്തെ. നിവേശ്യ=ഇരുത്തിയിട്ടു്. ആസനാന്തേ=സിംഹാസനത്തിന്റെ മദ്ധ്യത്തിൽ. കനകകലശമുഖൈഃ=പൊൻകുടങ്ങളെക്കൊണ്ടു വീഴ്ത്തപ്പെട്ട. അഭ്യഷിഞ്ചൽ=അഭിഷേകംചെയ്തു. പയോഭിഃ=ജലങ്ങൾകൊണ്ടു. മനുജപതിഷു പശ്യത്സു (സത്സു)=രാജാക്കന്മാർ കാണുന്ന സമയത്തു. അംഗരാജ്യാധിരാജം=അംഗരാജ്യത്തിന്നു രാജാവായിട്ടു്. കൃപാചാൎയ്യന്റെ വചനത്താൽ കൎണ്ണൻ ലജ്ജിതനായപ്പോൾ ദുൎയ്യോധനൻ അദ്ദേഹത്തെ തന്റെ മിത്രമാക്കുവാനിച്ഛിച്ചു്, രാജാക്കന്മാർ കണ്ടുനിൽക്കവേ, പൊൻകുടങ്ങളെക്കൊണ്ടു നിർവീഴ്ത്തി, കൎണ്ണനെ അംഗരാജാവായി അഭിഷേകം ചെയ്തു. ന. ന. മ. യ. യ. ഗണങ്ങളും എട്ടിൽ യതിയുമാകയാൽ മാലിനീവൃത്തം. "നനമയയുഗമെട്ടിൽ തട്ടണം മാലിനിക്കു്" എന്നു ലക്ഷണം.

൫൮. ജാതോദ്യമം=ഉത്സാഹമുണ്ടായവനായ. പ്രധനകൎമ്മണി=യുദ്ധകൎമ്മത്തിൽ. രാജ്യലാഭപ്രീതം=രാജ്യംകിട്ടുകയാൽ സന്തുഷ്ടനായ. തം=ആ കൎണ്ണനോടു. ആഹ(സ്മ)=പറഞ്ഞു. ഇന്ദ്രസുതഃ=അൎജ്ജുനൻ. സൂതാത്മജഃ അസ്തു=സൂതപുത്രനായ് ഭവിക്കട്ടെ. ഭവാൻ=അങ്ങു്. അഥവാ അംഗരാജഃ (അസ്തു)=അല്ലെങ്കിൽ അംഗരാജനായ് ഭവിക്കട്ടെ. ശാതൈഃ=തീക്ഷ്ണങ്ങളായ. ശരൈഃ=ശരങ്ങളെക്കൊണ്ടു്. മമ=എന്റെ. ഭവിഷ്യതി=ഭവിക്കും. ലൂനമൂൎദ്ധാ=ശിരസ്സററവനായിട്ടു. രാജ്യം ലഭിച്ചതിനാൽ പ്രീതനായി യുദ്ധത്തിനുദ്യമിച്ച കൎണ്ണനോടു് അൎജ്ജുനൻ പറഞ്ഞു:—"അങ്ങു സൂതപുത്രനാകട്ടെ, അഥവാ അംഗരാ

ജാവാകർത്ത, ആരായിരുന്നാലും ശരി, എന്റെ നിശിതശരങ്ങളാൽ അങ്ങയുടെ ശിരസ്സററുപോകും.” വൃത്തം വസന്തതിലകം.

൮൯. കർണ്ണന്റെ വചനം. തിഷ്ഠ=നില്ക്ക. പാൎത്ഥ=അൎജ്ജുന! സമിതൌ=യുദ്ധത്തിൽ. അതിസ്ഥിരഃ=ഏററവും സ്ഥിരനായിട്ടു. മാമകേന=എന്നെസ്സംബന്ധിച്ച (പത്രിണാ എന്നതിന്റെ വിശേഷണം). ദളിതേന=മുറിക്കപ്പെട്ട (ത്വച്ഛിരസ്സരസിജേന എന്നതിന്റെ വിശേഷണം). പത്രിണാ=ശരത്താൽ. ത്വ............ജേന=നിന്റെ തലയാകുന്ന താമരപ്പൂകൊണ്ടു്. കല്പയാമി=ചെയ്യുന്നുണ്ടു്. രംഗ............ബലിം=യുദ്ധരംഗഗൃഹദേവതമാൎക്കുള്ള ബലിയെ. എടോ അൎജ്ജുന, യുദ്ധത്തിൽ ഉറച്ചുനില്ക്കുക, എന്റെ ശരത്താൽ ഛേദിക്കപ്പെട്ട നിന്റെ തലയാകുന്ന താമരപ്പൂകൊണ്ടു ഞാനിപ്പോൾ യുദ്ധരംഗത്തിലെ ഗൃഹദേവതമാൎക്കു പൂജ ചെയ്യുന്നുണ്ടു്. വൃത്തം രഥോദ്ധത.

൯൦. ദൃഢകൃഷ്ടചാപൌ=ദൃഢമാകുംവണ്ണം വലിക്കപ്പെട്ട വില്ലോടുകൂടിയവരായിട്ടു്. യുദ്ധായ=യുദ്ധത്തിന്നായിട്ടു്. ബദ്ധരഭസം=ഉണ്ടായ ത്വരയോടുകൂടി (ക്രി. വി.) തത്രാസ=ത്രസിച്ചു (പേടിച്ചു). വീക്ഷകജനഃ=കണ്ടുനില്ക്കുന്ന ജനം. സ്വയം=താൻതന്നെ. ഏത്യ=വന്നിട്ടു്. മദ്ധ്യേ=മദ്ധ്യത്തിൽ. തിഷ്ഠൻ=സ്ഥിതിചെയ്തുംകൊണ്ടു. ന്യവാരയൽ=തടുത്തു. ഉഭൌ=രണ്ടു പേരെയും. സ ഗുരുർമ്മഹാത്മാ=മഹാത്മാവായ ആ ഗുരു. ഇപ്രകാരം പറഞ്ഞു്, അൎജ്ജുനനും കർണ്ണനും വില്ലും വലിച്ചു ബദ്ധപ്പെട്ടു പോരിന്നൊരുങ്ങി - കണ്ടുനില്ക്കുന്നവർ ഭയപ്പെട്ടു. അപ്പോൾ ദ്രോണാചാൎയ്യൻതന്നെ മദ്ധ്യത്തിൽ വന്നുനിന്നു് ഇരുവരേയും വിലക്കി. വൃത്തം വസന്തതിലകം.

൯൧. തൽകാലേ=ആ സമയത്തു്. രാജപുത്രപ്രകരം=രാജപുത്രന്മാരുടെ വൃന്ദം. അഖിലപ്രേക്ഷകന്മാർ=എല്ലാ കാണികളും. പ്രക്ഷോഭം=ഇളക്കം. മിളിതാഃ=ഒത്തുചേൎന്നവരായിട്ടു്. വന്ദദ്ധ്വം=വന്ദിക്കുവിൻ. അഗ്രേ=മുമ്പിൽ. സംഭാഷ്യ=പറഞ്ഞിട്ടു. ശിഷ്യാൻ=ശിഷ്യന്മാരോടു. സദസി=സഭയിൽ. ഗുരുരസൌ=ഈ ഗുരു. വാചം=വാക്കിനെ. ഊചേ=പറഞ്ഞു. ഗഭീരാം=ഗംഭീരയായ. അപ്പോൾ

രാജപുത്രന്മാരും കാണികളുമൊക്കക്കൂടി ക്ഷോഭിക്കുകയും വലിയ കോലാഹലമാകുകയും ചെയ്തു. അതു കണ്ടപ്പോൾ ദ്രോണാചാൎയ്യൻ ശിഷ്യന്മാരോടു്, "അസ്ത്രപ്രയോഗം മതി. ഇനി എല്ലാവരും ചേൎന്നു വന്ദിക്കുവിൻ" എന്നു മുമ്പിൽ പറഞ്ഞുവെച്ച താഴെ കാണിക്കുംവിധം ഗംഭീരമായ വാക്കിനെ പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൫൨. വിനീതാഃ=വിനീതന്മാരായി (പറിപ്പിക്കപ്പെട്ടു) സമ..............കൎമ്മണി=എല്ലാ അസ്ത്രാഭ്യാസകൎമ്മത്തിലും. ഏതേ കുമാരാഃ=ഈ രാജപുത്രന്മാർ. ഇമാം ദക്ഷിണാം=ഈ ദക്ഷിണയെ. അൎത്ഥയേ ഞാൻ=ഞാൻ അപേക്ഷിക്കുന്നു. അസ്മിൻ=ഇവനിൽ (എന്നിൽ). ദ്വിഷന്തം=ദ്വേഷിക്കുന്ന. ദ്രുപദനരപതിം=പാഞ്ചാലരാജാവിനെ. വെന്നു=ജയിച്ചു. യുദ്ധേ=യുദ്ധത്തിൽ. ഗൃഹീത്വാ=പിടിച്ചിട്ടു്. നിൎമ്മായം=നിൎവ്യാജം. ഞാൻ ഈ രാജപുത്രന്മാരെ എന്നെക്കൊണ്ടു കഴിയുംവിധം എല്ലാ അസ്ത്രവിദ്യകളും അഭ്യസിപ്പിച്ചു. ഇനി ഗുരുദക്ഷിണയെ അൎത്ഥിക്കുന്നു. എന്റെ വിരോധിയായ പാഞ്ചാലരാജാവിനെ ജയിച്ചു യുദ്ധത്തിൽ പിടിച്ചു സകല ജനങ്ങളും കാണ്കെ എന്റെ കാൽക്കൽ വെക്കുവിൻ. വൃത്തം സ്രഗ്ദ്ധര.

൫൩. കേട്ടളവു=കേട്ടപ്പോൾ. ശന്തനുസുതേന=ഭീഷ്മനാൽ. ആജ്ഞാപിതാഃ=കല്പിക്കപ്പെട്ട. കൌരവാഃ=കൌരവന്മാർ. ഗത്വാ=പോയിട്ടു. രുരുധുഃ=രോധിച്ചു. ബലൈഃ സഹ=സൈന്യങ്ങളോടുകൂടി. പുരം=പുരത്തെ. പാഞ്ചാലപൃത്ഥ്വീപതേഃ=പാഞ്ചാലരാജാവിന്റെ. യുദ്ധ്യന്തം=യുദ്ധം ചെയ്യുന്ന. തരസാ=ബലത്തോടുകൂടി. ശതേനകുരുഭിഃ=നൂറു കൌരവന്മാരോടു (നൂറുവരോടു). ദൎപ്പോദ്ധതം=ഗൎവ്വിതനായ. പാൎഷതം=പാഞ്ചാലനെ. കൃത്തേഷ്വാസവരം=മുറിക്കപ്പെട്ട വില്ലോടുകൂടിയ. (പാൎഷതവിശേഷണം). കരോല്ലസദസിഃ=കയ്യിൽ വിളങ്ങുന്ന വാളോടുകൂടിയ. ജഗ്രാഹ=പിടിച്ചു. പാൎത്ഥഃ=അൎജ്ജുനൻ. ബലീ=ബലവാനായ. അതുകേട്ടു ഭീഷ്മരാൽ കല്പിക്കപ്പെട്ട കൌരവന്മാർ സൈന്യങ്ങളോടുകൂടിച്ചെന്നു പാഞ്ചാലപുരം വളഞ്ഞു. ദൃപ്തനായ പാഞ്ചാലൻ നൂറുവരോടു പോർ ചെയ്യുമ്പോൾ ബലവാനായ പാൎത്ഥൻ ചാപം മുറിച്ചു വാളേന്തി അദ്ദേഹത്തെ പിടിച്ചു. വൃത്തം ശാൎദ്ദൂലവിക്രീഡിതം.

൯൭. ഇന്ധാനവീൎയ്യമഹസാ=കത്തിജ്വലിക്കുന്ന വീൎയ്യതേജസ്സോടുകൂടിയ. പ്രസഭം=ബലാൽക്കാരേണ. ഗൃഹീതഃ=പിടിച്ചിട്ടു. കുന്തീഭുവാ=അൎജ്ജുനനാൽ. നൃപസഭേ=രാജസഭയിൽ. (രാജശബ്ദമൊഴികെയുള്ള രാജപൎയ്യായങ്ങളിൽനിന്നു സഭാശബ്ദം പരമായി ഷഷ്ഠീതൽപുരുഷസമാസം ചെയ്യുമ്പോൾ നപുംസകലിംഗമാകും.) വിഹിതഃ=വെക്കപ്പെട്ടവനായി, നിജാഗ്രേ=തന്റെ മുമ്പിൽ. മന്ദാക്ഷനമ്രശിരസം=ലജ്ജകൊണ്ടു തലതാഴ്ത്തിയ. ദ്രുപദം=പാഞ്ചാലനോടു. മന്ദ..............മുഖഃ=പുഞ്ചിരികൊണ്ടു ശോഭിക്കുന്ന മുഖത്തോടുകൂടിയ. ഗുരുഃ=ഗുരു. ഏവമൂചേ=ഇങ്ങനെ പറഞ്ഞു. വീൎയ്യതേജസ്സു ജ്വലിക്കുന്ന അൎജ്ജുനനാൽ ബലാൽകാരേണ പിടിച്ചു തന്റെ മുമ്പിൽ വെക്കപ്പെട്ടവനും ലജ്ജിച്ചു തലതാഴ്ത്തിയവനുമായ ദ്രുപദനോടു ദ്രോണാചാൎയ്യൻ മന്ദസ്മിതത്തോടുകൂടി പറഞ്ഞു. വൃത്തം വസന്തതിലകം.

൯൮. ദൃപ്യന=ഗൎവ്വിതനായ. വിപ്രഃ ഇതി=ബ്രാഹ്മണനെന്നു്. യൽ എന്നതു യാതൊന്നു്. ഭവതാ=അങ്ങയാൽ. സമക്ഷം=മുമ്പിൽ. പൃത്ഥ്വീഭുജാം=രാജാക്കന്മാരുടെ. അവമതഃ=അവമാനിക്കപ്പെട്ടു. പ്രസഭം=ബലാൽക്കാരേണ. പുരാ=പണ്ടു്. അഹം=ഞാൻ. തസ്യ=അതിന്റെ. അദ്യ=ഇന്നു. കാരിതം=ചെയ്യിക്കപ്പെട്ടു. മമ ശിഷ്യസംഘൈഃ=എന്റെ ശിഷ്യഗണങ്ങളാൽ. യുക്തം ഫലം=യുക്തമായ ഫലം. തൽ=അതിനാൽ. അഭിഗച്ശ=പോയാലും. നിജം നികേതം=തന്റെ ഗൃഹത്തിലേക്കു്. പണ്ടു് രാജസഭയിൽവച്ചു് ദൃപ്യനായ അങ്ങു് വെറും ഒരു വിപ്രൻ എന്ന നിലക്കു് എന്നെ അപമാനിച്ചതിന്നു ചേൎന്നതായ ഫലം ഇപ്പോൾ എന്റെ ശിഷ്യന്മാർ പ്രവൎത്തിച്ചു. ഇനി ഗൃഹത്തിലേക്കു പോയ്ക്കൊൾക. വൃത്തം വസന്തതിലകം.

൯൯. ഉക്ത്വാ=പറഞ്ഞിട്ടു. കുംഭയോനൌ=ദ്രോണൻ, സപദി=വേഗത്തിൽ. കുരു.........രായ=കുരുരാജഗൃഹത്തിന്റെ അകത്തേക്കു. പ്രയാതേ (സതി)=പോയ സമയത്തു്. മൈത്രം..........മനാഃ=വൎദ്ധിക്കുന്ന ലജ്ജയുടേയും ഖേദത്തിന്റെയും ഉദയംകൊണ്ടു വിവശമായ മനസ്സോടുകൂടിയ. യജ്ഞസേനഃ=യജ്ഞസേനൻ (പാ

ഞ്ചാലരാജാവ്). പുത്രം=പുത്രനെ. ദ്രോണദ്രുഹം=ദ്രോണനെ ദ്രോഹിക്കുന്ന (പുത്രവിശേഷണം) കഞ്ചന=ഒരു. വിജയ.........യോഗ്യാം=അൎജ്ജുനന്റെ ഭാൎയ്യാത്വത്തിന്നൎഹയായ. ച കന്യാം=കന്യകയേയും. ലബ്ധും=ലഭിപ്പാൻ. ചക്രേ=ചെയ്തു. പ്രയത്നം=പ്രയത്നത്തെ. വിരചിതവസതിഃ=വാസം ചെയ്യുവനായിട്ട്. ജാഹ്നവീതീരഭൂമൌ=ഗംഗാതീരത്തിൽ. ഇങ്ങനെ പറഞ്ഞു ദ്രോണൻ അകത്തേക്കു പോയി. അപ്പോൾ പാഞ്ചാലരാജാവ് ലജ്ജയും ഖേദവും സഹിക്കാതെ, ദ്രോണനെ കൊൽവാൻ തക്ക ഒരു മകനും വിജയന്നു പത്നിയാവാൻ തക്ക ഒരു മകളുമുണ്ടാവുന്നതിന്നുവേണ്ടി ഗംഗാതീരത്തിൽ തപസ്സു തുടങ്ങി. വൃത്തം സ്രഗ്ദ്ധര.

൩൭. സനിൎബ്ബന്ധഗിരാ=നിൎബ്ബന്ധത്തോടുകൂടിയ വാക്കിനാൽ. ദുരാത്മനഃ=ദുഷ്ടനായ. സുതസ്യ=പുത്രന്റെ. വാത്സല്യ............മാനസഃ=വാത്സല്യത്താൽ മോഹിച്ച മനസ്സോടുകൂടിയ. സ്ഥിതിം=വാസത്തെ. ന്യയൌക്ഷീൽ=നിയോഗിച്ചു. കുരുഭൂപതിഃ=ധൃതരാഷ്ട്രൻ. പൃഥാസുതാനാം=കുന്തീപുത്രന്മാൎക്ക്. പുരി വാരണാവതേ=വാരണാവതമെന്ന പുരിയിൽ. പിന്നെ ദുഷ്ടനായ പുത്രന്റെ നിൎബ്ബന്ധപൂൎവ്വമുള്ള വചനത്താൽ വാത്സല്യംകൊണ്ടു മനസ്സു ഭ്രമിച്ചുവശായ ധൃതരാഷ്ട്രൻ വാരണാവതമെന്ന പുരിയിൽ കുന്തീപുത്രന്മാൎക്ക് താമസം കല്പിച്ചു. ജ. ത. ജ. ര. ഗണങ്ങൾ വരികയാൽ വൃത്തം വംശസ്ഥം. "ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും" എന്നു ലക്ഷണം.

൩൮. അഭികല്പ്യ=നിൎമ്മിപ്പിച്ചിട്ട്. തത്ര=അവിടെ. ശില്പിസംഘൈഃ=ശില്പിസമൂഹങ്ങളെക്കൊണ്ട്. അഹികേതുഃ=ദുൎയ്യോധനൻ. ജതുമന്ദിരം=അരക്കില്ലത്തെ. നിഭൃതം=ഗൂഢമാകുംവണ്ണം. നിധനായ=വധത്തിനായിക്കൊണ്ടു. പാണ്ഡവാനാം=പാണ്ഡവന്മാരുടെ. നിയുയോജ=നിയോഗിച്ചു. അനുചരം=ഭൃത്യനെ. പുരോചനാഖ്യം=പുരോചനനെന്നു പേരായ. ആ വാരണാവതത്തിൽ ദുൎയ്യോധനൻ ആശാരിമാരെക്കൊണ്ട് അരക്കില്ലം പണിയിച്ച് അതിൽവച്ചു പാണ്ഡവന്മാരെ ഗൂഢമായിക്കൊല്ലുവാൻ പുരോചനൻ എന്ന ഭൃത്യനെ നിയോഗിച്ചു. വിഷമപാദങ്ങളിൽ സ. സ. ജ. ഗണങ്ങളും രണ്ടു ഗുരുക്കളും, സ

മപാദങ്ങളിൽ സ. ഭ ര. യ. ഗണങ്ങളും വരികയാൽ വൃത്തം വസന്ത മാലിക. "വിഷമേ സസജംഗഗം, സമത്തിൽ സഭരേഫം യ വസന്ത മാലികക്കു" എന്നു ലക്ഷണം.

ശ്ലോ ൮. തദനു=പിന്നെ. അലങ്കാരഭൂതഃ=അലങ്കാരമായ് ഭവിച്ചു. മനോനന്ദനേ=മനസ്സിനെ സന്തോഷിപ്പിക്കുന്ന. ജാതുഷേ= അരക്കുകൊണ്ടുണ്ടാക്കിയ. മന്ദിരേ=ഗൃഹത്തിൽ. ദുര്യോ.........കരേ ണ=ദുര്യോധനന്റെ ഭൃത്യനായ. അമുനാ=ഇവനാൽ (പുരോചന നാൽ). ഗൂഢവേഷേണ=വേഷംമാറിയ (അമുനാ എന്നതിന്റെ വി ശേഷണം). സംഭാവിതാഃ=ബഹുമാനിക്കപ്പെട്ടവരായിട്ടു്. മേവും വിധൌ=വസിക്കുമ്പോൾ. പക്ഷപാതം=സ്നേഹാധിക്യം. തകും=ഉ ള്ള. ക്ഷത്തുഃ=ക്ഷത്താവിന്റെ (വിദുരന്റെ). ആദേശതഃ=നിർദ്ദേശ ത്താൽ. കശ്ചിൽ=ഒരുവൻ. നിശായാം=രാത്രിയിൽ. ഗൃഹോദ്ദാഹം= ഗൃഹത്തിന്റെ ദഹനത്തെ. ആവേദ്യ=അറിയിച്ചിട്ടു്. തസ്മിൻ=അ വൻ. ഖനിത്രേണ=കൈക്കോട്ടുകൊണ്ടു്. ഗൂഢം=ഗൂഢമായ. വില ദ്വാരം=ഗുഹാമാൎഗ്ഗത്തെ. ആധായ=നിൎമ്മിച്ചു്. നഭസ്വത്തനൂജഃ=വാ യുപുത്രൻ. സ്വയം=തന്നെത്താൻ. കിങ്കരം തം=ആ ഭൃത്യനെ. നിഹ ത്യ=കൊന്നു്. ആലയം ജാതുഷം=അരക്കില്ലത്തെ. തന്മാതരം=ത ന്റെ അമ്മയെ. സോദരാൻ ച=സോദരന്മാരെയും. പ്രമോദേന=സ ന്തോഷത്തോടെ. ധൃത്വാ=എടുത്തു്. ദരീവൎത്മനാ തേന=ആ ഗുഹാ മാൎഗ്ഗത്തൂടെ. രാത്രൌ=രാത്രിയിൽ. അനല്പാനുഭാവം=വലിയ തേ ജോവിശേഷത്തോടുകൂടി (ക്രി. വി). ബഹി.........രുഹഃ=പുറത്തുള്ള വയും വലിയ സംഘട്ടനത്താൽ ചൂൎണ്ണീകരിക്കപ്പെട്ടവയുമായ സമീപ വൃക്ഷങ്ങളോടുകൂടിയവനായിട്ടു്. ജാഹ.....ഭൂമൌ=ഗംഗാതീരസമീ പ്രദേശത്തിൽ. മഹാകാനനേ=വൻകാട്ടിൽ. സൎവ്വാൻ=എല്ലാവരേയും. ഗതി.........കുലാൻ=ഗതിയിലുള്ള അതിവേഗത്താൽ വിവശന്മാരാ യ. ഗാഢനിദ്രാലസാൻ=ഗാഢ നിദ്രയാൽ ക്ലാന്തന്മാരായ. ആത്തധൈ ൎയ്യം=അവലംബിക്കപ്പെട്ട ധൈൎയ്യത്തോടുകൂടി (ക്രി. വി). വസികുംവി ധൌ=വസിക്കുമ്പോൾ. കാപി=ഒരു. യോഷാ=സ്ത്രീ. വിഭൂഷാ......... ലാംഗീ=ആഭരണങ്ങളെക്കൊണ്ടു് അഭിരാമങ്ങളും ഉജ്വലങ്ങളുമായ അംഗങ്ങളോടുകൂടിയ. തം=ആ ഭീമനെ. അഭ്യേത്യ=പ്രാപിച്ചു്. ദന്ത

...........കരാ=ദന്തപ്രഭാകൊണ്ടു് അകലത്തു നീക്കപ്പെട്ട ഇരുൾനിരയോടുകൂടിയവളായിട്ടു. മന്ദമന്ദം=പതുക്കെപ്പതുക്കെ· കന്ദർപ്പരമ്യാകൃതേ=കാമസുന്ദരാകാര! അസ്മിൻ=ഈ. മഹാരണ്യഗർഭേ=വൻകാട്ടിനുള്ളിൽ. ഹിഡിംബാമഹായഃ=ഹിഡിംബനെന്നു പേരുള്ള. രക്ഷസാം=രാക്ഷസന്മാരുടെ. ചക്രവർത്തി=സാർവ്വഭൌമൻ. അസ്യാനുജാഹം=അവന്റെ സോദരിയാണു ഞാൻ· നൃണാം മാംസലുബ്ധേന=മനുഷ്യരുടെ മാംസത്തിൽ കൊതിയുള്ള· തേന=അവനാൽ. യുഷ്മദ്വധായ=നിങ്ങളെ കൊല്ലുവാൻ. പ്രേരിതാ=അയയ്ക്കപ്പെട്ടു. കാമോപമാനം ഭവന്തം=കാമതുല്യനായ അങ്ങയെ. ബലാൽ=പെട്ടന്നു്. ഈദൃശം=ഈവിധമുള്ള. കന്ദർപ്പപീഡാതുരാ=കാമപീഡയാൽ വിവശയായിട്ടു്. കോപനോസൌ=കോപശാലിയായ അവൻ. ജവാൽ=വേഗത്തിൽ. ആപതിഷ്യതി=വന്നുചാടും. വിളംബേന മേ=എന്റെ വിളംബത്താൽ. ഗൃഹീതാ=പിടിച്ചിട്ടു. യഥേഷ്ടാനുഭൂത്യൈ=ഇഷ്ടംപോലെ അനുഭവിക്കുന്നതിന്നു്. നഭഃ=ആകാശത്തെ. ഗന്തും=ഗമിപ്പാൻ. ഇച്ഛാമി=ഇച്ഛിക്കുന്നു. അട്ട..................ന്തരഃ=അട്ടഹാസക്കൂട്ടംകൊണ്ടു ദിഗന്തരങ്ങളെ നിറച്ചു. ഘോരസാലം=പെരുമരത്തെ. ഉദ്ധൃതം ഭ്രാമയൻ=ഉയർത്തി ചുഴററിക്കൊണ്ടു്. ഭീമകർമ്മാ=ഭയങ്കരകർമ്മത്തോടുകൂടിയ. ഭീമസേനോപി=ഭീമസേനനും. പാർശ്വസ്ഥിതം=പാർശ്വത്തിൽ നില്ക്കുന്ന. കഞ്ചിൽ=ഒരു ആദായ=എടുത്തു്. സാലം മരത്തെ. നിശാചാരിണഃ=രാക്ഷസന്റെ. മസ്തകെ=തലയിൽ. താഡയിത്വാ=അടിച്ചിട്ടു്. പരേതേശനാട്ടിന്നു്=യമന്റെ നാട്ടിലേക്കു്· ഏതദീയാനുജാം=ഇവന്റെ സോദരിയെ. ധർമ്മ.................ജ്ഞയാ=ധർമ്മപുത്രന്റെ ആജ്ഞയാൽ. ഉപഭുജ്യ=അനുഭവിച്ചിട്ടു്. തസ്യാം=അവളിൽ. ഘടോൽക്കചം പുത്രം=ഘട എന്നു് ആദിയിലുള്ള ഉൽക്കചനാകുന്ന (ഘടോൽക്കചനെന്ന) പുത്രനെ. ഉൽപാദ്യ=ജനിപ്പിച്ചിട്ടു്. പൌര..........മാണേ (സതി)=കിഴക്കെ ദിക്കാകുന്ന സ്ത്രീയുടെ രത്നകുണ്ഡലചക്രംപോലെയായി ഭവിക്കുന്ന സമയത്തിൽ. ദിവാനാഥബിംബേ=സൂര്യബിംബം. ദിവൌ...........തീരം=ഗംഗാനദീതീരത്തെ. ആസേദിവാൻ=പ്രാപിച്ചു. പിന്നെ പാണ്ഡവന്മാർ മനോഹരമായ അരക്കില്ലത്തിൽ പ്രവേശിച്ചു, ദുര്യോധനകിങ്കരനും വേഷച്ഛന്നനുമായ പുരോചനനാൽ മാനിക്കപ്പെട്ടു വസിച്ചുവരവേ,

അവരിൽ സ്നേഹമുള്ള വിദുരന്റെ ഉപദേശത്താൽ ഒരു പുരുഷൻ വന്നു രാത്രിയിൽ ആ ഭവനം തീവെന്തു പോകുമെന്നറിയിച്ചു, അതിൽ ഒരു ഗൂഢമാർഗ്ഗം നിർമ്മിച്ചു അവിടെനിന്നു പോയി. പിന്നെ ഭീമൻ പുരോചനനെക്കൊന്നു അരക്കില്ലം ചുട്ടുപൊട്ടിച്ചു അമ്മയെയും സോദരന്മാരേയും എടുത്തുകൊണ്ടു ബിലമാർഗ്ഗേണ രാത്രിയിൽ ഗൂഢമായി പോയി. പുറത്തുള്ള സമീപവൃക്ഷങ്ങൾ ഭീമന്റെ സംഘട്ടനത്താൽ പൊടിപെടുത്തപ്പെട്ടു. അദ്ദേഹം ഗംഗാതീരത്തിലുള്ള വൻകാട്ടിൽ ചെന്നു ഗതിവേഗത്താൽ ക്ഷീണിച്ചു ഗാഢമായുറങ്ങുന്ന മാതാവു മുതലായവരെ കാത്തുംകൊണ്ടിരിപ്പായി. തദവസരത്തിൽ ആഭരണങ്ങളെക്കൊണ്ടു മനോഹരാംഗിയായ ഒരു സ്ത്രീ അടുക്കൽ വന്നു ദന്തകാന്തികൊണ്ടു കൂരിരുട്ടിനെ അകററി ഇങ്ങനെ പറഞ്ഞു:—"ഹേ കാമസുന്ദര! ഈ വൻകാട്ടിൽ ഹിഡിംബനെന്ന ഒരു രാക്ഷസചക്രവത്തിയുണ്ടു്. അവന്റെ സോദരിയാണു് ഞാൻ. മാംസക്കൊതിയനായ അവനാൽ നിങ്ങളെ വധിപ്പാൻ അയയ്ക്കപ്പെട്ട ഞാൻ കാമപീഡിതയായിട്ടു് ഈ വേഷം പൂണ്ടു് ഇവിടെ വന്നതാണു്. ഞാൻ താമസിച്ചാൽ ചെട്ടന്നവൻ എത്തിച്ചാടും. അതിനാൽ അങ്ങയെ പിടിച്ചു യഥേഷ്ടം അനുഭവിപ്പാൻ ഞാൻ ആകാശത്തേക്കുയരട്ടെ." ഇങ്ങനെ പറയുമ്പോഴയ്ക്കും ഹിഡിംബൻ അട്ടഹാസങ്ങളെക്കൊണ്ടു ദിക്കുകൾ മുഴക്കി കയ്യിൽ ഒരു പെരുമരവുമേന്തി ഭീമനോടേററു. ഭീമൻ ഒരു മരം പറിച്ചു് അവന്റെ തലയ്ക്കടിച്ചു് അവനെ കാലന്നുക്കയച്ചു. പിന്നെ യുധിഷ്ഠിരനിദേശത്താൽ ഭീമൻ ഹിഡിംബിയെ പരിഗ്രഹിച്ചു്, അവളിൽ ഘടോൽക്കചനെന്ന പുത്രനെ ജനിപ്പിച്ചു. ഇതെല്ലാം കഴിഞ്ഞിട്ടു കിഴക്കു സൂര്യ്യബിംബം ഉദിച്ചു പൊങ്ങിയപ്പോഴയ്ക്കും ഭീമൻ ഗംഗാതീരത്തിൽ ചെന്നുചേന്നു.

ന്നൻ. ആത്താനന്ദം=ആനന്ദത്തോടെ. ത്രിദശവരധുനീം=ഗംഗാനദിയെ. നാവി..........നാവാ=നാവികൻ കൊണ്ടുവന്ന തോണിയിലൂടെ. പാത്ഥാഃ=കന്തീപുത്രന്മാർ. പ്രാപ്യ=പ്രാപിച്ചിട്ടു്. ഏകചക്രാം=ഏകചക്രയെന്ന പുരിയെ. ക്ഷിതി..........രാളാം=ബ്രാഹ്മണശ്രേഷ്ഠന്മാരുടെ ചക്രം (സമൂഹം) കൊണ്ടു മനോഹരമായ അന്തർഭാഗത്തോടുകൂടിയ (ഏകചക്രാവിശേഷണം). ആസ്ഥായ=എടു

ത്തിട്ട്. ബ്രഹ്മവേഷം=ബ്രാഹ്മണവേഷത്തെ. അവനിദേവസ്യ=ബ്രാഹ്മണന്റെ. കസ്യാപി=ഒരു. ഗേഹേ=ഗൃഹത്തിൽ. മാത്രാ സാകം=അമ്മയോടുകൂടി. വ്യധുഃ=ചെയ്തു. ഉദധി..........ശയാഃ=സമുദ്രംപോലെ അഗാധഹൃദയന്മാരായ. നിവാസം=വാസത്തെ. കുന്തീപുത്രന്മാർ ഗംഗാനദി കടന്നു ബ്രാഹ്മണവൃന്ദങ്ങൾ വസിക്കുന്ന ഏകചക്രാപുരിയിൽ ചെന്നു ബ്രാഹ്മണവേഷം ധരിച്ച് ഒരു ബ്രാഹ്മണന്റെ ഗൃഹത്തിൽ അമ്മയോടുകൂടി സുഖമായി വസിച്ചു. വൃത്തം സ്രഗ്ദ്ധര.

൧൦. ബാഷ്പാംബു=കണ്ണുനീർ. ഭർത്തുഃ=ഭർത്താവിന്റെ. അങ്കേ=മടിയിൽ. നിഷണ്ണം=ഇരുന്ന (ബാലവിശേഷണം). ഖേദേന=ഖേദത്തോടെ. ആലിംഗ്യ=പുണൎന്ന്. ബാലം=ബാലനെ. മുഹുരപി=വീണ്ടും വീണ്ടും. രുദതീം=രോദനം ചെയ്യുന്ന. വിപ്രഭാൎയ്യാം=വിപ്രന്റെ പത്നിയെ. വിഷണ്ണാം=ദുഃഖിതയായ. ആസാദ്യ=പ്രാപിച്ചിട്ട്. അന്തഃ............വിഹ്വലാ=ഉള്ളിലുദിക്കുന്ന വ്യസനംകൊണ്ടു ഘനമായ കൃപയാൽ പരവശയായിട്ട്. ശോകഹേതും=ദുഃഖകാരണത്തെ. പരിമൃദുവചസാ=അതിമൃദുവായ വചനംകൊണ്ട്. ആശ്വാസയന്തീ=ആശ്വസിപ്പിക്കുന്നവളായിട്ട്. ബാഷ്പം വാൎത്തു വിലപിക്കുന്ന ഭർത്താവിന്റെ മടിയിലിരിക്കുന്ന മകനെ പുണൎന്നു മുറവിളിക്കുന്ന വിപ്രപത്നിയെക്കണ്ടു കുന്തീദേവി അടുത്തു ചെന്നു വ്യസനത്താൽ ഘനമായ ദയയോടുകൂടി ആശ്വസിപ്പിച്ചുംകൊണ്ടു ദുഃഖകാരണമെന്തെന്നു ചോദിച്ചു. വൃത്തം സ്രഗ്ദ്ധര.

൧൧. വിപ്രാംഗനാ=ബ്രാഹ്മണസ്ത്രീ. അധികശുചാ=അതിശോകത്താൽ. ഗൽഗദം=ഇടച്ചുയോടുകൂടുംവണ്ണം. മദ്ഗതം=എനിക്കുള്ള. ധന്യേ=ഭാഗ്യവതി! ഭാഗ്യോപരോധം=ഭാഗ്യവിപൎയ്യയം. വക്ഷ്യേ=പറയാം. അധുനാ=ഇപ്പോൾ. നാതിദൂരേ=അധികം ദൂരത്തല്ലാത്ത. അത്ര=ഇവിടെ. ഘോരാരണ്യേ=ഘോരവനത്തിൽ. കശ്ചിൽ=ഒരു. ബകാഖ്യഃ=ബകനെന്നു പേരുള്ള. നിവസതി=വസിക്കുന്നു. പുരുഷാദാധിരാജഃ=രാക്ഷസരാജൻ. ദുരാത്മാ=ദുഷ്ടനായ. ബ്രാഹ്മണസ്ത്രീ ദുഃഖാതിരേകത്താൽ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു—ഹേ ഭാഗ്യവതി, എന്റെ ഭാഗ്യക്ഷയം കേട്ടാലും. ഇതു പലരുടേയും മുമ്പിൽ പാടീട്ടു പ്രയോജനമില്ലെങ്കിലും, ഭവതിയോടു കുറഞ്ഞൊന്നു

പറയാം. ഇവിടെ അധികം അകലത്തല്ലാത്തുള്ള വൻകാട്ടിൽ അതിദുഷ്ടനായ ബകനെന്ന രാക്ഷസരാജൻ വസിക്കുന്നുണ്ട്. വൃത്തം സ്രഗ്ദ്ധര.

൧൨. മർത്ത്യമാംസേ=മനുഷ്യമാംസത്തിൽ. ഏഷഃ=ഇവൻ. സുഭീമാകൃതി=ഭയങ്കരാകാരനായ. കഴിവുകെട്ടക്കാംദശായാം=ഇരിക്കപ്പൊറുതിയില്ലാതാകുന്ന സമയത്ത്. അശങ്കം=ശങ്കകൂടാതെ (ക്രി. വി). ഖിന്നൈഃ=ഖേദിച്ച. അത്രത്യലോകൈഃ=ഇവിടെയുള്ള ജനങ്ങളാൽ. അന്നസ്തോമത്തൊടു=അന്നസമൂഹത്തോടുകൂടി. പുരുഷബലിഃ=നരബലി. സമം=ഒരുമിച്ച്. കല്പിതഃ=കല്പിക്കപ്പെട്ടു. തൃപ്തിഹേതോഃ=തൃപ്തിക്കുവേണ്ടി. ബകൻ മനുഷ്യമാംസക്കൊതി പെരുകി ആളുകളെ കൊന്നു തിന്നു പൊറുതിമുട്ടിച്ചു തുടങ്ങിയപ്പോൾ ഇവിടത്തുകാരായ ആളുകൾ ഒത്തുചേൎന്ന് അവന്റെ തൃപ്തിക്കുവേണ്ടി ഓരോ ദിവസം ചോറോടുകൂടി ഓരോ മനുഷ്യനെ ബലി കൊടുക്കാമെന്നു നിശ്ചയിച്ചു. വൃത്തം സ്രഗ്ദ്ധര.

൧൩. പുത്ര ഏഷഃ=ഈ പുത്രൻ. കുലതന്തുഃ=കുലപ്രതിഷ്ഠയാണ്. അസ്യ=ഇവന്നു. ചേൽ=എങ്കിൽ. ഭർത്തുഃ=ഭർത്താവിന്ന്. ആപൽ=ആപത്ത്. അനയാ=അതിനാൽ (ഭർത്താവിന്റെ ആപത്തിനാൽ.) അപ്യഹം=ഞാനും. ഗതാ=മൃതയാകും. ഭാഗധേയവിരഹേണ=ഭാഗ്യമില്ലായ്മകാരണം. നഃ=ഞങ്ങൾക്ക്. ക്രമാൽ=ക്രമത്താലെ. ഭാഗ... ....വസഃ=ഭാഗം നൽകേണ്ട ദിവസം. അയമാഗതഃ=ഇതാ വന്നു. ഈ പുത്രൻ ഞങ്ങളുടെ കുലം നിലനിൎത്തേണ്ടവനാണ്. ഇവന്നു നാശം വന്നാൽ ഭർത്താവിന്നു നാശം വരും. ഭർത്തൃനാശം വന്നാൽ ഞാനും നശിക്കും. ഞങ്ങളുടെ ഭാഗ്യക്ഷയത്താൽ ഊഴപ്രകാരം ഭാഗം (ബലി) നൽകേണ്ടുന്ന ദിവസം ഇതാ വന്നുചേൎന്നു. വൃത്തം രഥോദ്ധത.

൧൪. പ്രത്യൂചേ=മറുവടി പറഞ്ഞു. യാദവീ=കുന്തീദേവി. ഭൂ........ഗൃഹിണീം=വിപ്രപത്നിയോടു. സാധ്വി=ഹേപതിവ്രതേ! മാമാകൃഥാസ്ത്വം=നീ ചെയ്യരുത്. ചിത്തേ=മനസ്സിൽ. ഖേദം=ദുഃഖത്തെ. മമ=എനിക്ക്. ഏതേ=ഇവർ. ഗുണവതി=ഹേ ഗുണശാലിനി! തനയാഃ=പുത്രന്മാർ. പഞ്ച=അഞ്ചു പേർ. സന്തി=ഉണ്ട്. പ്രവീ

രാഃ=അതിവീരന്മാരായ. ദത്വാ=തന്നിട്ട്. ഭീമാഖ്യം=ഭീമനെന്ന പേരായ. ഏകം=ഒരുവനെ. ദുരഭിഭവബലം=അതിക്രമിപ്പാൻ വയ്യാത്ത ബലത്തോടുകൂടിയ. ഘാതയിത്വാ=കൊല്ലിച്ച്. തം=ആ ബകനെ. ഉച്ചൈഃ=ഏററവും. അദ്യ=ഇന്ന്. ഏനാം=ഈ. സംവിധാസ്യേ=ഞാൻ ചെയ്യുന്നുണ്ട്. ഗതമഹാകണ്ടകാം=നിഷ്കണ്ടകയാക്കി. ഏകചക്രാം=ഏകചക്രയെ. കുന്തീദേവി വിപ്രപത്നിയോടു പറഞ്ഞു:—"ഹേ സാധ്വി, ഭവതി വ്യസനിക്കേണ്ട. എനിക്ക് അതിവീരന്മാരായ അഞ്ചു മക്കളുണ്ട്. അവരിൽവച്ച് അതിവിക്രമിയായ ഭീമനെന്ന ഒരുവനെ തന്ന് ബകനെ കൊല്ലിച്ച് ഇന്നു ഞാൻ ഈ ഏകചക്രയെ ഉപദ്രവരഹിതമാക്കിച്ചെയ്യുന്നുണ്ട്." വൃത്തം സ്രഗ്ദ്ധര.

൬൯. വിപ്രഗൃഹിണീസമ്പാദിതം=വിപ്രപത്നിയാൽ തെയ്യാറാക്കപ്പെട്ട. ഭോജനപ്രസ്താരം=ചോററിൻകണ്ടയെ. ശകടേ=വണ്ടിയിൽ. വികടേ=വലുതായ. നാനോ...........ഞ്ചിതം=പല കറികളോടും കൂടിയ (ഭോജനപ്രസ്താരവിശേഷണം). സുസ്നാതഃ=നല്ലവണ്ണം കുളിച്ചവനായി. വിമലാംബരഃ=ശുഭ്രവസ്ത്രത്തോടുകൂടിയവനായിട്ട്. ജന...........നാജ്ഞാം=മാതൃശാസനത്തെ. വഹൻ=വഹിക്കുന്നവനായി. മൌലിനാ=ശിരസ്സുകൊണ്ട്. ദൃപ്തഃ=ഗർവ്വിതനായ. മാരുതി=ഭീമൻ. വീര്യവാരിധി=വീര്യസമുദ്രമായ. ബകാരണ്യം പ്രതസ്ഥേ=ബകവനത്തിലേക്കു പുറപ്പെട്ടു. ഇതു കേട്ടു സന്തോഷിച്ച വിപ്രപത്നിയാൽ തെയ്യാറാക്കപ്പെട്ടതും പല കറികളോടുകൂടിയതുമായ ചോററിൻകണ്ട വലിയ വണ്ടിയിൽ കയററി ഭീമസേനൻ കുളിച്ചു ശുഭ്രവസ്ത്രം ധരിച്ച് മാതൃശാസനം ശിരസാ വഹിച്ചുംകൊണ്ടു ബകൻ വസിക്കുന്ന കാട്ടിലേക്കു പുറപ്പെട്ടു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൭൦. കങ്ക...........കളൈഃ=കഴുക്കളുടേയും കുറുനരികളുടേയും കൂട്ടങ്ങൾകൊണ്ടു നിറഞ്ഞ. ആചിതം=വ്യാപ്തമായ. നര...........ശിഭിഃ=മനുഷ്യരുടെ തലയോടുകളുടെ കൂട്ടങ്ങളാൽ. ഝില്ലി...........സാലം=ചീവീടുകളെക്കൊണ്ടു ശബ്ദായമാനങ്ങളായ മരങ്ങളോടുകൂടിയ. ആസദൽ=പ്രാപിച്ചു. പൂതിഗന്ധി=ദുർഗ്ഗന്ധത്തോടുകൂടിയ. പുരുഷാദകാനനം=രാക്ഷസവനത്തെ. കഴുക്കളും കുറുനരികളും കടിപിടികൂട്ടുന്ന നരകപാലങ്ങളാൽ നിറഞ്ഞതും ചീവീടുകളുടെ

ഛിലസ്സൽകൊണ്ടു ശബ്ദം പുറപ്പെടുന്നതും ദുൎഗ്ഗന്ധം വമിക്കുന്നതുമായ ആ ബകാരണ്യത്തിൽ ഭീമസേനൻ ചെന്നുചേൎന്നു. വൃത്തം രഥോദ്ധത.

൭. ഹത്വാ=കൊന്നിട്ടു്. ആമിഷാശമമും=ഈ രാക്ഷസനെ. ശവസ്പൃശഃ=ശവം തൊടുന്ന. മേ=എനിക്കു. യുക്തം ന ഭോക്തും=ഭുജിപ്പാൻ യുക്തമല്ല. അശുചേഃ=അശുദ്ധനായ. ഇദം അന്നജാതം=ഈ അന്നസമൂഹത്തെ. ഇത്ഥം പ്രകല്പ്യ=ഇങ്ങനെ സങ്കല്പിച്ചു്. ബഹുശഃ=പല പ്രാവശ്യം. വിഹിതാട്ടഹാസഃ=അട്ടഹാസങ്ങളെ ചെയ്യുവനായി. ഭുക്തിം=ഭോജനത്തെ. ഹിഡിംബരിപുഃ=ഭീമൻ. ആഗളം=കഴുത്തോളം. ആതതാന=ചെയ്തു. ഈ രാക്ഷസനെ കൊന്നു ശവം തൊട്ടു് അശുദ്ധനായിട്ടു പിന്നെ ഉണ്ണുന്നതു യുക്തമല്ലെന്നു കരുതി അട്ടഹാസങ്ങൾ മുഴക്കിക്കൊണ്ടു കഴുത്തുമുട്ടെ ഭീമൻ ഊണു കഴിച്ചു. വൃത്തം വസന്തതിലകം.

൮. പ്രസഭസമുദിതം=ബലാൽ പുറപ്പെട്ട. ക്ഷുധാൎത്ത്യാ=വിശപ്പുകൊണ്ടുള്ള പീഡയാൽ. ക്രുദ്ധ്യൻ=ക്രോധിക്കുന്നവനായ. കാലാതിപാതാൽ അപി=കാലവിളംബത്താലും. ബക..........മണിഃ=ബകൻ എന്ന രാക്ഷസേന്ദ്രൻ. ഉഗ്രകൎമ്മാ=ഭയങ്കരകൎമ്മത്തോടുകൂടിയ. പ്രസ്ഥായ=പുറപ്പെട്ടു്. അരണ്യഗൎഭാൽ=വനമദ്ധ്യത്തിൽനിന്നു്. കരഭുവി=കയ്യിൽ. കലയൻ=വഹിച്ചുംകൊണ്ടു്. ഭീമസാലം=ഭയങ്കരമായ വൃക്ഷത്തെ. പ്രവൃദ്ധൈഃ=വൎദ്ധിച്ച. ഉദ്ദാമൈഃ=വലിയ. ഘോരാട്ടഹാസൈഃ=ഘോരങ്ങളായ അട്ടഹാസങ്ങളെക്കൊണ്ടു്. മുഖരിതഹരിൽ=ദിക്കുകളെ മുഴക്കിയവനായിട്ടു്. അഭ്യായയൌ=അഭ്യാഗമിച്ചു. വായുസൂനും=ഭീമനെ. അട്ടഹാസം കേട്ടപ്പോൾ, വിശപ്പുകൊണ്ടുള്ള പീഡയാലും സമയം വൈകിയതിനാലും കുപിതനായ ബകൻ, കാട്ടിൽനിന്നു പുറപ്പെട്ടു കയ്യിൽ പെരുമരവുമേന്തി അട്ടഹാസങ്ങൾ മുഴക്കിക്കൊണ്ടു് ഭീമന്റെ നേൎക്കുചെന്നു. വൃത്തം സ്രഗ്ദ്ധര.

൯. ബകവചനം. കസ്ത്വം=നീയാരു്? നരാധമ=നീചമനുഷ്യ! ഹതാശ=ആശയററവനേ! വിളംബ്യകാലം=കാലം താമസിച്ചു്. ദൎപ്പാൽ=ഗൎവ്വിനാൽ. ഇയന്തം=ഇത്ര (കാലവിശേഷണം). ഇമം ഓദനസഞ്ചയം=ഈ അന്നസമൂഹത്തെ. മേ=എന്റെ. നിശ്ശങ്കിതം=ശങ്കകൂടാതെ. (ക്രി. വി). ചരസി=ഭക്ഷിക്കുന്നു. തസ്യഫലം=

അതിൻെറ ഫലത്തെ. ദ്രഷ്ടാസി=നീ കാണും. രുഷ്ട...........മാനം= കുപിതനായ ബകാസുരനാൽ ചെയ്യപ്പെടുന്ന. നീയാരാണ്? ഇത്ര നേരം വൈകി ഇവിടെ വന്ന്, എൻെറ ഈ ചോറു മുഴുവൻ ശങ്ക കൂടാതെ തിന്നുന്നതിൻെറ ഫലം കുപിതനായ ബകൻ ഉടനെ ചെയ്യുന്നത് നീ കാണും. വൃത്തം വസന്തതിലകം.

൧൧൦. ഭോജനാന്തേ=ഊണിൻെറ അവസാനത്തിൽ. കുരുകുലതിലകൻ=കുരുവംശത്തിനു തിലകമായവൻ. രേ രേ=എടാ എടാ! ദുരാത്മൻ=ദുഷ്ട! പുത്രം വായോഃ=വായുവിൻെറ പുത്രനായി. ഹിഡിംബപ്രമഥനം=ഹിഡിംബാന്തകനായി. അയി മാം=എടോ എന്നെ. ക്ഷേത്രജം=ക്ഷേത്രജപുത്രനായിട്ട്. വിദ്ധി=അറിഞ്ഞാലും. പാണ്ഡോഃ=പാണ്ഡുവിൻെറ. ഭക്തം=അന്നം. മാം ഖാദയ=എന്നെ തിന്നാലും. ഭുക്ത...........ജാതം=അന്നം മുഴുവനും ഭക്ഷിച്ചവനായ. ഊണു കഴിഞ്ഞപ്പോൾ ഭീമസേനൻ മറുവടി പറഞ്ഞു. എടാ ദുഷ്ട! ഞാൻ ഹിഡിംബാന്തകനും പാണ്ഡുവിൻെറ ക്ഷേത്രജപുത്രനുമായ വായുനന്ദനനാണെന്ന് അറിഞ്ഞുകൊൾക. ചോറ് ഞാൻ ഉണ്ടൊടുക്കുന്നതു നിനക്കുപകാരമാണ്. ആ ദണ്ഡം നിനക്കു കുറയുമല്ലോ. ചോറു മുഴുവനും ഉണ്ടു തീൎന്ന എന്നെ നീ വേഗത്തിൽ തിന്നുകൊൾക. വൃത്തം സ്രഗ്ദ്ധര.

൧൧൧ ദുസ്തൎക്കമോ തൊട്ടതു=ദുൎവ്വാദമോ തുടങ്ങിയതു്. ന ഖലു വൃഥാ ഭക്ഷയേ=വെറുതെ ഞാൻ തിന്നുന്നില്ല. ബാലിശം ത്വാം=ബാലനായ നിന്നെ. സൎവ്വാനപി=എല്ലാവരെയും. ഏക.........ഘാൻ= ഏകചക്രയിലുള്ള ജനസമൂഹങ്ങളെ. ഉപചിതധൃതി=വൎദ്ധിച്ച ധൃതിയോടു് (സന്തോഷത്തോടു) കൂടുംവണ്ണം. നിൎവ്വാപയേ=കെടുത്തുന്നുണ്ടു്. ജഠരാഗ്നിം=വയററിലെ തീയിനെ. ബാലനായ നിന്നെ ഞാൻ തിന്നുന്നില്ല. ഇതിൻകീഴ് ആരും നമ്മോടു കാട്ടാത്ത ധിക്കാരം ചെയ്തിച്ച ഏകചക്രാവാസികളെയെല്ലാം കൊന്നു വശപ്പെടുക്കുന്നുണ്ടു്. സ്രഗ്ദ്ധരാവൃത്തം.

൧൧൨. ഭീമവചനം. ചണ്ഡാല=നീച! കുണപാശന=രാക്ഷസ! ദൃഷ്ടിമാൎഗ്ഗേ=കണ്ണിൻെറ വഴിയിൽ. കൃതസാഹസി=വലിയ സാഹസം ചെയ്യുന്ന. ജനതാനിധനായ=ജനസമൂഹത്തിൻെറ നിഗ്രഹ

ത്തിന്നായിക്കൊണ്ടു്. അരനിമേഷം=അര നിമിഷനേരം. എടാ ചണ്ഡാലനായ രാക്ഷസ, ഇന്നു കണ്ണിന്നു നേരെ കണ്ടെത്തിയ നിന്നെ നീ പണ്ടേ തുടങ്ങിയ ജനഹിംസ ചെയ്യാൻ ഭൂമിയിൽ മണ്ടിപ്പോകുന്നതിന്നു ഞാനയക്കയില്ല. വൃത്തം വസന്തതിലകം.

വൃന.. ബകവചനം. ധിക്കഷ്ടം=ഛീ കഷ്ടം. കാല...... ......രിമ=കാലശക്തിയുടെ വലുപ്പം. കൌണപാനാം=രാക്ഷസന്മാക്കു്. കല്പിതം=കല്പിക്കപ്പെട്ടതാണു്. സക.........ദനം=എല്ലാ ലോകത്തേയും തിന്നൽ. കുലദ്വേഷി=വംശവിരോധി. നൈരൃതാനാം=രാക്ഷസന്മാക്കു്. ഛീ കഷ്ടം, കാലശക്തിയുടെ ഒരു വലുപ്പം! ഇതോക്കുന്തോറും ചിരി വരും. രാക്ഷസന്മാക്കു ജനങ്ങളെ തിന്നുക എന്നതു പണ്ടേ കല്പിതമായ ജാതിധമ്മമാണു്. അതു ചെയ്യാൻ നിസ്സാരനായ ഈ മനുഷ്യപ്പുഴു അനുവാദം തന്നാലേ സാധിക്കയുള്ളുപോൽ! ഈ ചാപല്യം രാക്ഷസന്മാക്കു കുലവിരോധിയാണുപോൽ! വൃത്തം സ്രഗ്ദ്ധര.

വൃര്. ഭീമവചനം. പരിഹസനം=പരിഹാസം. തേ=നിന്റെ. ശ്വാസമല്പം=ജീവിതം കുറുകിയതാണു്. പരിഭവം=മുഷിച്ചിൽ. ഇമ്മ.............ഭാവം=ഈ മനുഷ്യപ്പുഴുവിന്റെ ശക്തി. ഈ പരിഹാസമെല്ലാം ചെയ്യു നിന്റെ അയുസ്സവസാനിക്കാറായി. എനിക്കിതിൽ പരിഭവമില്ല. ഈ മനുഷ്യപ്പുഴുവിന്റെ ശക്തിയെ ഹിഡിംബൻ മുമ്പു നല്ലവണ്ണം അറിഞ്ഞു. നീയും കാൽക്ഷണംകൊണ്ടറിയും. വൃത്തം മാലിനി.

വൃ൧. ബകവചനം. രേ പാപ=എടാ പാപി! ഹിഡിംബം=ഹിഡിംബനെ. ശൌയ്യ.........കടനം=ശൌയ്യപ്രവൃത്തിയുടെ ഉൽഘോഷണം. മമ=എന്റെ. വിധി=ഈശ്വരാജ്ഞ. പ്രേലാപം=ഭ്രാന്തു പറയൽ. അധുനൈവ=ഇപ്പോൾത്തന്നെ. എടാ മഹാപാപി, ഹിഡിംബനെ കൊന്നുവെന്നു ശൌയ്യം കൊട്ടിഘോഷിക്കുന്നതു് എന്റെ മുമ്പിൽനിന്നാണോ? നമുക്കു ചേര കടിച്ചു ചാവാനാണു പോൽ വിധി! ഈ ഭ്രാന്തു പറയുന്നതു് ഇപ്പോൾത്തന്നെ നിത്തിക്കളയുന്നുണ്ടു്. വൃത്തം വസന്തതിലകം.

൮൩. തരസാ=വേഗത്തിൽ. വരസാലഃ=വലിയ മരം. ഉച്ചൈഃ=ഉയരത്തിൽ. ഉദ്ധൃത്യ=ഓങ്ങിയിട്ട്. മാരുതിയൊട്=ഭീമനോട്. കയൎത്തു=കോപിച്ചു. സദ്യഃ=പെട്ടന്ന്. അഥ=പിന്നെ. കോപാവേഗാൽ=കോപാവേശത്താൽ. ഉദ്ധ.........ധാരീ=ഉയൎത്തിയ മരം ധരിക്കുന്നവനായിട്ട്. ഇങ്ങനെ പറഞ്ഞു ഉന്നതമായ ഒരു മരമോങ്ങിക്കൊണ്ട് ബകൻ ഭീമനോടേററു. ഭീമൻ ഒരു മരമോങ്ങിക്കൊണ്ടു ബകനോടും ഏററു. വൃത്തം വസന്തതിലകം.

൮൪. രുഷ്ടാത്മാ=കോപിച്ച മനസ്സോടുകൂടിയ. രാക്ഷസഃ=ബകൻ. മാരുതിശിരസി=ഭീമന്റെ തലയിൽ. മഹാസാലം=പെരുമരം. വഞ്ചയിത്വാ=വഞ്ചിച്ചിട്ട്. തം=അതിനെ (മരത്തെ). ഗതിവശാൽ=ഗതിഭേദത്താൽ. ധൃഷ്ടത്വം=ധാൎഷ്ട്യം. നിശി.........രസി=രാക്ഷസന്റെ തലയിൽ. പ്രൌഢസാലേന=വലിയ മരംകൊണ്ട്. നഷ്ടാശങ്കേന=ശങ്കയില്ലാത്ത. തേന=അവനാൽ (ബകനാൽ). പ്രതിഭയം=ഭയങ്കരമായ. സഞ്ചൂൎണ്ണിതം=പൊടിപെടുത്തപ്പെട്ടു. അശേഷം=മുഴുവൻ. ബകൻ കുപിതനായി തന്റെ കയ്യിലുള്ള മരം ഭീമന്റെ തലയ്ക്കെറിഞ്ഞു. ഭീമൻ അതു കൊള്ളാതെ മാറി ബകന്റെ തലയ്ക്കു വലിയ മരംകൊണ്ടടിച്ചു. ഭയങ്കരമായ ആ മരത്തെ ബകൻ പൊടിപെടുത്തിക്കളഞ്ഞു. വൃത്തം സ്രഗ്ദ്ധര.

ഗദ്യം ൭. പവന.........കലവികൾ=ഭീമനും ബകനും തമ്മിൽ ചെയ്യുന്ന വൻപോൎവിരുതുകൾ. മുക്താശങ്കം=ശങ്കകൂടാതെ (ക്രി. വി). ഉത്തു.........കളും=ഏററവും വലിയ കല്ലുകളും. ഉടൽപൊടിപെട=ഉടൽ പൊടിയാകുമാറ്. ഏകുന്നു=പ്രയോഗിക്കുന്നു. ഉപചിതരഭസം=വൎദ്ധിച്ച വേഗത്തോടുകൂടി (ക്രി. വി). മുഖ്യാഡംബരം=വലിയ ആഡംബരത്തോടെ, ഇടി.........തരം=ഇടിനാദംപോലെ അതിഗംഭീരമാകുംവണ്ണം (ക്രി. വി). താവും=വൎദ്ധിക്കുന്ന. ചടപടനിനദം=ചടപട എന്ന ശബ്ദം. വന്യം=വനത്തിലുള്ള. ജന്തുസ്തോമം=ജന്തുവൎഗ്ഗം. പരവശം=ദീനം (ക്രി. വി). ഘോരാരാവം=ഘോരശബ്ദം. പടുതരം=അതിഗംഭീരമായ. ആകാശേ=ആകാശത്തിൽ. ദിവ്യ

ന്മാർ=ദേവന്മാർ. പവനജവിജയം=ഭീമസേനന്റെ ജയം. നേരുന്നു= പ്രാർത്ഥിക്കുന്നു. സാരം സ്പഷ്ടം.

൮൮. പ്രക്ഷോഭം=വലിയ ക്ഷോഭം. പിണങ്ങി=പൊരുതു്. കൊട്ടന്നീ........ക്ഷൌ=ചെന്നീചിതരുന്ന കോപംകൊണ്ടു ചുവന്ന കണ്ണോടുകൂടിയ. ഉഗ്രാത്മാ=ഭയങ്കരാകാരനായ. അതിജനകജവഃ= ജനകനെ (വായുവിനെ) അതിക്രമിക്കുന്ന വേഗത്തോടുകൂടിയ. മരുതിഃ=ഭീമൻ. തൽഗളാന്തം=അവന്റെ കഴുത്തിനെ. കക്ഷേ=കക്ഷത്തു്. വിനിക്ഷിപ്തവൻ=വിശേഷേണ നിക്ഷേപണംചെയ്തു (അരച്ചു). മുഷ്ടി=ചുരുട്ടിയ കൈ. ഭീമനും ബകനും ചെന്നീചിതരുന്ന കോപത്താൽ ചെങ്ങിയ കണ്ണുകളോടുകൂടി പല അടവുകൾ പ്രയോഗിച്ചു പോർ ചെയ്യുമ്പോൾ ഭീമസേനൻ കാററിനെക്കാളധികം വേഗത്തോടെ മെയ്യിലൊതുങ്ങി ബകന്റെ കഴുത്തു കക്ഷത്തായി അമർത്തു് അവനെ മുഷ്ടികൊണ്ടടിച്ചുകൊന്നു. വൃത്തം സ്രഗ്ദ്ധര.

൮൯. ഹത്വാ=കൊന്നിട്ടു്. അമുഷ്യ=ആ ബകന്റെ ശവാംഗം=പിണം. അദ്ധ്വനി=വഴിയിൽ. ഉത്തു............വിടപേ=ഉയരമുള്ള മരത്തിന്റെ കൊമ്പത്തു്. വിനിധായ=തൂക്കിട്ടു്. മാനീ=മാനമുള്ള. സുസ്നാതഃ=കുളിച്ചു്. ഏഷഃ=ഈ ഭീമൻ. സമുപേത്യ=ചെന്നിട്ടു്. ഗൃഹം=ഗൃഹത്തിലേക്കു്. ദ്വിജാതേഃ=വിപ്രന്റെ. ഭക്ത്യാ=ഭക്തിയോടെ. യുധി............ങ്ങളിൽ=ധർമ്മപുത്രന്റെ കാലുകളിൽ. ആനതോഭൂൽ=നമസ്കരിച്ചു. ബകനെ കൊന്നതിന്നുശേഷം അവന്റെ ശവം പെരുവഴിയിൽ ഒരുവലിയ മരത്തിന്റെ കൊമ്പത്തു തൂക്കി കുളിച്ചു വിപ്രഗൃഹത്തിൽ വന്നു ഭീമൻ ധർമ്മപുത്രന്റെ കാലുകളിൽ നമസ്കരിച്ചു വൃത്തം വസന്തതിലകം.

൯൦. തൻബാഹുശക്ത്യാ=തന്റെ കയ്യൂക്കിനാൽ. ബകം=ബകനെ. അഖി............ണ്ടകം=സർവ്വലോകദ്രോഹിയായ. പവനസുതം=ഭീമനെ. മാനയൻ=മാനിച്ചുംകൊണ്ടു്. പൃത്ഥ്വീ..........ശേഷൈഃ=എല്ലാ ബ്രാഹ്മണരാലും. വിഹിതാനുഗ്രഹഃ=അനുഗ്രഹം ചെയ്യപ്പെട്ടവനായി. സാനുജഃ=അനുജസഹിതനായിട്ടു്. നിസ്സ്വാസാം=

ഭയമകന്നു. ഏകചക്രാം=ഏകചക്രയെ. ഉപചിതസുഖം=വൎദ്ധിച്ച സുഖത്തോടെ (ക്രി. വി). അദ്ധ്യാസ്ത=അധിവസിച്ചു. ധൎമ്മാത്മജന്മാഃ=ധൎമ്മപുത്രൻ. ഇങ്ങനെ ത്രൈലോക്യകണ്ടകനായ ബകനെ കൊന്നു കീൎത്തി നേടിയ ഭീമനെ മാനിച്ചും, സകല ബ്രാഹ്മണരുടേയും അനുഗ്രഹമേററും, അനുജന്മാരോടുകൂടി ധൎമ്മപുത്രൻ ഏകചക്രയിൽ സുഖമായി വസിച്ചു.

ഭാഷാപരിഷ്ക്കരണക്കമ്മ   വക

പുസ്തകങ്ങ .

1.	കിമ്മീരവധം ആട്ടക്കഥ (സവ്യാഖ്യാനം)	0	5	0
2.	ഉത്തരാസ്വയംവരം ആട്ടക്കഥ ,,	0	4	0
3.	ഭാഗവതം ഇരുപത്തിനാലുവൃത്തം ,,	0	10	0
4.	ഗൌരീചരിതം ഭാഷാചമ്പു ,,	0	8	0
5.	കാലകേയവധം തുള്ളൽ ,,	0	6	0
6.	തോരണയുദ്ധം പാന ,,	0	10	0
7.	രാമായണം 24 വൃത്തം (സവ്യാഖ്യാനം)	0	6	0
8.	വിഷവൈദ്യം പാട്ട്	0	2	0
9.	ജ്യോൽസ്നിക (വിഷവൈദ്യം)	0	8	0
10.	പാൎവ്വതീപരിണയം കിളിപ്പാട്ട്	0	8	0
11.	മനുഷ്യാലയചന്ദ്രിക തച്ചുശാസ്ത്രം (സവ്യാഖ്യാനം)	0	12	0
12.	രാവണോത്ഭവം ഭാഷാചമ്പു (സവ്യാഖ്യാനം)	0	8	0
13.	വിച്ഛിന്നാഭിഷേകം ഭാഷാചമ്പു ,,	0	8	0
14.	സുഗ്രീവസഖ്യം ഭാഷാചമ്പു ,,	0	8	0
15.	അംഗുലീയാങ്കം ഭാഷാചമ്പു ,,	0	8	0
16.	ഉദ്യാനപ്രവേശം ഭാഷാചമ്പു ,,	0	8	0
17.	മണിമേഖല (സുപ്രസിദ്ധമായ തമിഴ ഗ്രന്ഥത്തിന്റെ തൎജ്ജമ)	1	0	0
18.	ചിലപ്പതികാരം ,,	1	8	0
19.	ശ്രീരാമാശ്വമേധം കിളിപ്പാട്ട്	2	8	0
20.	സഹകരണപ്രസ്ഥാനം (കെ. എം.)	1	0	0
21.	സാഹിത്യദൎപ്പണം (ആദ്യത്തെ 5 പരിച്ഛേദം)	1	8	0
22.	സമസ്തകേരളസാഹിത്യപരിഷത്തിന്റെ ദ്വിതീയസമ്മേളനറിപ്പോർട്ട്	2	8	0
23.	ആൎയ്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം (ഡോക്ടർ എൽ. എ. രവിവൎമ്മ)	1	12	0

സിക്രട്ടറി, ഭാഷാപരിഷ്ക്കരണക്കമ്മിററി,

ചെമ്പൂക്കാവ്, തൃശ്ശിവപേരൂർ.